യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

നവംബർ 2025 വാല്യം 52 ലക്കം 8 പേജ് 12 വില ₹10.00

UNITY Monthly | November 2025 | Volume 52 Issue 8 | Chief Editor: JAISON JOSEPH | Page 12 | Price ₹10.00

"വർഗ്ഗങ്ങളെ ഉന്മൂലനം ചെയ്യാൻ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സാധ്യമായതെല്ലാം ചെയ്തിട്ടുണ്ട്. എന്നാൽ വർഗ്ഗങ്ങളെ ഒറ്റയടിക്ക് ഇല്ലാതാക്കാൻ കഴിയില്ല. തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റെ കാലഘട്ടത്തിൽ വർഗ്ഗങ്ങൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്, അവ നിലനിൽക്കുകയും ചെയ്യും. വർഗ്ഗങ്ങൾ അപ്രത്യക്ഷമാകുമ്പോൾ സർവ്വാധിപത്യത്തിന്റെ ആവശ്യമില്ലാതാകും. തൊഴിലാളിവർഗ്ഗസർവ്വാധിപത്യമില്ലാതെ അവ അപ്രത്യക്ഷമാകില്ല. തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിനു കീഴിൽ വർഗ്ഗസമരം അപ്രത്യക്ഷമാകുന്നില്ല; അത് വ്യത്യസ്ത രൂപങ്ങൾ സ്വീകരിക്കുന്നു."

ലെനിൻ തൊഴിലാളിവർഗ സ്വേച്ഛാധിപത്യത്തിന്റെ കാലഘട്ടത്തിലെ സാമ്പത്തികശാസ്ത്രവും രാഷ്ട്രീയവും

മാനവരാശിയുടെ മോചനത്തിന്റെ മാർഗ്ഗം കാട്ടിയ പ്രഥമ തൊഴിലാളിവർഗ്ഗ വിപ്ലവമായ മഹത്തായ റഷ്യൻ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ 108-ാം വാർഷികം സമുചിതം ആചരിക്കുക.

ചരിത്രനേട്ടം കൈവരിച്ച് ആശാസമരം പുതിയ ഘട്ടത്തിലേക്ക്

ഓണറേറിയം പ്രതിമാസം 1000 രൂപ വർദ്ധിപ്പിക്കുമെന്നു പ്രഖ്യാപിച്ചുകൊണ്ട് അവസാനം മുഖ്യമന്ത്രി പിണറായി വിജയന്, കഴിഞ്ഞ എട്ടര മാസമായി നടക്കുന്ന ആശാസമരത്തിനു മുഖം കൊടുക്കേണ്ടി വന്നിരിക്കുന്നു. ഒമ്പതര വർഷത്തെ 'ഇടതു' ഭരണത്തിൽ സമരങ്ങളൊടുങ്ങി, നിശ്ചലമായ മലിനജലംപോലെ കിടന്നിരുന്ന കേരളസമൂഹത്തെ ഇളക്കിമറിച്ച് ഏറ്റവും അശരണരായ സ്ത്രീത്തൊഴിലാളികളുടെ ഊർജ്ജപ്രവാഹം സൃഷ്ടിച്ച ആശാസമരം നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് ഉയർന്ന ഘട്ടത്തിലേക്കു കടക്കുകയാണ്.

സെക്രട്ടേറിയറ്റിന് മുന്നിലെ രാപകൽ സമരത്തെ പുതിയ ഉയർന്ന സമരരൂപമാക്കി പ്രഖ്യാപിച്ചുകൊണ്ട് ആശമാർ കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ നവംബർ 1ന് തിരുവനന്തപുരത്ത് നടത്തിയ സമര പ്രതിജ്ഞാ റാലി.

സമകാലീന സാഹചര്യത്തിൽ നിലവിലുള്ള ഏതൊരു വലതുപക്ഷ സർക്കാരിനെയും ലജ്ജിപ്പിക്കുന്ന വിധത്തിലാണ് ഇടതെന്നവകാശപ്പെടുന്ന പിണറായി സർക്കാർ ആശാസമരത്തെ കൈകാര്യം ചെയ്യാൻ ശ്രമിച്ചത്. സിഐടിയു നേതാക്കളുടെ അധിക്ഷേപങ്ങളും നുണപ്രചാരണങ്ങളും സൈബർ 'പണംപറ്റി'കളുടെ ആക്രമണങ്ങളും സാംസ്കാരിക 'പെറുക്കിത്തീനി'കളുടെ ന്യായീകരണങ്ങളും ഏശാതെ തിരിച്ചടിച്ചപ്പോൾ സമരത്തെ അവഗണിക്കുക എന്ന ഹീനതന്ത്രമാണ് സർക്കാർ പയറ്റിയത്. ജനാധിപത്യപരമായ സമരങ്ങളിലൂടെയാണ് ജനാഭിലാഷം പ്രകടിപ്പിക്കപ്പെടുകയെന്നിരിക്കെ, സമരത്തിന്റെ തുടക്കത്തിൽ നടന്ന വഴിപാടു ചർച്ചകൾക്കുശേഷം ഇനി ചർച്ചയില്ല എന്നു മുഖ്യമന്ത്രിതന്നെ പ്രഖ്യാപിച്ചു.

എന്നാൽ, നവംബർ 1ന് അതിദാരിദ്ര്യവിമുക്തകേരളം എന്ന പ്രഖ്യാപനത്തിന് എത്തുമെന്നറിയിച്ച പ്രമുഖ നടന്മാർക്ക് ആശമാരയച്ച തുറന്നകത്ത് ജനഹൃദയങ്ങളിൽ പതിച്ചതോടെ ആ ചടങ്ങിന്റെ പകി

(ശേഷം 6-ാം പേജിൽ)

ഐതിഹാസികമായ ആശാസമരത്തിന് അഭിവാദ്യങ്ങൾ

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ഒക്ടോബർ 31ന് പുറപ്പെടുവിച്ച പ്രസ്താവന

9 മാസത്തോളം പർവ്വതസമാനമായ പ്രതിബന്ധങ്ങളെ മറികടന്ന് ധീരമായ പോരാട്ടം നടത്തിയ കേരളത്തിലെ ആശാവർക്കർമാരെയും അവർക്ക് മാതൃകാപരമായ നേതൃത്വം നൽകിയ 'കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷനെ'യും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്യുന്നു. ഒരു രൂപപോലും വർദ്ധിപ്പിക്കില്ലെന്ന് പ്രഖ്യാപിച്ച സിപിഐ(എം) നേതൃത്വത്തിന്റെയും ഓണറേറിയം വർദ്ധന ഒരു കാരണവശാലും ആവശ്യപ്പെടില്ലെന്നു പ്രഖ്യാപിച്ച സിഐടിയു നേതൃത്വത്തിന്റെയും ധാർഷ്ട്യം ആശമാരുടെ നിശ്ചയദാർഢ്യത്തിനും അചഞ്ചലമായ തൊഴിലാളിവർഗ്ഗബോധത്തിനും മുന്നിൽ അടിയറവ് പറഞ്ഞിരിക്കുന്നു. ഓണറേറിയത്തിൽ ആയിരം രൂപയുടെ വർദ്ധന പിടിച്ചു വാങ്ങാൻ ആശാസമരത്തിനായി.

കേന്ദ്രഗവൺമെന്റ് ഇൻസെന്റീവും വിരമിക്കൽ ആനുകൂല്യവും വർദ്ധിപ്പിച്ചത് ഈ സമരത്തിന്റെ ഫലമായാ

(ശേഷം 7-ാം പേജിൽ)

വിദ്യാഭ്യാസ വിരുദ്ധമായ ദേശീയ വിദ്യാഭ്യാസ നയം 2020ഉം സംഘപരിവാർ അജണ്ടയും നടപ്പാക്കാൻ

പിഎം ശ്രീയിൽ ഒപ്പുവെച്ച പിണറായി സർക്കാർ കാട്ടിയത് കൊടിയ വഞ്ചന

പ്രൈമിനിസ്റ്റർ സ്കൂൾ ഫോർ റൈസിംഗ് ഇന്ത്യ അഥവാ പിഎം ശ്രീ പദ്ധതി നടപ്പിലാക്കാനുള്ള ധാരണാ പത്രത്തിൽ കേരള സർക്കാർ ഒപ്പുവെച്ചിരിക്കുന്നു. ഒളിഞ്ഞും തെളിഞ്ഞും ദേശീയ വിദ്യാഭ്യാസ നയം സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരുന്ന ഇടതുമുന്നണി സർക്കാർ ഇതോടെ പരസ്യമായി, ഒരു മറയുമില്ലാതെ അത് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇടതുമുന്നണിയെ, മന്ത്രിസഭയെ, വിദ്യാഭ്യാസ വകുപ്പിനെ, സർവോപരി ജനാധിപത്യ കേരളത്തെയാകെ ഇരുട്ടിൽ നിർത്തിയാണ് ഈ ചതിപ്രയോഗം നടത്തിയത്. നമ്മുടെ വിദ്യാഭ്യാസ രംഗത്തെ ഗുരുതരമായ പ്രത്യാഘാതങ്ങളിലേക്ക് നയിക്കുന്ന ഈ ചെയ്തിക്ക് ചുക്കാൻ പിടിച്ച ഗൂഢസംഘം മാപ്പർഹിക്കുന്നില്ല.

എന്താണ് പിഎം ശ്രീ സ്കൂൾ?

ഒരു ബ്ലോക്ക് പഞ്ചായത്തിൽ നിന്നും രണ്ട് സ്കൂളുകളെ വീതം രാജ്യത്താകെ 14,500 സ്കൂളുകളെ കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്ന പദ്ധതിയാണ് പിഎം ശ്രീ. കേരളത്തിൽനിന്നും 336 സ്കൂളുകളെ ഈ പദ്ധതിയിൽ കൊണ്ടുവരാനാണ് ആദ്യം ലക്ഷ്യമിട്ടത്. പിന്നീട് എണ്ണം 265 ആയി നിജപ്പെടുത്തി. ഏറ്റെടുക്കുന്ന സ്കൂളുകളുടെ നടത്തിപ്പും പാഠഭാഗങ്ങൾ നിർണയിക്കുന്നതും പുതിയ ദേശീയ വിദ്യാഭ്യാസ നയപ്രകാരം ആയിരിക്കും.

(ശേഷം 2-ാം പേജിൽ)

അതിദരിദ്രമുക്ത കേരളം, അതോ അഗതിമുക്ത കേരളമോ?

അതിദരിദ്രരെ കണ്ടെത്തിയ ആധികാരിക പഠന റിപ്പോർട്ട് സർക്കാർ പുറത്തുവിടണം

(സാമ്പത്തിക വിദഗ്ധരും സാമൂഹിക പ്രവർത്തകരും കേരള സർക്കാരിന് നൽകുന്ന തുറന്ന കത്ത്)

കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് കേരളത്തെ ഇന്ത്യയിലെ ആദ്യ അതിദരിദ്രമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാർ തയ്യാറെടുക്കുയാണല്ലോ. ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യസ്ഥിതി എന്നീ നാല് ഘടകങ്ങളെ അടിസ്ഥാനമാക്കി, ജനകീയ പങ്കാളിത്തത്തോടെ നടത്തിയ സർവേയിലൂടെ കണ്ടെത്തിയ 64,006 അതിദരിദ്ര കുടുംബങ്ങളെ 2021 ജൂലൈ മുതൽ തുടർന്നുവന്ന ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിലൂടെ ദാരിദ്ര്യമുക്തമാക്കി എന്നാണ് സർക്കാരിന്റെ അവകാശവാദം. അങ്ങിനെ 'ദാരിദ്ര്യ നിർമ്മാർജ്ജനം', 'പട്ടിണിയില്ലാതാക്കൽ' എന്നീ സുപ്രധാന സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറും എന്നും സർക്കാർ അവകാശപ്പെടുമ്പോൾ ഒരു പാട് ചോദ്യ

(ശേഷം 9-ാം പേജിൽ)

പിഎം ശ്രീ സിപിഐ(എം)–സിപിഐ ചക്കളത്തിപ്പോരാട്ടത്തിന്റെ വിഷയമല്ല; നാടിന്റെ വിദ്യാഭ്യാസ ഭാവിയുടെ പ്രശ്നമാണ്

(1–ാം പേജിൽ നിന്ന്)

നമ്മുടേതുപോലെ ഒരു രാജ്യത്ത്, വ്യത്യസ്ത സംസ്ഥാനങ്ങളിൽ നിലവിലുള്ള വ്യത്യസ്ത വിദ്യാഭ്യാസ വകുപ്പുകൾ വഴി ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഉള്ളടക്കം പൂർണരൂപത്തിൽ നടപ്പാക്കാനാവില്ല എന്നതിനാലാണ് കേന്ദ്ര സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന സ്കൂളുകൾ സ്ഥാപിക്കാൻ തീരുമാനിക്കുന്നതും അതിനുവേണ്ടി പിഎം ശ്രീ എന്ന പ്രോജക്ട് തയ്യാറാക്കുന്നതും. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതോടൊപ്പം തങ്ങളുടെ ഫാസിസ്റ്റ് അജണ്ടകൂടി നടപ്പാക്കാനും കഴിയുമെന്ന വ്യക്തമായ കണക്കു കൂട്ടലോടെയാണ് കേന്ദ്രസർക്കാർ നീങ്ങുന്നത്.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഇതിനായി രണ്ട് ഭാഗങ്ങളുള്ള ഫ്രെയിം വർക്കാണ് തയ്യാറാക്കിയിട്ടുള്ളത്. പുതിയ ദേശീയ വിദ്യാഭ്യാസ നയം പൂർണ്ണരൂപത്തിൽ നടപ്പാക്കാനുംപ്രദർശിപ്പിക്കാനുമുള്ള മാതൃകാ കേന്ദ്രങ്ങളായാണ് പിഎം ശ്രീ സ്കൂളുകൾ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത് എന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനങ്ങളുടെ തനത് പാഠ്യപദ്ധതിയോ സിലബസോ ബോധന സമ്പ്രദായമോ പിഎം ശ്രീ സ്കൂളുകളിൽ നടപ്പാക്കാനാവില്ല. പാഠ്യപദ്ധതി, പഠനരീതി, മാനേജ്മെന്റ് എന്നിവ ഉൾപ്പെടെ എല്ലാ കാര്യങ്ങളും ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ച് ആയിരിക്കും തീരുമാനിക്കുക. രാജ്യത്തിന്റെ വൈജ്ഞാനിക വളർച്ചയെ തടയുന്നതും ആധുനിക ശാസ്ത്ര-ജനാധിപത്യ-മതേതര ധാരണകളെ നിഷേധിക്കുന്ന, രാജ്യത്തെ സംബന്ധിച്ച് ഭ്രാന്തവും സങ്കുചിതവുമായ ദുരഭിമാനബോധം വളർത്തുന്ന ഭാരതീയ ജ്ഞാനവ്യവസ്ഥ എന്ന അയഥാർത്ഥ പാഠഭാഗങ്ങളാകും പഠിപ്പിക്കേണ്ടിവരിക. ആർഎസ്എസ് പ്രചരിപ്പിക്കുന്ന സാംസ്കാരിക ദേശീയത എന്ന ആപൽക്കരമായ ആശയസംഹിത കുട്ടികളിലേക്ക് പകരുകഎന്നതാണ്അതിന്റെലക്ഷ്യം.

ഏറ്റവും ആധുനികമായ അറിവിനെ അടിസ്ഥാനപ്പെടുത്തിയാണ് ആധുനിക വിദ്യാഭ്യാസ സമ്പ്രദായം വളർന്നുവന്നത്. എന്നാൽ കേവലം സാക്ഷരത മാത്രം സംഭാവന ചെയ്യുന്ന, അക്ഷരം പോലും നേരായി പഠിപ്പിക്കണമെന്ന് നിർദ്ദേശിക്കാത്ത ഡിപിഇപി മാതൃകയിലുള്ള ബോധന സമ്പ്രദായങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം രൂപപ്പെടുത്തിയിട്ടുള്ളത്. നാഷണൽ കരിക്കുലം ഫ്രെയിം വർക്ക് ഇത് വ്യക്തമാക്കുന്നുണ്ട്. ഭാരതീയ ജ്ഞാനവ്യവസ്ഥ ആകട്ടെഅതിപുരാതനകാലത്തെഅന്ധവിശ്വാസ ജഡിലമായ കാര്യങ്ങൾ പാഠ്യപദ്ധതിയിലേക്ക് തിരുകിക്കയറ്റുന്നു. സംസ്കൃത പഠനം അടിച്ചേൽപ്പിക്കുന്നതും ഇതിന്റെ ഭാഗമാണ്.

അങ്ങനെ, സമൂഹത്തെ അന്ധകാരത്തിലേക്ക് നയിക്കുന്ന വിപൽക്കരമായ ഒരു നയത്തിന്റെ സ്കൂൾതല നടപ്പാക്കൽ പദ്ധതിയാണ് പിഎം ശ്രീ. ശാസ്ത്രവിരുദ്ധവും ചരിത്രവിരുദ്ധവുമായ പാഠ്യപദ്ധതി ഉൾപ്പെടുന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുമെന്ന് ഉറപ്പാക്കാനും അത് പരിശോധിക്കാനും മോണിറ്റർ ചെയ്യാനും സ്കൂൾ ക്വാളിറ്റി അസസ്മെന്റ് ഫ്രെയിം വർക്കും (SQAF) ഏർപ്പാടാക്കിയിട്ടുണ്ട്.

എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ് സംഘടനകളുടെ സെക്രട്ടേറിയറ്റ് മാർച്ച്

പിഎം ശ്രീ പദ്ധതിയിൽനിന്ന് സംസ്ഥാന സർക്കാർ ഉടൻ പിന്മാറണം എന്നാവശ്യപ്പെട്ട് എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ് സംഘടനകൾ സംയുക്തമായി സെക്രട്ടേറിയേറ്റ് മാർച്ച് സംഘടിപ്പിച്ചു.

എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്തു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് എസ്. അലീന അധ്യക്ഷത വഹിച്ച യോഗത്തിൽഎഐഎംഎസ്എസ്സംസ്ഥാനസെക്രട്ടറികെഎം. ബീവി മുഖ്യപ്രസംഗം നടത്തി.

പ്രതിഷേധത്തിൽ പങ്കെടുത്ത പ്രവർത്തകർക്കുനേരെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. അകിൽ മുരളി, ജതിൻ രാജിവൻ, ഗോവിന്ദ് ശശി, എമിൽ ബിജു, സാം പോൾ രാജു, പി.കെ.പ്രഭാഷ്, കെ.ബിമൽജി, റ്റി.ഷിജിൻ, എസ്. സൗഭാഗ്യകുമാരി, എം.എ. ബിന്ദു, കെ.ജെ ഷീല, എ. സബൂറ എന്നിവർ മാർച്ചിന് നേതൃത്വം നൽകി. ■

ഒക്ടോബർ 18നാണ് പിഎം ശ്രീ പദ്ധതിയിൽ ഒപ്പു വെയ്ക്കുന്നത് സംബന്ധിച്ച ആലോചന വീണ്ടും മാധ്യമവാർത്തയാകുന്നതും ഘടകകക്ഷിയായ സിപിഐ ധാരണാപത്രം ഒപ്പുവെക്കരുതെന്ന് ആവശ്യപ്പെടുന്നതും. 22ന് നടന്ന മന്ത്രിസഭാ യോഗത്തിൽ പിഎം ശ്രീ അജണ്ട ഉണ്ടായിരുന്നില്ല. എങ്കിലും ആ പ്രശ്നം ഉന്നയിച്ചസിപിഐ മന്ത്രി കെ.രാജന്റെ ചോദ്യത്തെ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും മൗനംകൊണ്ട് അവഗണിക്കുകയായിരുന്നു. എന്നാൽ, എല്ലാ മര്യാദകളും കാറ്റിൽ പറത്തിക്കൊണ്ട് ഒക്ടോബർ 16–ാം തീയതിതന്നെ ധാരണാപത്രത്തിൽ ഒപ്പുവച്ചിരുന്നു. 23ന് ഡൽഹിയിൽ പോയി വിദ്യാഭ്യാസ സെക്രട്ടറി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് അത് കൈമാറി എന്നുമാത്രം. അപ്പോൾ,സംസ്ഥാന മന്ത്രിസഭയിൽ ചർച്ച ചെയ്യാതെ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ചർച്ച ചെയ്യാതെ, നിയമസഭയിൽ അവതരിപ്പിക്കാതെ, ആരോരും അറിയാതെ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും അടങ്ങുന്ന ഒരു ഗൂഢസംഘം സംസ്ഥാനത്തിന്റെ വിദ്യാഭ്യാസഭാവിയെ ഗുരുതരമായി ബാധിക്കുന്ന ഒരു കരാറിൽ രഹസ്യമായി ഒപ്പുവെക്കുകയായിരുന്നു.

ഒക്ടോബർ 10നാണ് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രിയെയും പ്രധാനമന്ത്രിയെയും ഡൽഹിയിൽ നേരിൽ കാണുന്നത്. തിരികെ എത്തിയ ഉടനെ ഒക്ടോബർ 16ന് ധാരണാപത്രം ഒപ്പുവയ്ക്കുന്നു. മന്ത്രിസഭയെപ്പോലും ഇരുട്ടിൽ നിർത്തി അത്തരം ഒരു തീരുമാനമെടുക്കാൻ മുഖ്യമന്ത്രിയെയും വിദ്യാഭ്യാസ മന്ത്രിയെയും പ്രേരിപ്പിച്ച കാര്യമെന്തായിരുന്നു എന്ന് തീർച്ചയായും കേരളസമൂഹം അറിയേണ്ടതുണ്ട്.

2024 ഒക്ടോബർ മാസത്തിൽ നടന്ന മന്ത്രിസഭാ യോഗത്തിൽ പിഎം ശ്രീ പദ്ധതിയിൽ ഒപ്പുവയ്ക്കുന്നതിനെ സംബന്ധിച്ച് ചർച്ച നടന്നിരുന്നു. എന്നാൽ, പദ്ധതിയിൽ ഒപ്പുവയ്ക്കേണ്ടതില്ല എന്നതായിരുന്നു മന്ത്രിസഭായോഗ തീരുമാനം. വീണ്ടും 2025 ഏപ്രിൽ മാസത്തെ മന്ത്രിസഭാ യോഗത്തിലും പിഎം ശ്രീ അജണ്ടയായി. അപ്പോഴും നയപരമായ പ്രശ്നം എന്ന നിലയിൽ മുന്നണിയിൽ ആലോചിക്കണം എന്നതിനാൽ തീരുമാനമെടുക്കാതെ മാറ്റിവയ്ക്കുകയായിരുന്നു. പിന്നെങ്ങനെയാണ് ഈ പദ്ധതിയിൽ ഒപ്പ വയ്ക്കപ്പെട്ടതെന്ന് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും കേരളത്തോട് തുറന്നു പറയുകതന്നെ വേണം.

പ്രത്യാഘാതങ്ങൾ

രഹസ്യമായി ഒപ്പുവെച്ച ധാരണാപത്രപ്രകാരം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് സ്കൂൾ എഡ്യൂക്കേഷൻ ആൻഡ് ലിറ്ററസി(Dosel) ആണ് പിഎം ശ്രീ പദ്ധതി നടപ്പാക്കുന്നത്. സമഗ്ര ശിക്ഷ അഭിയാൻ വഴിയായിരിക്കും സംസ്ഥാനങ്ങളിൽ സ്കീം നടപ്പാക്കുന്നത്. എസ്സിഇആർടി, ഡയറ്റ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിദ്യാഭ്യാസ ഏജൻസികൾക്ക് നടത്തിപ്പിന്റെ ഭാഗമാകാം എന്നുമാത്രം. ഉള്ളടക്കത്തിലും ഘടനയിലും മാറ്റം വരുത്താൻ ദേശീയ സ്കൂൾ വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയില്ലാതെ സാദ്ധ്യമല്ല. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ എല്ലാ വ്യവസ്ഥകളും പൂർണമായി സംസ്ഥാനത്ത് നടപ്പാക്കണം. മുഖ്യലക്ഷ്യം പുതിയ ദേശീയ വിദ്യാഭ്യാസ നയം പിഎം ശ്രീയിലൂടെ നടപ്പാക്കി പ്രദർശിപ്പിക്കുക എന്നതാണ്.

ധാരണാപത്ര പ്രകാരം സംസ്ഥാന സർക്കാർ/വിദ്യാഭ്യാസ വകുപ്പ് ഈ പ്രോജക്ട് നടപ്പാക്കുന്ന ഏജൻസി മാത്രമാണ്. കേന്ദ്ര സ്കൂൾ വിദ്യാഭ്യാസ വകുപ്പ് സമയാസമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചുവേണം സ്കീം നടപ്പാക്കാൻ. പദ്ധതി കാലയളവ് 5 വർഷത്തേക്കാണ്.എംഒയു പ്രകാരം 2027 മാർച്ച് 31ന് പദ്ധതി അവസാനിക്കും. അതിനുശേഷം ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾ പിഎം ശ്രീ വ്യവസ്ഥകൾ പാലിച്ച് സ്കൂൾ നടത്തിപ്പ് ഏറ്റെടുക്കേണ്ടതാണ്.ചുരുക്കിപ്പറഞ്ഞാൽ, കേരളത്തിലെ നൂറുകണക്കിന് പൊതുവിദ്യാലയങ്ങൾ കേന്ദ്രസർക്കാരിന്റെ കാൽക്കീഴിലേക്ക് വരുന്നു എന്നർത്ഥം. നമ്മുടെ പൊതുവിദ്യാലയങ്ങളെ പിണറായി സർക്കാർ പണയപ്പെടുത്തുന്നുവെന്നർത്ഥം. രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങളുടെ നഗ്നമായ ലംഘനാണ് പിഎം ശ്രീ പദ്ധതിയെന്നു ചുരുക്കം.

സിപിഐയുടെ നിലപാട്

പിഎം ശ്രീ ധാരണാപത്രം ഒപ്പിടുന്ന കാര്യത്തിൽ സിപിഐ(എം) സ്വീകരിച്ച അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായ നീക്കങ്ങളിൽ പരസ്യമായി അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് രംഗത്തുവന്ന ഘടകകക്ഷിയായ സിപിഐയുടെ എതിർപ്പ് ഏതാനും ദിവസം മാധ്യമങ്ങൾ ആഘോഷിക്കുകയുണ്ടായി. എന്നാൽ, പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന് എതിരായോ പിഎം ശ്രീ പദ്ധതിക്കെതിരെ പോലുമോ പ്രത്യയശാസ്ത്രപരമായി സന്ധിയില്ലാതെ പോരാടാനുള്ള ആർജ്ജവം സിപിഐ പ്രദർശിപ്പിച്ചില്ല. ഏവരും പ്രതീക്ഷിച്ചതു പോലെ തന്നെ പിഎം ശ്രീ പദ്ധതി 'മരവിപ്പിക്കാമെന്ന്' സിപിഐ(എം)

(ശേഷം 3–ാം പേജിൽ)

പിഎംശ്രീക്കെതിരെ ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിയ പ്രതിഷേധ പരിപാടി.

ടാക്കിയിട്ടുണ്ട്.

ഉള്ളടക്കവും ബോധനവും

എൻഇപിയുടെ ബോധനസമ്പ്രദായം ഡിപിഇപി മുതൽ നടപ്പാക്കിവരുന്ന പാഠ്യപദ്ധതിയിലെ സമീപനമാണ്. കളിയിലൂടെ പഠനം, പ്രവൃത്തിയിലൂടെ പഠനം തുടങ്ങിയ ഡിപിഇപി മാതൃകകളാണ് എൻഇപി സ്വീകരിച്ചിരിക്കുന്നത്. സ്കിൽ ബേസ്ഡ് എജ്യുക്കേഷൻ അഥവാ തൊഴിൽ പഠനമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് എൻഇപി ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. സ്കിൽ വളർത്തുക, ശാസ്ത്ര-മാനവികമൂല്യങ്ങൾ ക്രമേണ ചോർത്തിക്കളയുക എന്നതാണ് പിഎം ശ്രീ യിലൂടെ എൻഇപി സാധിച്ചെടുക്കുന്നത്. കേരള സർക്കാർ അത് അതേപടി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസ മന്ത്രി ശിവൻകുട്ടി എൻഇപിക്ക് എന്താണ് കുഴപ്പം എന്ന് ചോദിച്ചതിൽ അത്ഭുതപ്പെടേണ്ടതില്ല.

കേരളത്തെ ഇരുട്ടിൽ നിർത്തിയ ധാരണാപത്രം

2025 ഒക്ടോബർ 23ന് കേരളവും കേന്ദ്രവും ചേർന്ന് പിഎം ശ്രീ ധാരണാപത്രം ഒപ്പുവെച്ചതായി ഔദ്യോഗിക അറിയിപ്പ് വന്നു.

മന്ത്രിസഭയും മുന്നണിയും പാർട്ടിയുമറിയാതെ പിണറായി എടുത്ത തീരുമാനത്തിന് പിന്നിലെ ദുഷ്ടലാക്കെന്ത് ?

(2–ാം പേജിൽ നിന്ന്)

കുതന്ത്രത്തിൽ സിപിഐ ആശ്വാസം കണ്ടെത്തി.

മരവിപ്പിക്കൽ എന്നത് മറ്റൊരു രാഷ്ട്രീയ വഞ്ചനയാണ്. ഒപ്പിട്ട ധാരണാ പത്രം പിൻവലിക്കുംവരെ ഒരുവിധ സമവായത്തിനും തയ്യാറാവില്ല എന്ന നിലപാടിൽ ഉറച്ചുനിൽക്കാൻ സിപിഐക്ക് ആയില്ല. പിഎം ശ്രീയ്ക്കും ദേശീയ വിദ്യാഭ്യാസനയത്തിനുംഎതിരായ പോരാട്ടം സിപിഐ, സിപിഐ(എം) പാർട്ടികൾക്കിടയിലെ പടലപിണക്കത്തിന്റെ വിഷയമേയല്ല. അത് നമ്മുടെ നാടിന്റെ വിദ്യാഭ്യാസഭാവിയുടെ പ്രശ്നമാണ്. വിദ്യാഭ്യാസ സ്നേഹികളും ഇടതുപക്ഷ ചിന്താഗതിക്കാരുമെല്ലാം ദേശീയ വിദ്യാഭ്യാസ നയത്തിന് എതിരായിട്ടുള്ള പോരാട്ടത്തിൽ സന്ധിയില്ലാതെ മുന്നേറുകതന്നെ വേണം.

കേവലം പണത്തിന് വേണ്ടിയോ?

സമഗ്ര ശിക്ഷ അഭിയാൻ പദ്ധതിക്ക് തരാനുള്ള കുടിശ്ശികതുക കേന്ദ്രസർക്കാർ തടഞ്ഞുവെച്ചിരിക്കുന്നു, പിഎം ശ്രീ പദ്ധതിയിൽ ഒപ്പിട്ടാൽ മാത്രമേ ആ പണം കേന്ദ്രം നൽകൂ എന്നതിനാൽ മറ്റു വഴിയില്ലാതെയാണ് ഒപ്പിടുന്നതെന്നാണ് വിദ്യാഭ്യാസമന്ത്രി പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ, ഫണ്ടിനെ സംബന്ധിച്ചയഥാർത്ഥ ചിത്രം മറ്റൊന്നാണ്. സമഗ്ര ശിക്ഷാ അഭിയാൻ വഴി കേരളത്തിന് കേന്ദ്രം നൽകേണ്ടുന്ന കുടിശിക 1158 കോടിയാണ്. അത് ലോക ബാങ്കിന്റെ സോഫ്റ്റ് ലോൺ ആണ്. പ്രൊജക്റ്റ് ഫണ്ട് ആണത്. തിരിച്ചടക്കണം. അപ്പോൾ, കേവലം പണത്തിനുവേണ്ടി മാത്രമാണോ ഇത്ര വലിയ ചതി അരങ്ങേറിയത്?

പിഎം ശ്രീ പദ്ധതിക്കാകട്ടെ കേന്ദ്രസർക്കാർ മുൻകൂറായി പണം നൽകുന്നതല്ല. സ്കൂൾ ക്വാളിറ്റി അസസ്മെന്റ് ഫ്രെയിം വർക്കിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള പെർഫോമൻസ് ആശ്രയിച്ച മാത്രമാണ് ഫണ്ട് കേന്ദ്രസർക്കാർ നൽകുന്നത്. ചെലവിന്റെ 60% കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണം. അഥവാ സംസ്ഥാന ഫണ്ടുകൂടി ഉപയോഗിച്ചുവേണം പിഎം ശ്രീ നടപ്പാക്കാൻ എന്നർത്ഥം. അപ്പോൾ പിഎം ശ്രീയ്ക്കുവേണ്ടി കേന്ദ്രം തരുന്ന പരമാവധി തുക 400 കോടിയിൽ താഴെയേ വരൂ. അതുപോലും സ്കൂളുകളുടെ എണ്ണത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ബാക്കി പൊതുഖജനാവിൽ നിന്ന് സംസ്ഥാനം നൽകണം. അപ്പോൾ 40% തുക നമ്മുടെ ഖജനാവിൽനിന്ന് നൽകി കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കാൻ ഇത്ര വലിയ ഔൽസുക്യം കാട്ടുന്നത് എന്തിന്?

മുഖ്യമന്ത്രിയുടെ ബിജെപി ചങ്ങാത്തം

പിഎം ശ്രീ പദ്ധതിയിൽ ഒപ്പിടാൻ കേരള സംസ്ഥാനം തയ്യാറാണെന്ന് കാണിച്ചുകൊണ്ട് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി 2024 മാർച്ച് മാസം കേന്ദ്ര വിദ്യാഭ്യാസമന്ത്രാലയത്തിന് ഒരു കത്ത് അയച്ചിരുന്നു. തത്ഫലമായി സമഗ്ര ശിക്ഷ അഭിയാൻ കേരളത്തിന് നൽകേണ്ടുന്ന തുകയിൽ ഒരു ഭാഗം കേന്ദ്രസർക്കാർ അനുവദിച്ച നൽകുകയും ചെയ്തിരുന്നു. പിഎം ശ്രീ പദ്ധതിയിൽ ഒപ്പിടാൻ മന്ത്രിസഭ അനുമതി നൽകുന്നതിനുമുമ്പ് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം തികച്ചും ഏകപക്ഷീയമായാണ് കത്തയക്കുന്നത്. എല്ലാ കാര്യങ്ങളിലും മുഖ്യമന്ത്രിയും ബിജെപിയും തമ്മിലുള്ള അന്തർധാര സജീവമായി പ്രവർത്തിക്കുന്നു എന്ന വിമർശനത്തെ കൂടുതൽ ഊട്ടിയുറപ്പിക്കുന്നതായിരുന്നു ആ നടപടി.

യഥാർത്ഥത്തിൽ പുതിയ ദേശീയ വിദ്യാഭ്യാസ നയം മിക്കവാറും കേരളത്തിൽ നടപ്പാക്കികഴിഞ്ഞിരിക്കുന്നു. ഡിപിഇപി മുതൽ റൂസ വരെയുള്ള എല്ലാ ലോകബാങ്ക് പദ്ധതികളും അപ്പടി നടപ്പാക്കുകയാണ് കേരളം. എൻഇപി അവതരിപ്പിച്ച, വിദ്യാഭ്യാസത്തിന്റെ നന്മകളെ കാറ്റിൽപ്പറത്തുന്ന നാലുവർഷ ബിരുദ സമ്പ്രദായവും നടപ്പാക്കി കഴിഞ്ഞു. പിഎം ശ്രീ പദ്ധതിയിൽ അവതരിപ്പിക്കുന്ന കരിക്കുലം അഥവാ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരിക്കുലം കേരളം നടപ്പാക്കിയ ഡിപിഇപി കരിക്കുലവും ഭാരതീയ ജ്ഞാനവ്യവസ്ഥയുടെ ആശയങ്ങളും ഒരുമിപ്പിക്കുമ്പോൾ ഉണ്ടാകുന്നതാണ്. സംഘപരിവാറിന്റെ കാവിവൽക്കരണ അജണ്ടയുംകൂടിഉൾപ്പെടുത്തുന്നതോടെബിജെപി സർക്കാരിന്റെ വിദ്യാഭ്യാസ നയമായി മാറുന്നു. അങ്ങനെ ആർഎസ്എസും സിപിഐ(എം)ഉം വിദ്യാഭ്യാസനയത്തിന്റെകാര്യത്തിൽ സമാന ചിന്താഗതിക്കാരായി മാറിയിരിക്കുന്നു എന്നത് ഇപ്പോൾ കൂടുതൽ വ്യക്തമാണ്. കണ്ണൂർ സർവ്വകലാശാലയിൽ വി.ഡി.സവർക്കറെ പാഠ്യവിഷയമാക്കാൻ സിപിഐ(എം) സിൻഡിക്കേറ്റ് അനുമതി നൽകിയത് യാദൃശ്ചികമായല്ല എന്നതും ഇപ്പോൾ വ്യക്തമാണ്.

പിഎം ശ്രീ പദ്ധതിയോടും താത്വികമായി ഒരു വിധ വിയോജിപ്പും സിപിഐ(എം) വെച്ചുപുലർത്തുന്നില്ല എന്നതാണ് വസ്തുത. അതുകൊണ്ടുകൂടിയാണ് പൊതുവിദ്യാഭാസത്തെ വെല്ലുവിളിക്കുന്ന അപകടകരമായ ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നതിന് സിപിഐ(എം) എല്ലാ ജനാധിപത്യ മര്യാദകളും കീഴ്വഴക്കങ്ങളും കാറ്റിൽപ്പറത്തിയത്.

ദേശീയ വിദ്യാഭ്യാസനയം 2020നെ എതിർക്കുന്നു എന്നാണ് സിപിഐ(എം)ഉം എൽഡിഎഫുംപുറമേക്ക് പറയുന്നത്. എന്നാൽ നഴ്സറി തലം മുതൽ യൂണിവേഴ്സിറ്റി തലംവരെ എൻഇപിയുടെ പല തലങ്ങളിലുള്ള നടപ്പിലാക്കൽ വഞ്ചനാപരമായി അരങ്ങേറുന്നുണ്ട്. പിഎം ശ്രീയാകട്ടെ ദേശീയ വിദ്യാഭ്യാസ നയം ഭംഗിയായി നടപ്പിലാക്കി നാടിനാകെ മാതൃകയാകേണ്ട സ്കൂളുകൾ പ്രദർശിപ്പിക്കുന്ന പദ്ധതിയാണ്. അതിൽ വാണിജ്യവൽക്കരണത്തോടൊപ്പം കാവിവൽക്കരണവും ഉറപ്പാക്കപ്പെട്ടിരിക്കുന്നു. ജനാധിപത്യ മതേതര വിദ്യാഭ്യാസത്തിന്റെ വേരറക്കുന്ന, ശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും പാഠങ്ങൾ നിരാകരിച്ച ഭാരതീയ വിജ്ഞാന വ്യവസ്ഥ എന്ന വിജ്ഞാന വിരോധം പ്രസരിപ്പിക്കുന്ന ഈ പദ്ധതി മിനിമം ജനാധിപത്യബോധമോ വിദ്യാഭ്യാസ താൽപര്യമോ ഉള്ള ഒരാൾക്കും അംഗീകരിക്കാൻ ആവില്ല. എന്നിട്ടും ഏതാനും കോടികളുടെ പേരുപറഞ്ഞ് എൽഡിഎഫ് സർക്കാർ ഇതേറ്റെടുത്തിരിക്കുന്നു.

ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ഇടതുപക്ഷീയതയോ ജനാധിപത്യ രീതിയോ തൊട്ടുതീണ്ടിയിട്ടില്ല എന്ന വസ്തുത കൂടി ഈ നിലപാട് വെളിവാക്കിത്തരുന്നുണ്ട്. അതുകൊണ്ടാണ് രണ്ടാം കക്ഷിയായസിപിഐയുടെഎതിർപ്പിന് പുല്ലുവിലകൽപ്പിച്ച് മുഖ്യമന്ത്രി ധാരണാപത്രം ഒപ്പിടാൻ അനുമതി നൽകിയത്. സിപിഐയെ മാത്രമല്ല, മന്ത്രിസഭയെയും മുന്നണിയെയും സ്വന്തം പാർട്ടിയെപ്പോലും മുഖ്യമന്ത്രി ഇരുട്ടിൽ നിർത്തുമ്പോൾഇത്മുഖ്യമന്ത്രിയുടെ വ്യക്തിപരമോ കുടുംബപരമോ ആയ വിഷയങ്ങൾ ഉൾപ്പെടുന്നതാണ് എന്ന് സംശയം ബലപ്പെടുത്തുന്നുണ്ട്. ഒപ്പം സിപിഐ(എം) എന്ന പ്രസ്ഥാനത്തിന് വന്നുഭവിച്ചിരിക്കുന്ന ഭയാനകമായ അപചയത്തിന്റെ ആഴംകൂടി ഇത് വ്യക്തമാക്കുന്നു.

ഇനിയും പിഎം ശ്രീ പദ്ധതിയിൽ ഒപ്പുവയ്ക്കാത്ത സംസ്ഥാനങ്ങൾ രാജ്യത്തുണ്ട്. അവരോടൊപ്പം നിന്ന് പ്രതിപക്ഷസഖ്യത്തെ ബലപ്പെടുത്തേണ്ടവരാണ്, അതിന് മാതൃക കാണിക്കേണ്ടവരാണ് ഈ ചതി ചെയ്തിരിക്കുന്നത് എന്നത് വലിയ രാഷ്ട്രീയ മാനങ്ങളുള്ള കാര്യമാണ്. ഫെഡറലിസത്തെക്കുറിച്ചും സംസ്ഥാനങ്ങളുടെ അവകാശത്തെ കുറിച്ചുമൊക്കെ സംസാരിക്കാൻ ഇനി സിപിഐ(എം)ന് എന്ത് ധാർമിക അവകാശമാണ് അവശേഷിക്കുക?

സംഘപരിവാർ അജണ്ടയുമായി രാജ്യത്തെ അന്ധകാരത്തിലേക്ക് നയിക്കുന്ന ബിജെപി നയിക്കുന്ന യൂണിയൻ ഗവൺമെന്റിന്റെ ഫാസിസ്റ്റ് നടപടികൾക്കെതിരെ ഉശിരൻ പോരാട്ടം രാജ്യവ്യാപകമായി വളർത്തിയെടുക്കുക എന്നതാണ് ഇടതുപക്ഷത്തിൽ ഇന്ന് അർപ്പിതമായിരിക്കുന്ന കടമ. അത് വിസ്മരിക്കുകയും ഫാസിസ്റ്റ് ശക്തികൾക്ക് കീഴടങ്ങുകയും അതുവഴി അവർക്ക് ശക്തി പകരുകയും ചെയ്യുന്ന ദയനീയ പതനത്തിലേക്ക് സിപിഐ(എം) വഴിതിവീഴുകയാണോ? രാജ്യത്തെ ഇടതുപക്ഷ വിശ്വാസികൾ ഗൗരവപൂർവ്വം വിലയിരുത്തേണ്ട പ്രശ്നമാണിത്.

ഏതാനും തുട്ടുകൾക്കുവേണ്ടി എല്ലാ ആദർശങ്ങളും പുരോഗമന നിലപാടുകളും അടിയറവയ്ക്കുന്നതിന് അന്ധമായ പാർട്ടി കൂറിന്റെ പേരിൽ ന്യായീകരിക്കുന്ന അണികൾ പ്രസ്ഥാനത്തിന്റെ തകർച്ചയ്ക്ക് ആക്കം വർദ്ധിപ്പിക്കുകയും നാടിന്റെ നാശത്തിന് വഴിയൊരുക്കുകയുമാണ് ചെയ്യുന്നത് എന്ന യാഥാർഥ്യം തിരിച്ചറിയാൻ ഇനിയും വൈകരുത്. ഏതാനും സീറ്റുകൾക്കുവേണ്ടി പിന്തിരിപ്പൻ കൂട്ടുകെട്ടുകൾക്ക് പിന്നാലെ പായുന്നതടക്കമുള്ള എല്ലാ ജീർണ്ണതകളിൽനിന്നും വ്യവസ്ഥാപിത ഇടതുപക്ഷത്തെ മുക്തമാക്കാനും അവകാശ സമരങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ച കൊണ്ടും ജനാധിപത്യ മതേതര ധാരണകൾ അരക്കിട്ടുറപ്പിച്ചുകൊണ്ടും സാമൂഹ്യപുരോഗതിയുടെ പാതയിലൂടെ ഉറച്ച ചുവടുവെപ്പുകൾ നടത്താനും ഇടതുപക്ഷ ചിന്താഗതി പേറുന്നവർക്കാകണം. ഫാസിസ്റ്റ് ശക്തികളുടെ അന്തിമ പരാജയം ഉറപ്പാക്കാൻ കുറുക്കുവഴികൾ ഒന്നുമില്ലെന്ന കാര്യം എപ്പോഴും ഓർക്കുക. ■

വിദ്യാഭ്യാസ സ്നേഹികൾ സെക്രട്ടേറിയറ്റിന് മുന്നിൽ ധാരണാപത്രം കത്തിച്ചു

അഖിലേന്ത്യ സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ സ്നേഹികൾ പിഎം ശ്രീ ധാരണാപത്രം ജനാധിപത്യ വിരുദ്ധമായി സംസ്ഥാന സർക്കാർ ഒപ്പ് വെച്ചതിൽ പ്രതിഷേധിച്ച് സെക്രട്ടേറിയറ്റിനു മുന്നിൽ ധാരണപത്രം കത്തിച്ച് പ്രതിഷേധിച്ചു. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.ജോർജ്ജ് ജോസഫ് ഉദ്ഘാടനം ചെയ്തു.

പൂർണമായും ഈ പദ്ധതിയിൽനിന്നും സർക്കാർ പിന്മാറുന്നതുവരെ സംസ്ഥാന വ്യാപകമായ പ്രതിഷേധം തുടരുമെന്ന് ധാരണാപത്രം കത്തിച്ചുകൊണ്ട് എം.ഷാജർഖാൻ പറഞ്ഞു.

സംസ്ഥാനസെക്രട്ടറിഇ.എൻ. ശാന്തിരാജ് അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രൊഫ.എം.പി. മത്തായി, ആർഎംപി നേതാവ് കെ.എസ്.ഹരിഹരൻ, പ്രൊഫ. എം.ജ്യോതിരാജ്(കോളജിയേറ്റ് എഡുക്കേഷൻ മുൻ അഡീഷണൽ ഡയറക്ടർ), പ്രൊഫ.പി.എൻ. തങ്കച്ചൻ, പ്രൊഫ.ഫ്രാൻസിസ് കളത്തിങ്കൽ, ഡോ.വൈ.ജോൺസൺ, എൻ.ടെന്നിസൺ, ആർ. ജതിൻ (എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം), സൗഭാഗ്യകുമാരി(എഐഎംഎസ്എസ് സംസ്ഥാനപ്രസിഡന്റ്),ഡോ.എം. പ്രദീപൻ, മാനവ് ജ്യോതി തുടങ്ങിയവർ പ്രസംഗിച്ചു. ■

പിഎംശ്രീ പദ്ധതി റദ്ദാക്കണമെന്നാവശ്യപ്പെട്ട് എഐഡിഎസ്ഒ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ കെഎസ്ആർടിസി ബസ്സ്റ്റാൻഡിന് മുന്നിൽ നടത്തിയ പരിപാടിയിൽ ധാരണാപത്രം കത്തിച്ച് പ്രതിഷേധിക്കുന്നു.

ദരിദ്രരോടും ദുർബലരോടും ഒപ്പമില്ലാത്ത മുഖ്യമന്ത്രി

പിണറായി ഭരണം ബാക്കിയാക്കുന്നതെന്ത് ?

'മുഖ്യമന്ത്രി എന്നോടൊപ്പം' എന്നൊരു പരിപാടി ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുകയാണ്. എന്നുവച്ചാൽ, 2025 സെപ്റ്റംബർ 26 വെള്ളിയാഴ്ച വൈകുന്നേരം അഞ്ചുമണി മുതൽ മുഖ്യമന്ത്രി പിണറായി വിജയൻ ജനങ്ങളോടൊപ്പമാവാൻ തുടങ്ങിയിരിക്കുന്നു എന്നാണോ അതിനർത്ഥം? കേരളം കണ്ട മുഖ്യമന്ത്രിമാരിൽ ജനങ്ങൾക്ക് ഏറ്റവും അപ്രാപ്യൻ എന്ന പേരുദോഷം ഇല്ലാതാക്കാൻ ഭരണത്തിന്റെ രണ്ടാംഗഡുവിന്റെ അവസാന പാദത്തിൽ അടുത്ത തിരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിനിൽക്കുമ്പോൾ ജനങ്ങളുടെ അരികിലേക്ക്, നേർക്കുനേർ കാണാൻ പോകുന്നുവെന്ന് ധരിക്കുകയൊന്നും വേണ്ട. ഇത് ഒരു ഫോൺ-ഇൻ പരിപാടി മാത്രമാണ്. ആരൊക്കെ എത്ര ചോദ്യങ്ങൾ ചോദിച്ചാലും എത്ര പ്രശ്നങ്ങൾ ഉന്നയിച്ചാലും അതിൽ തിരഞ്ഞെടുത്ത പത്തുചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കും എന്നതാണ് നടപടിക്രമം. 'നവകേരളയാത്ര'യിൽ പൗരപ്രമുഖരെ മാത്രം കണ്ടു എന്ന പരാതി പരിഹരിക്കാനും കൂടെയാവും ഇത്തവണ സാധാപൗരന്മാരുടെ ശബ്ദം കേൾക്കാൻ തീരുമാനിച്ചത്.

'ജനസമ്പർക്ക' പരിപാടികൾ എത്രയോ കണ്ടതാണ് കേരളം.

"എന്നാൽ എന്റെ പേർക്ക് ഒരു ഹരിജി അയച്ചേക്ക്."

"ഒരു ഹരിജി അയച്ചിരുന്നല്ലോ, സഖാവേ..."

"എന്നാൽ ഒരെണ്ണം കൂടെ അയച്ചേക്ക്..."

ഇത് മുഖ്യമന്ത്രിയായിരുന്ന ഇ.കെ.നായനാർ 25 വർഷം മുമ്പ് ഏഷ്യാനെറ്റ് ചാനലിൽ നടത്തിയ ഫോൺ-ഇൻ പരിപാടിയിലെ സരസ സംഭാഷണശകലമാണ്. പിന്നീട് വന്ന ഉമ്മൻചാണ്ടിയും വിപുലമായ ജനസമ്പർക്ക പരിപാടി നടത്തിയിരുന്നു. ഇതൊക്കെഇല്ലാതെയുംപ്രശ്നപരിഹാരാർത്ഥം പലവിധ ഏർപ്പാടുകൾ നിലവിലുണ്ട്. 'മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സെൽ', 'സാന്ത്വനം സിഎംഒ പോർട്ടൽ' എന്നൊക്കെയുള്ള നമ്പരുകൾ നിരവധിയുണ്ട്. എന്നിട്ടും പ്രശ്നങ്ങൾക്ക് ഒരു അന്തവുമില്ല, എന്നുമാത്രമല്ല അത് കൂടിവരുന്നതേയുള്ളതാനും.

ഈ 'മുഖ്യമന്ത്രി എന്നോടൊപ്പം' ഉണ്ട് എന്ന് ആരൊക്കെയാവും നെഞ്ചലിഞ്ഞു പറയുക? അധ്വാനിച്ച് ജീവിതമാർഗം കണ്ടെത്തുന്ന ഏത് വിഭാഗം ജനങ്ങളാണ് ഈ സർക്കാർ അവരോടൊപ്പമുണ്ട് എന്ന് കരുതുക? ഒമ്പതര വർഷത്തെ അനുഭവം നൽകിയ കടുത്ത പാഠം ഈ സർക്കാർ ദരിദ്രരോടും ദുർബലരോടും ഒപ്പമില്ല എന്നതാണ്.

ജനങ്ങളുടെ ജീവിതക്ഷേമം ഉറപ്പാക്കുന്ന 'പൊതു വികസന'മാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതത്രെ. എത്ര കാപട്യം നിറഞ്ഞ ഭാഷണമാണിതെന്ന് പ്രത്യക്ഷ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വികസനമൊക്കെയുണ്ട്. അത് 'പൊതു'വല്ല. ഒരുപിടി വരുന്ന കുത്തകളുടേത് മാത്രം വികസനമാണ്.

പ്രഗൽഭരായ പിആർ വിദഗ്ധന്മാരും സൈബർ കൂലിപ്പടയും ചേർന്ന് പൊലിപ്പിച്ചെടുക്കാൻ ശ്രമിക്കുന്ന ഇമേജ് യാഥാർത്ഥ്യവുമായി ഏറ്റുമുട്ടി തകർന്നു പോകുന്നതാണ് നാം കാണുന്നത്. "ഇത് കേരളമാണ്, കേരളം നമ്പർ വൺ" എന്ന വീമ്പുപറച്ചിലിനെ പിൻപറ്റാൻ കേരളത്തിലെ വിവിധ വിഭാഗം സാധാരണക്കാർക്കാവില്ലെന്ന് അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിശോധിച്ചാൽ തിരിച്ചറിയാം. അവർക്കുവേണ്ടി വ്യവസ്ഥാപിതമായി സർക്കാർ ചെയ്യേണ്ടത് ചെയ്യുന്നില്ല. നൽകേണ്ട സാമ്പത്തിക സഹായം നൽകുന്നില്ല. അതുവഴി ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ഒരുവശത്ത്. അതേസമയംതന്നെ നികുതി-ചാർജ് വർദ്ധനവുകളിലൂടെ ജനങ്ങളെ പിഴിയുകയും ചെയ്യുന്നു.

സർക്കാർ വിവിധ വിഭാഗം ജനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും നൽകാൻ നിയമപരമായും ധാർമികമായും ബാധ്യതപ്പെട്ടവ നിഷേധിക്കുന്നതിനെപ്പറ്റിയുള്ള ഒരു പരിശോധനയാണ് ചുവടെ.

കെട്ടിട നിർമ്മാണം, കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ അസംഘടിത തൊഴിൽ മേഖലയിലെ ക്ഷേമനിധികൾ ഇപ്പോൾ തൊഴിലാളികൾക്കുവേണ്ടിയല്ല പ്രവർത്തിക്കുന്നത്. ആരോഗ്യമുള്ള കാലത്തോളം ഈ സമൂഹത്തിനുവേണ്ടി അടിസ്ഥാന മേഖലകളിൽ പണിയെടുത്ത്, അവരുടെ തുച്ഛ വരുമാനത്തിൽനിന്ന് അംശാദായം നൽകിയ ക്ഷേമനിധിയിൽനിന്നുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കുന്നത് മനുഷ്യത്വഹീനമായ രീതിയാണ്. ബോർഡ് അംഗങ്ങളായ ഭരണകക്ഷി തൊഴിലാളി സംഘടന നേതാക്കളുടെയും ഉദ്യോഗസ്ഥന്മാരുടെയും ക്ഷേമം മാത്രമാണ് അവരുടെ ലക്ഷ്യം. പിൻവാതിൽ നിയമനങ്ങളിലൂടെ സ്വന്തക്കാരെ തിരുകിക്കയറ്റി അവർക്ക് സ്ഥിരമായി നിയമനം നൽകുകയും ചെയ്യുന്നു. 2000 കോടി രൂപയിലധികമാണ് തൊഴിലാളികൾക്ക് നൽകാനുള്ള കുടിശ്ശിക. 6.74 ലക്ഷം തൊഴിലാളികളുടെ നിലനിൽപ്പിന് അനിവാര്യമായ നിസ്സാരമായ ആനുകൂല്യങ്ങൾപോലും പിടിച്ചുവച്ചിരിക്കുന്നു. ഈ ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നു എന്ന പേരിൽ മറ്റ് അവശ്യപെൻഷനുകളും കൂടി നിഷേധിക്കപ്പെട്ടു. കെട്ടിടനിർമ്മാണ ക്ഷേമനിധിയിൽ 17 മാസത്തെ പെൻഷൻ കുടിശ്ശികയായുണ്ട്. ധനികരായ ബിൽഡർമാരിൽനിന്ന് പിരിച്ചെടുക്കേണ്ടുന്ന സെസ്സ് പിരിച്ചെടുക്കാതെ ഈ വൃദ്ധരായ പാവപ്പെട്ട തൊഴിലാളികൾക്ക് കിട്ടേണ്ട തുക നഷ്ടപ്പെടുത്തുന്നു. ഈ സർക്കാർ ആരോടൊപ്പമാണ് എന്ന് ഈ ഉദാഹരണം തെളിയിക്കുന്നു.

സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതരായ പട്ടികജാതി/പട്ടിക വിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾ ഒരു പരിഷ്കൃത സർക്കാരിന്റെ മുഖ്യ പരിഗണനയിൽ വരേണ്ടതാണ്. പക്ഷേ പിണറായി സർക്കാർ അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷ്കരുണം തടഞ്ഞുവെച്ചിരിക്കുന്നത് നാം കാണുന്നു. ഈ രംഗത്ത് കഴിഞ്ഞ അഞ്ചുവർഷമായി പദ്ധതി വിഹിതത്തിലുള്ള വർദ്ധനവ് മരവിപ്പിലാണ്. കൂടാതെ പദ്ധതിയിൽ വകയിരുത്തിയതിൽനിന്നു തന്നെ ആകെ 612 കോടി രൂപയുടെ വെട്ടിക്കുറവും വരുത്തി. ഈ വിഭാഗങ്ങൾക്കുള്ള പ്രവർത്തനങ്ങളെയാകെ ഇത് ബാധിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിൽ 9.42 കോടി രൂപ കുടിശ്ശികയാണ്. ചികിത്സാസഹായ പദ്ധതിയിൽ 34.27 കോടിയും വിവാഹ ധനസഹായത്തിന് 58.70 കോടിയും മിശ്ര വിവാഹിതർക്ക് 65.12 കോടിയും ഏകവരുമാന കുടുംബങ്ങൾക്ക് 15 കോടിയും വിദേശ വിദ്യാഭ്യാസത്തിനുള്ള 56 കോടിയുമാണ് കുടിശ്ശികയായുള്ളത്. ഫുൾ എ പ്ലസ് വാങ്ങുന്ന കുട്ടികൾക്ക് നൽകാൻ പ്രഖ്യാപിച്ചിരുന്ന അരപ്പവൻ സമ്മാനം 2010 മുതൽ നൽകാനുള്ളത് ഇരുപതിനായിരം പേർക്കായി 10,000 പവനാണ്. യുവജനോത്സവത്തിൽ വിജയിക്കുന്നവർക്ക് നൽകേണ്ടുന്ന 10,000 രൂപ 2019 മുതലുള്ളത് കുടിശ്ശികയാണ്. അപേക്ഷ സ്വീകരിക്കുന്നതും ഇപ്പോൾ നിർത്തിയിരിക്കുകയാണ്. പട്ടിക വിഭാഗത്തിലുള്ളവർക്ക് ഫുഡ് സപ്പോർട്ട്, ജനനി, ചികിത്സാസഹായം, വിദ്യാവാഹിനി പദ്ധതികളും മുടങ്ങിയിരിക്കുകയാണ്. ഇ-ഗ്രാന്റ് നൽകാത്തത് കാരണം ഈ വിഭാഗത്തിൽ പഠനം ഉപേക്ഷിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. വികലാംഗരായ കുട്ടികൾക്കുള്ള ഗ്രാന്റുപോലും മുടങ്ങിയിരിക്കുകയാണ്. ഈ സർക്കാർ ആരോടൊപ്പമാണ്?

രോഗബാധിതരായ സാധാരണ മനുഷ്യരുടെ ദൈന്യത വർദ്ധിപ്പിക്കുന്ന നടപടികളാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു ആരോഗ്യ സംവിധാനം പ്രവർത്തിപ്പിക്കാനായി വകയിരുത്തുന്ന തുക പോലും നൽകാതെ സർക്കാർ ജനദ്രോഹമാണ് നടത്തുന്നത്. ഉദാഹരണത്തിന് 2023-24 വർഷത്തിൽ വകയിരുത്തിയതിൽനിന്ന് 426 കോടി രൂപ കുറച്ചാണ് ഈ വർഷം ആരോഗ്യ മേഖലയ്ക്ക് നൽകിയത്. 2025-26ലെ പദ്ധതി വിഹിതത്തിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികൾക്കുള്ള വിഹിതത്തിൽ ഇതുവരെ 11.50 ശതമാനം മാത്രമാണ് നൽകിയിരിക്കുന്നത്. സർക്കാർ സമീപനം വ്യക്തം. കാരുണ്യ പദ്ധതിയിൽ 1600 കോടി രൂപയാണ് കുടിശ്ശികയായത്. മെഡിക്കൽ സപ്ലൈസ് കോർപ്പറേഷന് നൽകേണ്ട വൻ തുക നൽകാത്ത തുകാരണം മരുന്നു കമ്പനികളും ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികളും മരുന്നും ഉപകരണങ്ങളും നൽകുന്നില്ലെന്നു മാത്രമല്ല, ഇതിനോടകം നൽകിയതുംകൂടെ അവർ എടുത്തുകൊണ്ടു പോവുകയാണ്. ഹൃദയ ശസ്ത്രക്രിയകൾ അടക്കമുള്ള ജീവൻരക്ഷ ഇടപെടലുകളാണ് മുടങ്ങുന്നത്. ഡോ.ഹാരിസ് ചിറക്കൽ ഉയർത്തിയ പ്രശ്നങ്ങളൊക്കെ ഇതിന്റെ ഫലമായി ഉണ്ടായതാണ്. സമ്പൂർണ്ണ ആരോഗ്യ ചികിത്സ നൽകുന്ന പൊതു ആരോഗ്യ സംവിധാനങ്ങൾ ക്രമേണ സ്വകാര്യ ആശുപത്രികൾക്ക് സമാനം ചിലവേറിയതാവുകയാണ്. അതോടൊപ്പം മതിയായ എണ്ണം ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും നിയമിക്കാത്തതു വഴി സർക്കാർ ആശുപത്രികളിൽ നിന്ന് യഥോചിതം ചികിത്സ ലഭിക്കാതെ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ സാധാരണക്കാരെപ്പോലും നിർബന്ധിതമാക്കുകയാണ്. സാമാന്യ സാമ്പത്തികശേഷിയുള്ളവർപോലും രോഗം വന്നാൽ ചികിത്സ നടത്തി പാപ്പരാവുകയാണ്. ആശുപത്രി ബില്ല് കൊടുക്കാനാവാതെ രോഗിയായ ഭാര്യയെ കൊന്ന് ഭർത്താവ് സ്വകാര്യ ആശുപത്രി കെട്ടിടത്തിൽ നിന്ന് ചാടി ആത്മഹത്യ ചെയ്യുന്ന ഭീകര സംഭവവും അടുത്തയിടെയുണ്ടായി. പാവപ്പെട്ടവരാകട്ടെ മതിയായ ചികിത്സക്കും മരുന്നു സേവയ്ക്കും വഴി കാണാതെ അകാല മരണത്തിലേക്കോ ആത്മഹത്യയിലേക്കോ നടന്നുപോകാൻ വിധിക്കപ്പെടുമ്പോൾ 'മുഖ്യമന്ത്രി എന്നോടൊപ്പം' എന്ന് അവർ കരുതുമോ?

കാലാവസ്ഥാ പ്രശ്നങ്ങളും വിളനാശവും താങ്ങാനാവാതെ, വർദ്ധിക്കുന്ന കൃഷിചെലവും വിളയുടെ വിലക്കുറവും സൃഷ്ടിക്കുന്ന കെടുതികളെയും നേരിട്ട് എവ്വിധവും പിടിച്ചുനിൽക്കാൻ ശ്രമിക്കുന്ന കർഷകരെ ദ്രോഹിക്കുന്ന നയമാണ് സർക്കാരിനുള്ളത്. നെല്ല് സംഭരണത്തിന്റെ കാര്യത്തിലുള്ള പ്രശ്നങ്ങൾ സർക്കാർ രൂക്ഷമാക്കുകയാണ്. സംഭരിച്ച നെല്ലിന്റെ വില കിട്ടാൻ കഠിന സമരം നടത്തേണ്ട സാഹചര്യമാണുള്ളത്. വിളവെടുപ്പ് കാലത്തുതന്നെ അതിന്റെ വില കിട്ടിയില്ലെങ്കിൽ അടുത്ത കൃഷിയിറക്കൽ അവതാളത്തിലാവുമെന്നത് തീർച്ചയാണ്. ഇപ്പോഴത് സ്ഥിരം പ്രതിഭാസമായി മാറിയിരിക്കുന്നു. ഈ ഇനത്തിൽ 359 കോടി രൂപയാണ് കർഷകർക്ക് നൽകാനുള്ളത്. സംഭരണത്തിന്റെ കാര്യത്തിലും സപ്ലൈകോയും മില്ലുകളും ബാങ്കുകളും സർക്കാരും നടത്തുന്ന ഒത്തുകളി കാരണം കർഷകർ ആത്മഹത്യയുടെ വക്കിലാണ്. ഈ രംഗം ഉപേക്ഷിച്ചു പോകാൻ ഏജൻസികളെല്ലാം ചേർന്ന് നിർബന്ധിക്കുന്ന സാഹചര്യമാണുള്ളത്. 2020-21ൽ 20,1870 ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്നത് 2023-24ൽ 179,000 ഹെക്ടറായി കുറഞ്ഞു എന്നത് ആശങ്കാജനകമായ ഒരു ചിത്രമാണ് നൽകുന്നത്. ഈ മേഖലയെ ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കായ മനുഷ്യരോടൊപ്പം മുഖ്യമന്ത്രി ഉണ്ടോ?

ജനകീയാസൂത്രണം, അധികാരവികേന്ദ്രീകരണം എന്നൊക്കെയുള്ള പേരിൽ കേരളത്തിൽ സിപിഐ(എം) സർക്കാർ നടപ്പിലാക്കിയ ലക്ഷണമൊത്ത ആഗോളവൽക്കരണ പദ്ധതിയുടെ ദുഷ്ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ് കേരളം. 1996ൽ ഈ പദ്ധതി ആരംഭിക്കുമ്പോൾ വാർഷിക പദ്ധതിയുടെ 35 മുതൽ 40 ശതമാനം വരെയായിരുന്നു വകയിരുത്തിയത്. വർഷങ്ങൾ കടന്നുപോകവെ, സർക്കാർ നേരിട്ട് വകുപ്പുകൾ വഴി നടത്തിയിരുന്ന ചുമതലകളിൽനിന്ന് അധികമധികം പിന്മാറുകയും പഞ്ചായത്തുകളുടെ ചുമലിലേക്ക് മാറ്റുകയും ചെയ്തു. പക്ഷേ അതേസമയം പദ്ധതി വിഹിതത്തിന്റെ തോത് കുറച്ചുകൊണ്ടുവരികയും ചെയ്തു. ഇപ്പോഴത് 21.6% മാത്രമാണ്. ഈ വിഹിതം തന്നെ പൂർണമായി ചെലവിൽ വരാറില്ല. വർഷാവസാനം വരെ പല കാരണങ്ങൾ പറഞ്ഞ് ഫണ്ട് അനുവദിക്കാതിരിക്കുകയുമാണ്. 2025-26 വർഷത്തിൽ 7 മാസം പിന്നിടുമ്പോൾ 19.59 ശതമാനമാണ് അനുവദിച്ചിരിക്കുന്നത്. ഇതിനർത്ഥം ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ഗതാഗതം അടക്കമുള്ള ഏറ്റവും അടിസ്ഥാന ജനക്ഷേമ പ്രവർത്തനങ്ങൾ വൻതോതിൽ വെട്ടിക്കുറയ്ക്കപ്പെടും എന്നാണ്. ഇത് ജനങ്ങളുടെ ദൈന്യജീവിതം കൂടുതൽ പരിതാപകരമാക്കും എന്നതാണ് ഫലം. ഇങ്ങനെ ദാരിദ്ര്യത്തിലായ പഞ്ചായത്തുകൾ ജനങ്ങളിൽനിന്ന് പലവിധത്തിൽ പിരിവ് നടത്താൻ നിർബന്ധിതമാകും.

തൊഴിലാളികളുടെ കൂലി കുറയ്ക്കുകയും അതുപോലും കുടിശ്ശിക വരുത്തുകയും കൊടുക്കാതിരിക്കുകയും ചെയ്യുന്ന കാര്യത്തിൽ കഴുത്തറപ്പൻ സ്വകാര്യ മുതലാളിമാർക്ക് മാതൃകയാവുകയാണ് സർക്കാർ. കെഎസ്ആർടിസിയിലെ തൊഴിലാളികളെയാണ് സർക്കസ് കമ്പനിക്കാരുടെ മാതൃകയിൽ മൃഗശിക്ഷണത്തിന് ആദ്യം വിധേയമാക്കിയത്. കൂലി കൊടുക്കാതെയും തൊഴിൽ സമയവും ജോലി സമ്മർദ്ദവും കൂട്ടി. സർക്കാരും മാനേജ്മെന്റും ചാട്ടവാർ ചുഴറ്റുമ്പോൾ സാന്ത്വനവും ഭീഷണിയുമായി സർക്കാർവിലാസം സംഘടനകൾ ചുറ്റിനും അണിനിരക്കും. മാസങ്ങളോളം കൂലിയും പെൻഷനും നിഷേധിച്ചു പട്ടിണിക്കിട്ടു. ചിലർ ആത്മഹത്യ ചെയ്തു. അങ്ങനെ വലഞ്ഞപ്പോൾ വല്ലപ്പോഴും എന്തെങ്കിലും ചില്ലറ നൽകി രോഷം തണുപ്പിച്ചു. 1500 സ്ഥിരം ഒഴിവുകളിൽ നി

(ശേഷം 5-ാം പേജിൽ)

മുഖ്യമന്ത്രി കോർപ്പറേറ്റുകളോടും സമുദായ പ്രമാണിമാരോടുമൊപ്പമാണ്

(4–ാം പേജിൽ നിന്ന്)

യമനം നടത്താതെ താൽക്കാലികക്കാരെക്കൊണ്ട് പണിയെടുപ്പിക്കുമ്പോൾ അതൊരു തൊഴിൽ ചൂഷണവും കൂലിക്കൊള്ളയുമാണ്. അങ്ങനെ പതംവരുത്തിയെടുക്കപ്പെട്ട തൊഴിലാളികളെ മാതൃകയാക്കിയാണ് സർക്കാർ ഇതര മേഖലകളിലേക്ക് കടന്നത്.

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളത്തിന്റെയും പെൻഷന്റെയും വകയിൽ നൽകേണ്ടുന്ന ഒരു ലക്ഷം കോടിയോളം രൂപയാണ് പിടിച്ചുവെച്ചിരിക്കുന്നത്. ക്ഷാമബത്ത കുടിശ്ശിക, ശമ്പള പെൻഷൻ പരിഷ്കരണ കുടിശ്ശിക, മെഡിക്കൽ റി-ഇമ്പേഴ്സ്മെന്റ് നിർത്തലാക്കിയത് തുടങ്ങിയ വകയിലാണ് ഈ ഭീമമായ തുക സർക്കാർ മുതലാളി പിടിച്ചുവച്ചിരിക്കുന്നത്. ഒരു വർഷംമുമ്പ് നടപ്പിലാക്കേണ്ടിയിരുന്ന ശമ്പള പരിഷ്കരണം നടപ്പിലാക്കാതിരിക്കുന്നത് വഴിയുള്ള നഷ്ടം ഇതിനു പുറമേയാണ്. മുകളിൽ വിവരിച്ച പ്രകാരം കേരളത്തിലെ സാധാരണ മനുഷ്യർക്ക് അവകാശപ്പെട്ട തുക സഞ്ചിതമായി കണക്കാക്കുകയാണെങ്കിൽ എത്ര ഭീമമായ സാമൂഹിക നഷ്ടമാണിത് എന്ന് മനസ്സിലാവും. ആ തുക ഉടനടി കമ്പോളത്തിൽ എത്തുകയും കമ്പോളത്തെ ഉത്തേജിപ്പിച്ച് സമ്പദ്വ്യവസ്ഥയിൽ ഉണർവ് സൃഷ്ടിക്കുകയും ചെയ്യുമായിരുന്നു. പരോക്ഷമായി സമൂഹത്തിന് അതിന്റെ വിഹിതം ലഭിക്കുമായിരുന്നു. സർക്കാരിന്റെ നികുതി വരുമാനത്തിലും വർദ്ധനവ് ഉണ്ടാകുമായിരുന്നു. ഉദാഹരണത്തിന് സർക്കാർ ജീവനക്കാർക്ക് നൽകേണ്ടിയിരുന്ന ഒരു ലക്ഷം കോടി രൂപ സാമ്പത്തിക ശാസ്ത്രത്തിലെ മൾട്ടിപ്ലയർ തത്വമനുസരിച്ച് രണ്ടരലക്ഷം കോടിയുടെ സാമ്പത്തിക ഇടപാടുകൾ സൃഷ്ടിച്ചേനെ. സർക്കാരിന് അതുവഴി 25,000 കോടി രൂപയുടെ നികുതി വരുമാനവും ഉണ്ടായേനെ. ഉൽപാദനത്തിലും തൊഴിലിലും അത് വർദ്ധനവുണ്ടാക്കിയേനെ.

പക്ഷേ സർക്കാർ ചിന്തിക്കുന്നത് അപ്രകാരമല്ല. ഈ തുക ജനങ്ങളെയും തൊഴിലാളികളെയും കബളിപ്പിച്ച് കൈവശപ്പെടുത്തുന്നതാണ് നല്ല സാമ്പത്തിക മാനേജ്മെന്റ് എന്നാണ് അവർ കരുതുന്നത്. സാമ്പത്തിക ബുദ്ധിമുട്ടാണ്, കേന്ദ്രം തരുന്നില്ല എന്നൊക്കെയുള്ളയുള്ള ചില വാദങ്ങൾ മുമ്പ് ഇറക്കുമായിരുന്നു. പക്ഷേ ഇപ്പോൾ സാമ്പത്തിക പ്രയാസങ്ങൾ ഒന്നുമില്ല എന്ന് ധൈര്യസമേതം പ്രഖ്യാപിച്ചുകൊണ്ടു തന്നെയാണ് ഈ ക്രൂരതകൾ ചെയ്യുന്നത്.

സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടെന്ന് പറയുന്നതിന് കാരണം ജനങ്ങൾക്ക് നൽകേണ്ടത് നൽകാതെ പിടിച്ചു വച്ചിരിക്കുന്നതുകൊണ്ട് മാത്രമല്ല; പലവിധ തന്ത്രങ്ങളിലൂടെ ഇതേ ജനങ്ങളിൽനിന്ന് അധിക മധികം തുക തട്ടിയെടുത്തുകൊണ്ടും കൂടെയാണ്. നികുതിയേതര റവന്യൂ വരുമാനം 7,327 കോടിയിൽ നിന്ന് 16,000 കോടിയായി വർദ്ധിച്ചുവന്ന് ധനകാര്യ മന്ത്രി ബാലഗോപാൽ പറഞ്ഞു. ഇതിൽ ഏറിയ പങ്കും മുൻപ് പറഞ്ഞ വിഭാഗം ജനങ്ങളാണ് നൽകുന്നത്. സർക്കാർ നൽകുന്ന എല്ലാ സേവനങ്ങൾക്കും ഈടാക്കുന്ന സർവീസ് ചാർജ്ജുകൾ വിവിധ യൂസർ ഫീകൾ, ലോട്ടറി എന്ന ചൂതാട്ടത്തിലൂടെ കിട്ടുന്ന വരുമാനം, ഇതൊക്കെയാണ് ഈ വരുമാനത്തിൽപ്പെടുന്നത്. ഇതിലൊക്കെ ഓരോ വർഷവും കുറഞ്ഞത് അഞ്ച് ശതമാനം വർദ്ധനവ് വരുത്തുമെന്ന തീരുമാനവുമുണ്ട്. പക്ഷേ ചില ഫീസുകൾ ഇരട്ടിക്കിരട്ടിയാണ് കൂട്ടുന്നത്. സകലമാന വിദ്യാഭ്യാസ ചെലവുകളും അതിഭീമമായി വർദ്ധിപ്പിച്ചു. സെമസ്റ്റർ ഫീ 15,000 എന്ന് പ്രോസ്പെക്ടസിൽ പറഞ്ഞിട്ട് അത് ഒറ്റയടിക്ക് 50,000 രൂപയാക്കിയത് താങ്ങാനാവാതെ കാർഷിക കോളേജ് വിദ്യാർത്ഥിയായ അർജ്ജുൻ പടിയിറങ്ങിയത് അടുത്തയിടെയാണ്. നാല് വർഷ ഡിഗ്രി കോഴ്സ് അടക്കം സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിലും ഇതാണ് ഫീസ് വർദ്ധനയുടെ തോത്. വിദ്യാഭ്യാസച്ചെലവ് താങ്ങാനാവാതെ പടിയിറങ്ങിപ്പോകുന്ന എല്ലാ വിദ്യാർത്ഥികളും വീഡിയോയെടുത്ത് പ്രചരിപ്പിക്കാത്തതുകൊണ്ട് ഗുരുതരമായ ഈ പ്രശ്നത്തിന്റെ വ്യാപ്തി നാട്ടുകാർ അറിയാതെ പോകുന്നു എന്നുമാത്രം.

പുതിയ തൊഴിലാളി യൂണിയൻ രജിസ്റ്റർ ചെയ്യാൻ 100 രൂപ ഫീസ് ഉണ്ടായിരുന്നത് ഒറ്റയടിക്ക് വർദ്ധിപ്പിച്ച് അത് 10,000 രൂപയാക്കി. നീതിന്യായ സംവിധാനവുമായി ബന്ധപ്പെട്ട എല്ലാ ഫീസുകളും വർധിപ്പിച്ചത് അന്ധാളിപ്പിക്കുന്ന തോതിലാണ്. വെള്ളക്കരവും ഭൂനികുതിയും കെട്ടിട നികുതിയും ബസ് ചാർജ്ജും പെർമിറ്റ് ഫീസുകളും ഭീമമായാണ് വർദ്ധിപ്പിച്ചത്. വൈദ്യുതി ചാർജ് കൂട്ടിക്കൊണ്ടേയിരിക്കാൻ പ്രത്യേകിച്ച് കാരണമൊന്നും പറയേണ്ട എന്നായിട്ടുണ്ട്. അധികാരത്തിന്റെ വാളിന് ഇരകളായി മാറുകയാണ് സാധാരണ മനുഷ്യർ. താമസിക്കുന്ന കിടപ്പാടവും സഞ്ചരിക്കുന്ന വാഹനവും എല്ലാം സർക്കാരിന്റെ കുറവയ്ക്കുള്ള ഉപാധിയായിട്ടാണ് കണക്കാക്കുന്നത്. വരുമാനമില്ലാത്ത മനുഷ്യർക്ക് സ്വന്തം കിടപ്പാടത്തിൽ പട്ടിണി കിടന്നുറങ്ങണമെങ്കിൽപ്പോലും വീട്ടുകരവും വെള്ളക്കരവും വൈദ്യുതി ചാർജ്ജുമായി നല്ലൊരു തുക സർക്കാരിന് നൽകേണ്ടിവരും.

സർക്കാരിന്റെ ഈ കൈയേറ്റങ്ങൾക്ക്

പിആർ വിദഗ്ധരും സൈബർ കൂലിപ്പടയും ചേർന്ന് പൊലിപ്പിച്ചെടുക്കാൻ ശ്രമിക്കുന്ന സർക്കാരിന്റെ ഇമേജ് യാഥാർത്ഥ്യവുമായി ഏറ്റുമുട്ടി തകർന്നു പോകുകയാണ്. "ഇത് കേരളമാണ്, കേരളം നമ്പർ വൺ" എന്ന വീമ്പുപറച്ചിലിനെ പിൻതാങ്ങാൻ ദുരിതമനുഭവിക്കുന്ന വിവിധ വിഭാഗം സാധാരണക്കാർക്കാവില്ല. അവർക്കുവേണ്ടി സർക്കാർ ചെയ്യേണ്ടതൊന്നും ചെയ്യുന്നില്ല. സാമ്പത്തിക ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നില്ല. ദുരിതങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചുകൊണ്ട് നികുതി–ചാർജ് വർദ്ധനവുകളിലൂടെ ജനങ്ങളെ പിഴിയുകയും ചെയ്യുന്നു.

ഇരയാവുന്ന സാധാരണ തൊഴിലാളിയുടെ വരുമാനമാകട്ടെ, കഴിഞ്ഞ 10 വർഷമായി വർദ്ധിക്കുന്നില്ല, എന്നുമാത്രമല്ല സ്ഥിരസ്വഭാവത്തിൽ കുറഞ്ഞു വരികയുമാണ്. പണിയെടുക്കുന്ന ഒരു വിഭാഗത്തിനും വിലക്കയറ്റത്തിന് അനുപാതികമായി ശമ്പള വർദ്ധനവ് നൽകാത്തതിനാൽ യഥാർത്ഥ വരുമാനം കുറഞ്ഞുകൊണ്ടേയിരിക്കുകയാണ്. ഇത്തരത്തിൽ പ്രതിവർഷം മൂന്ന് ശതമാനം ശോഷണം ഉണ്ടാവുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. അതായത് സമൂഹത്തിന് വേണ്ടി അധ്വാനിക്കുന്നവന്റെ വരുമാനം കഴിഞ്ഞ 10 വർഷത്തിനിടെ 30% കുറഞ്ഞു എന്നാണ്. ഇങ്ങനെ വരുമാനം ശോഷിക്കുന്നവന്റെ പുറത്താണ് വീണ്ടും വീണ്ടും സാമ്പത്തിക ആഘാതമേൽപ്പിക്കുന്നത്.

സാധാരണക്കാരിൽനിന്ന് പിരിച്ചെടുക്കുന്ന നികുതിയിൽ വൻവർദ്ധനവ് വരുമ്പോൾ ധനികരുടെ പക്കൽനിന്നുള്ള നികുതി പിരിവിൽ ബോധപൂർവ്വമുള്ള അലംഭാവമാണെന്ന് നമുക്ക് കാണാം. സ്വർണ്ണവില്പനയിൽ നിന്നുള്ള വരവ് ജിഎസ്ടി വരുന്നതിനു മുൻപ് 630 കോടി രൂപയായിരുന്നു. അന്ന് പവന് 4800 രൂപയായിരുന്നു. ഇന്ന് പവന് ഒരു ലക്ഷം രൂപയോട് അടുത്താവുകയും വില്പന എത്രയോ അധികമാവുകയും ചെയ്തിട്ടും 600 കോടിയിൽ നിൽക്കുകയാണ് വില്പന നികുതി പിരിവ്. വിൽപ്പന കൂടാതിരുന്നാൽ പോലും 15,000 കോടി രൂപ നികുതിയായി പിരിച്ചെടുക്കേണ്ടിയിരുന്നതാണ്.

ഇതേ സ്ഥിതി തന്നെയാണ് ബാറുകളിൽ നിന്നുള്ള വരവിന്റെ കാര്യത്തിലും. 2022 നവംബറിൽ 718 ബാറുകളാണ് ഉണ്ടായിരുന്നത്. അത് 2024 നവംബർ ആയപ്പോൾ 836 ആയി. പക്ഷേ നികുതി വരുമാനം 667 കോടിയിൽ നിന്ന് 566 കോടിയായി കുറയുകയാണുണ്ടായത്. ഇക്കാര്യം പ്രതിപക്ഷ നേതാവ് നിയമസഭയിൽ ഉന്നയിച്ചപ്പോൾ ധനകാര്യ മന്ത്രി മൗനം പാലിച്ചു എന്നതും ശ്രദ്ധേയമാണ്. വൻകിടക്കാരെ ഇത്തരത്തിൽ നികുതി വലയിൽനിന്ന് ഒഴിവാക്കുന്നത് വെളിവാക്കുന്നത് അഴിമതി മാത്രമല്ല, സർക്കാരിന്റെ മൂലധന ശക്തികളോടുള്ള ആഭിമുഖ്യത്തെ കൂടിയാണ്. ഇതേ അവസരത്തിൽ തന്നെയാണ് ചെറുകിട വ്യാപാരികളെ ജിഎസ്ടി എന്ന കുരുക്കുകയർകൊണ്ട് പൂട്ടുന്നത്. ചെറുകിട വ്യാപാരരംഗം പിടിച്ചടക്കുന്ന വൻകിടക്കാരോട് മത്സരിക്കാനാവാതെ പൂട്ടിപ്പോകാറായി നിൽക്കുന്ന ചെറുകിട വ്യാപാരികളുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുകയാണ് ജിഎസ്ടി രാജ്.

അപ്പോൾ മുഖ്യമന്ത്രി എന്നോടൊപ്പം എന്ന് ആരാവും പറയുക? ഈ സർക്കാരിന്റെ ഗുണഭോക്താക്കൾ പറയും. എൽഡിഎഫ് സർക്കാരിന്റെ പാർട്ണറായ അദാനിയും കേരളത്തിന്റെ ബ്രാൻഡ് അംബാസിഡറായ യൂസഫലിയും വെള്ളാപ്പള്ളിയും സുകുമാരൻ നായരും അടങ്ങുന്ന പൗരപ്രമുഖരും ഉറപ്പായും പറയും. പക്ഷേ ഫീസ് വർദ്ധന താങ്ങാനാവാതെ പഠനം ഉപേക്ഷിച്ച അർജ്ജുനും ആശുപത്രി ഫീസ് താങ്ങാവാതെ പ്രിയപത്നിയെ കൊന്ന് അതേ ആശുപത്രിയിൽനിന്നു ചാടി ആത്മഹത്യ ചെയ്ത ഭാസുരാംഗനും ഉൾപ്പെടെ അനേകം സാധാരണ മനുഷ്യർക്ക് ഈ ഭരണം ഒരു പേടിസ്വപ്നം തന്നെയാണ്. ■

പിഎം ശ്രീ പദ്ധതിയിൽ നിന്നും സംസ്ഥാന സർക്കാർ ഉടൻ പിന്മാറുക

എസ്‌യുസിഐ(കമ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ഒക്ടോബർ 27ന് തിരുവനന്തപുരത്ത് നടത്തിയ പത്രസമ്മേളനം

പിഎം ശ്രീ എന്ന വിധ്വംസക പദ്ധതിയുടെ ധാരണാപത്രത്തിൽ ഏകപക്ഷീയവും രഹസ്യാത്മകവുമായി ഒപ്പു വെച്ചു കൊണ്ട് സിപിഐ(എം) കേരള സമൂഹത്തോട് കൊടിയ വഞ്ചനയാണ് നടത്തിയിരിക്കുന്നത്. വിദ്യാഭ്യാസത്തെയും മാനവികതയെയും തകർക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഇടതുസർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നിരവധി നടപടികളിൽ ഒടുവിലത്തേതാണ് പിഎം ശ്രീ. കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗത്തെ പൂർണ്ണമായും എൻഇപിക്ക് അടിയറവെയ്ക്കുകയാണ് ഇതിലൂടെ സംസ്ഥാന സർക്കാർ ചെയ്തിരിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തിന് എന്താണ് കുഴപ്പം, ദേശീയ വിദ്യാഭ്യാസ നയത്തെ സംബന്ധിച്ച തന്റെ നിലപാട് മാറ്റി എന്നീ പ്രസ്താവനകളിലൂടെ, തങ്ങളുടെ അവസരവാദപരമായ നിലപാട് വിദ്യാഭ്യാസ മന്ത്രി ആവർത്തിച്ച് ഉറപ്പിച്ചിരിക്കുന്നു. നമ്മുടെ കുട്ടികൾക്ക് ലഭിക്കേണ്ട ഫണ്ട് നഷ്ടപ്പെടാതിരിക്കാനുള്ള തന്ത്രപരമായ നീക്കം എന്ന പരിഹാസ്യമായ വിശദീകരണമാണ് സിപിഐ(എം) ഈ വഞ്ചനാത്മകമായ നിലപാടിനെ സാധൂകരിക്കുവാനായി ആവർത്തിച്ചു കൊണ്ടിരിക്കുന്നത്.

കോർപ്പറേറ്റു കാലഘട്ടത്തിന്റെ വിദ്യാഭ്യാസ ആവശ്യകതകളെ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്യപ്പെട്ടിട്ടുള്ള ഒന്നുമാത്രമാണ് ദേശീയ വിദ്യാഭ്യാസ നയം -2020. വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണമായ വാണിജ്യവത്ക്കരണവും വർഗ്ഗീയവത്ക്കരണവും കേന്ദ്രീകരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള ഫാസിസ്റ്റ് പദ്ധതിയാണിത്. കോവിഡ് കാലത്തെ അടച്ചുപൂട്ടൽ അവസരമായെടുത്ത്, പാർലമെന്റിൽ പോലും അവതരിപ്പിക്കാതെ NEP 2020 നടപ്പാക്കുകയാണ് ബിജെപി സർക്കാർ ചെയ്തത്.

രാജ്യമെമ്പാടും എൻ ഇപിയുടെ നടപ്പിലാക്കലിനെ പ്രതിരോധിക്കുവാൻ പര്യാപ്തമായ സമരങ്ങൾ വളർത്തിയെടുക്കുവാൻ വിദ്യാഭ്യാസ സ്നേഹികളും ജനാധിപത്യ വിശ്വാസികളും ഇടതുപക്ഷ പ്രസ്ഥാനങ്ങളും അഹോരാത്രം പ്രയത്നിക്കുകയാണ്. കർണ്ണാടകയിൽ നാലു വർഷ ഡിഗ്രിക്കെതിരെയും സർക്കാർ സ്കൂളുകളിൽ ഫീസ് ഏർപ്പെടുത്തുന്നതിനെതിരെയും സ്കൂൾ പാഠപുസ്തകങ്ങളിൽ ഭഗത് സിംഗിനെ കുറിച്ചുള്ള പാഠഭാഗങ്ങൾ ഒഴിവാക്കിക്കൊണ്ട്, ഹെഡ്ഗേവാറിനെ കുറിച്ചുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിനെതിരെയും എഐഡിഎസ്ഒയുടെ നേതൃത്വത്തിലുണ്ടായ വിദ്യാർത്ഥി സമരങ്ങൾ, വിദ്യാഭ്യാസ സ്നേഹികളുടെയും ജനങ്ങളുടെയും പിന്തുണയോടെ വിജയം വരിക്കുന്നത് നമ്മൾ കണ്ടതാണ്. എൻഇപിയെ പ്രതിരോധിക്കുന്ന തിൽ രാജ്യത്തിനാകെ മാതൃകയാണ് ഈ സമരങ്ങൾ. എന്നാൽ കേരളത്തിൽ എൻഇപിയ്ക്കെതിരായി ചെറുവിരൽ അനക്കാൻപോലും മുതിരുന്നില്ലതോ പോകട്ടെ, എഇപിയുടെ നയങ്ങൾ നടപ്പാക്കി പ്രക്ഷോഭത്തെ ദുർബ്ബലപ്പെടുത്തുന്ന ചതിയാണ് ഇടതുസർക്കാർ ചെയ്യുന്നത്.

ദേശീയ വിദ്യാഭ്യാസ നയത്തിന് എതിരാണെന്ന് ഭാവിക്കുമ്പോഴും, എൽഡിഎഫ് ഭരണത്തിൻ കീഴിൽ വിവിധ പേരുകളിൽ കേരളത്തിൽ എൻഇപി നടപ്പിലാക്കപ്പെടുകയായിരുന്നു. നാലുവർഷ ബിരുദവും, സ്വകാര്യ സർവകലാശാല ബില്ലും, പുതിയ കേരള പാഠ്യപദ്ധതി ചട്ടക്കൂടും 2020 ഏപ്രിൽ 1 ന്റെ ഉത്തരവുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ഒടുവിൽ പിഎംശ്രീയും.

കേന്ദ്ര സർക്കാരിന്റെ വർഗ്ഗീയ-ഫാസിസ്റ്റ് നയങ്ങൾക്കെതിരെ വാചകക്കസർത്തല്ലാതെ നയങ്ങളെ പരാജയപ്പെടുത്തക്കവിധമുള്ള ജനകീയപ്രക്ഷോഭത്തിന്റെ കടമ നിറവേറ്റാൻ സിപിഐ(എം) തയ്യാറല്ല. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാനത്തെ പുരോഗമന- ജനാധിപത്യ-മതേതര ശക്തികളും ഓരോ വ്യക്തിയും ഒരുമിച്ചുകൊണ്ട് വിശാലമായ ഒരു സമരനിര പിഎം ശ്രീയ്ക്കും ദേശീയ വിദ്യാഭ്യാസ നയത്തിനുമെതിരെ വളർത്തിയെടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

സമാനതകളില്ലാത്ത പ്രതികാരബുദ്ധിയോടെ പിണറായി സർക്കാർ ആശാസമരത്തെ നേരിട്ടു

(1–ാം പേജിൽ നിന്ന്)

ട്ടു കുറയുമെന്നും പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ആശമാർ സർക്കാരിന്റെ പരാജയം ഉറപ്പിക്കാൻ രംഗത്തിറങ്ങുമെന്നും പിഎം ശ്രീ പദ്ധതിയിൽ രഹസ്യമായി ഒപ്പിട്ടതിന്റെ ജാള്യം മറയ്ക്കാൻ ചില ചെപ്പടിവിദ്യകൾ വേണ്ടതുണ്ടെന്നും കണ്ടിട്ടാണ് സമരത്തെ ഇനിയും അവഗണിക്കാനാവില്ലെന്ന് മുഖ്യമന്ത്രിക്ക് ബോധ്യപ്പെട്ടത്. അംഗനവാടി ജീവനക്കാർക്കും സ്കൂൾ പാചകത്തൊഴിലാളികൾക്കും നാമമാത്രമെങ്കിലും വേതന വർദ്ധന പ്രഖ്യാപിക്കാൻ സർക്കാർ നിർബന്ധിതമായത് ഐതിഹാസികമായ ഈ സമരത്തിന്റെ സമ്മർദ്ദംമൂലമാണ്.

വർണ്ണനയ്ക്കപ്പുറം യാതനാനിർഭരമായ സമരത്തിന്റെ ഒടുവിലത്തെ നേട്ടമാണ് അപര്യാപ്തമെങ്കിലുമുള്ള ഈ വർദ്ധന. സമരം തുടങ്ങുമ്പോളുന്നയിച്ച ഡിമാന്റുകളിൽ പലതും ഇതിനോടകം ആശമാർ നേടിക്കഴിഞ്ഞിരുന്നു. സമരത്തിനുശേഷമാണ് ഓരോ മാസത്തെയും വേതനം ഏറെക്കുറെ കുടിശ്ശികയാകാതെ ആശമാർക്കു ലഭിക്കുന്നത്. 62 വയസ്സിൽ പിരിഞ്ഞുപോകണമെന്ന നിബന്ധന റദ്ദാക്കി. ഓണറേറിയം മുഴുവനായും ലഭിക്കുന്നതിനു തടസ്സമായിരുന്ന നിബന്ധനകൾ എടുത്തുകളഞ്ഞു. മെഡിക്കൽ ഓഫീസർമാരും പഞ്ചായത്ത് അധികാരികളും എന്തിന് പോലീസുംവരെ ആജ്ഞാപിക്കുന്ന കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതരായിരുന്ന ആശമാർ ഇനിമേൽ ചെയ്യേണ്ട ജോലികളെന്തെന്ന് വ്യക്തമായി നിർവ്വചിക്കപ്പെട്ടു. പാർലമെന്റിലടക്കം ചർച്ചയായ ആശാസമരത്തിന്റെ ഫലമായി ഇന്ത്യയിലെ പത്തുലക്ഷം ആശമാരുടെ ഇൻസെന്റീവ് 3500 രൂപയായും വിരമിക്കൽ ആനുകൂല്യം 50,000 രൂപയായും വർദ്ധിപ്പിച്ചു. സർവ്വോപരി, പോരാടുന്ന സ്ത്രീകളുടെ പ്രതീകമെന്ന നിലയിൽ ആശമാരുടെ ആത്മാഭിമാനവും സാമൂഹികാംഗീകാരവും ഉയർന്നുവന്നു. തളംകെട്ടിക്കിടക്കുന്ന സമൂഹത്തിൽ, പണിയെടുക്കുന്നവരുടെ മോചനമാർഗ്ഗം ജനാധിപത്യസമരങ്ങളാണ് എന്ന ബോധം പടർന്നു. ആശാസമരം ഒരു സാമൂഹിക മുന്നേറ്റമായി മാറി.

എന്നാൽ, ഓണറേറിയം 21,000 രൂപയാക്കുക, വിരമിക്കൽ ആനുകൂല്യം 5 ലക്ഷം രൂപ പ്രഖ്യാപിക്കുക എന്നീ മുഖ്യഡിമാന്റുകളിൽ തൃപ്തികരമായ തീരുമാനം ഉണ്ടാകാത്തതിനാൽ സമരം പുതിയ ഘട്ടത്തിലേക്കുയർത്തുകയാണെന്നാണ് KAHWA ഭാരവാഹികൾ പ്രഖ്യാപിച്ചിരിക്കുന്നത്. കേരളസമൂഹം അതിനോടു ചേർന്നു നില്ക്കുകയുമാണ്. കാരണം, അവരുടെ മുന്നിലാണ് പെരുമഴയിൽ തലയ്ക്കുമീതേ ഉയർത്തിയ ടാർപാളിൻ ഷീറ്റ് പോലീസ് അഴിപ്പിച്ചതും ഏറ്റവുമൊടുവിൽ ക്ലിഫ് ഹൗസ് മാർച്ചിനെത്തിയ ആശമാരുടെ നെഞ്ചിനു നേരേ പോലീസ് ജീപ്പ് ഇരപ്പിച്ചെത്തിയതും അവരുടെ മൈക്ക് സെറ്റ് അഴിച്ചെടുത്തോടിയതും. ഒരു വാഹനത്തിനു നേരെയും കല്ലെറിയാതെ, പൊതുജനത്തെ ദ്രോഹിക്കാതെ, പോലീസിനെ ആക്രമിക്കാതെ എന്നാൽ വീറുറ്റ രീതിയിൽ വളർന്നുവന്ന ഈ സമരം സ്വാധീനിച്ചതുപോലെ സമീപകാലത്തൊന്നും ഒരു രാഷ്ട്രീയ സംഭവവികാസവും കേരളമനഃസാക്ഷിയെ സ്വാധീനിച്ചിട്ടില്ല.

ആശമാർ ആവശ്യപ്പെട്ട ഡിമാന്റുകൾ അംഗീകരിക്കുന്നതിന് വലിയ സാമ്പത്തികബാധ്യതകൾ സർക്കാരിനുണ്ടായിരുന്നില്ല. സമരം താല്ക്കാലികമായി അവസാനിപ്പിക്കാൻ ഒത്തുതീർപ്പെന്ന നിലയിൽ അവർ ആവശ്യപ്പെട്ട 3000 രൂപയുടെ താല്ക്കാലിക വർദ്ധനവ് നടപ്പാക്കാൻ പ്രതിവർഷം വേണ്ടിവരുന്നത് 94 കോടി രൂപ മാത്രമാണ്. സർക്കാരിന്റെ ധൂർത്തിനും ആഡംബരത്തിനും കോടികൾ വാരിക്കോരി ചെലവഴിക്കുകയാണ്. എങ്കിൽ ഏറ്റവും നിസ്വരായ ഈ സ്ത്രീത്തൊഴിലാളികളെ സർക്കാർ എട്ടുമാസം വെയിലിലും പൊടിയിലും മഴയിലും നിർത്തിയതെന്തിനാണ്?

ഇടതെന്ന മേലങ്കിയണിഞ്ഞ് പിണറായി വിജയൻ കേരള രാഷ്ട്രീയമണ്ഡലത്തിലേക്ക് ഒളിച്ചു കടത്താൻ ശ്രമിക്കുന്ന കോർപ്പറേറ്റ് ദാസ്യത്തിന്റെയും കൂട്ടിക്കൊടുപ്പിന്റെയും വാസ്തവം അറിയുമ്പോഴേ ഇതിനുത്തരം കിട്ടൂ. തികച്ചും അരാഷ്ട്രീയമായ, കാപട്യംനിറഞ്ഞ "എല്ലാം ശരിയാകും" എന്ന മുദ്രാവാക്യമുയർത്തിയാണ് ഒന്നാം പിണറായി സർക്കാർ അധികാരത്തിലെത്തിയത്. കേരളത്തിലെ കെഎസ്ഇബിയും കെഎസ്ആർടിസിയും പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ വാണിജ്യവല്ക്കരണത്തിനും തൊഴിലവകാശലംഘനങ്ങൾക്കും അടിത്തറയൊരുക്കിയത് ആ സർക്കാരായിരുന്നു. കെഎസ്ആർടിസിയിൽ താല്ക്കാലിക ജീവനക്കാരെ മാത്രം നിയമിക്കുന്ന സ്വിഫ്റ്റ് കമ്പനി തുടങ്ങിയത് അക്കാലത്താണ്. സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ അരങ്ങൊരുക്കിയതും അക്കാലത്തുതന്നെ. പ്രളയത്തിന്റെയും കൊറോണ മഹാമാരിയുടെയും പിറകേവന്ന തിരഞ്ഞെടുപ്പിൽ ഭരണത്തിന്റെ ആനുകൂല്യത്താൽ വീണ്ടും അധികാരത്തിലെത്തിയപ്പോൾ പിണറായി വിജയൻ പ്രഖ്യാപിച്ചത് "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്" നടപ്പാക്കുകയായിരിക്കും തങ്ങളുടെ മുഖ്യലക്ഷ്യം എന്നായിരുന്നു. മൂലധനത്തിന്റെ, അതേതൊരു ക്രിമിനൽ മൂലധനത്തിന്റേതായാലും ശരി സർവ്വതന്ത്രസ്വതന്ത്രമായ ആധിപത്യത്തിനു തടസ്സമായ തൊഴിൽ പ്രശ്നങ്ങളെ അടക്കി നിർത്തുക എന്നതാണീ നയത്തിന്റെ സത്ത. തൊഴിൽസമരങ്ങളെ ചർച്ചയിലൂടെ പരിഹരിക്കുക എന്നതല്ല മറിച്ച്, സമരങ്ങൾ ഉയർന്നു വരുന്നതേ ശല്യമായി കാണുക എന്നതാണ് ഈ നയത്തിന്റെ ബാക്കിപത്രം. നോക്കുകൂലി നിരോധിക്കും എന്നൊക്കെപ്പറഞ്ഞ് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ പറ്റുന്ന വിഷയങ്ങൾ ഊതിവീർപ്പിച്ച് നിക്ഷേപസൗഹൃദസംസ്ഥാനം എന്ന കോർപ്പറേറ്റ് ബഹുമതി നേടാനായിരുന്നു ഈ നയം. കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ അംഗങ്ങളായ സിഐടിയു എന്ന സംഘടനയെ സമരവിരുദ്ധരാക്കുക എന്നതായിരുന്നു ഇതിന്റെ ആദ്യഫലം. കേരളം തൊഴിൽസമരങ്ങളുടെ ശവപ്പറമ്പായി മാറി. സിഐടിയു ഉൾപ്പടെയുള്ള കേന്ദ്ര ട്രേഡ് യൂണിയനുകൾ എതിർക്കുന്ന മോദിസർക്കാരിന്റെ കുപ്രസിദ്ധമായ ലേബർ കോഡുകൾക്ക് ആദ്യമായി ചട്ടമുണ്ടാക്കിയത് പിണറായി സർക്കാരായിരുന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും എഐയുടിയുസിയുമൊഴികെ ഒരു സംഘടനയും എന്നിട്ടും അനങ്ങിയില്ല.

എന്നാൽ, വളർച്ച മുരടിച്ച്, തരിമ്പുപോലും മുന്നോട്ടു പോകാനാകാതെ ഉഴറുന്ന മുതലാളിത്തത്തിനു കീഴിൽ ജനങ്ങളുടെ പ്രതിസന്ധി ആഴമേറിവന്നു. വിലക്കയറ്റം സകലപരിധികളും കടന്നു. തൊഴിൽ നഷ്ടം നിത്യസംഭവമായി. പണിയെടുക്കുന്നവരുടെ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കപ്പെടുകയോ മരവിപ്പിക്കുകയോ ചെയ്തു. ഏറ്റവും സംഘടിതരായ സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഒരു ലക്ഷത്തോളം കോടി രൂപയുടെ ആനുകൂല്യങ്ങൾ പിടിച്ചുവച്ചു.

ഈ സാഹചര്യത്തിലാണ് കഴിഞ്ഞ രണ്ടുവർഷമായി ഒരേ വേതനത്തിനു പണിയെടുക്കുന്ന, അതുപോലും വല്ലപ്പോഴും മാത്രം ലഭിക്കുന്ന അവസ്ഥയിൽ ആശമാർ സമരത്തിനിറങ്ങിയത്. അവരുടെ ഡിമാന്റുകളുടെ ന്യായയുക്തതയും സർക്കാരിന്റെ തിരിഞ്ഞുനില്പും സർക്കാർ പിണിയാളുകളുടെ അധിക്ഷേപങ്ങളും കേരളത്തിലെ ജനങ്ങൾ ഇതിനകംതന്നെ കണ്ടറിഞ്ഞതാണ്. യൂണിറ്റി പല ലക്കങ്ങളിൽ ഇതിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പാക്കുന്നതിൽ മോദിയുടെ അവാർഡു നേടിയ പിണറായി വിജയൻ അതുകൊണ്ടുതന്നെ സമരത്തോട് പുറംതിരിഞ്ഞുനിന്നു.

ഭീമാകാരമായ ഒരു സർക്കാർ സംവിധാനം മുഴുവനും സമരം ചെയ്യുന്ന ഏഴകളായ സ്ത്രീകൾക്കെതിരെ നിന്നു. മന്ത്രിമാരും സർക്കാരിനെ പിന്തുണയ്ക്കുന്നവരുമെല്ലാം തങ്ങളുടെ ശേഷിക്കൊത്തവണ്ണം സമരത്തെ താറടിക്കാൻ രംഗത്തെത്തി. എന്നാൽ തങ്ങളിതേവരെ 'കൈകാര്യം ചെയ്ത' തരം തൊഴിലാളികളല്ല ആശമാരെന്ന് സർക്കാരിന് താമസംവിനാ മനസ്സിലായി. ജീ

(ശേഷം 7–ാം പേജിൽ)

ഒക്ടോബർ 22ന് ആശമാർ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് നടത്തിയ മാർച്ച്.

ക്ലിഫ് ഹൗസ് മാർച്ച്: കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ട്രഷറർ എ.സബൂറയുടെ നേരെ പോലീസ് ജീപ്പ് പാഞ്ഞടുക്കുന്നു.

ആശമാരുടെ ക്ലിഫ് ഹൗസ് മാർച്ച്: വിവിധ ദൃശ്യങ്ങൾ

സർക്കാരിന്റെ കോർപ്പറേറ്റ് ദാസ്യത്തിന് തൊഴിലാളി സമരത്തിലൂടെ വെല്ലുവിളി ഉയർത്തി ആശാസമരം

(6–ാം പേജിൽ നിന്ന്)

വിതമേല്പിച്ച മുറിവുകൾ വടുക്കളായി കരുത്തു നേടിയ ഈ സാധാരണക്കാരായ സ്ത്രീകൾ ശക്തമായ തങ്ങളുടെ നേതൃത്വത്തിനു കീഴിൽ സമാനതകളില്ലാത്ത ത്യാഗങ്ങളിലൂടെ സമരത്തെ മുന്നോട്ടു കൊണ്ടുപോയി. അംഗനവാടി ജീവനക്കാരും പിഎസ്സി റാങ്ക് ലിസ്റ്റിലുൾപ്പെട്ട യുവാക്കളുമെല്ലാം തീവ്രമായ സമരം നടത്തിയിട്ടും ഒരു പരിധിക്കപ്പുറത്തേക്കു കൊണ്ടുപോകാൻ പറ്റാത്ത വിധം സർക്കാർ അവയെ പൂട്ടിട്ടുനിർത്തിയ ഘട്ടത്തിലും ആശമാരുടെ സമരം മുന്നോട്ടു പോയി. കേരളത്തിന്റെ അഭിപ്രായരൂപീകരണത്തിൽ സ്വാധീനം ചെലുത്തുന്ന മുൻനിര ബുദ്ധിജീവികളും ആക്ടിവിസ്റ്റുകളും തുടക്കംമുതൽ സമരത്തോടൊപ്പം അണിനിരന്നു. ഇതിനിടെ വന്ന നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ ആശമാരെ വഞ്ചിച്ചവരെ പരാജയപ്പെടുത്തുക എന്ന മുദ്രാവാക്യവുമായി ആശമാർ പ്രചരണം നടത്തിയതും ഇടതുമുന്നണി സ്ഥാനാർത്ഥി റിക്കാർഡ് ഭൂരിപക്ഷത്തിനു തോറ്റതും സർക്കാരിനെ ഉലച്ചെങ്കിലും ആശമാരുടെ ഡിമാന്റുകൾ അംഗീകരിച്ചാൽ സമരത്തിനു കീഴടങ്ങി 'ചീത്തപ്പേര്' നേടിയവർ എന്ന സന്ദേശം കോർപ്പറേറ്റുകൾക്കു നൽകും എന്ന ഭയത്താൽ വീണ്ടും സമരത്തെ അവഗണിച്ചു.

എന്നാൽ ആശാസമരം കേരള ജനതയുടെ മനഃസാക്ഷിയിൽ സൃഷ്ടിച്ച ആഴമേറിയ സ്വാധീനം തങ്ങളുടെ തിരഞ്ഞെടുപ്പ് വിജയ സാധ്യതകളെപ്പോലും ബാധിക്കും എന്ന ഘട്ടമെത്തിയതോടെ സമരത്തെ അഭിസംബോധന ചെയ്യ എന്നു വരുത്താതെ തന്നെ ഓണറേറിയം 1000 രൂപ വർദ്ധിപ്പിക്കുകയാണ് സർക്കാർ ചെയ്തത്. സമരത്തെ എത്രയൊക്കെ അവഗണിക്കാൻ ശ്രമിച്ചാലും തങ്ങളുന്നയിച്ച ഡിമാന്റുമായി താരതമ്യപ്പെടുത്തിയാൽ അപര്യാപ്തമായ ഈ വർദ്ധനവ് സർക്കാരുയർത്തിയ പർവ്വതസമാനമായപ്രതിബന്ധങ്ങളുടെ പശ്ചാത്തലത്തിൽ എണ്ണപ്പെട്ട നേട്ടമാണ്. ഈ നേട്ടത്തിന്റെ രാഷ്ട്രീയപ്രാധാന്യം ഉൾക്കൊണ്ടുതന്നെ ഡിമാന്റുകൾ നേടുന്നതുവരെ ഉയർന്ന തലത്തിലേക്കു സമരം കൊണ്ടു പോകാൻ ആശമാർ തീരുമാനിച്ചിരിക്കുന്നു. ജനാധിപത്യം പുലർന്നു കാണണമെന്നാഗ്രഹിക്കുന്ന കേരള സമൂഹം ഇതോടൊപ്പം സർവ്വാത്മനാ സഹകരിക്കേണ്ടതുണ്ട്. യൂസഫലിയെപ്പോലുള്ള മുതലാളിമാരുടെ ഔദാര്യം തേടിയും അഴിമതിയിൽ കുരുങ്ങിയ സമുദായനേതാക്കളെ കക്ഷത്തിലാക്കിയും തരാതരം വർഗ്ഗീയത മൂർച്ഛിപ്പിച്ചും മോദിയെയും നിതീഷ് കുമാറിനെയും പോലെ സൗജന്യങ്ങൾ വീശിയെറിഞ്ഞും അടുത്ത തിരഞ്ഞെടുപ്പു ജയിക്കാമെന്നു കരുതുന്ന പിണറായി വിജയന്റെ ധാർഷ്ട്യത്തെയും പരാജയപ്പെടുത്തേണ്ടിയിരിക്കുന്നു.

യാതനാനിർഭരമായ സമരത്തിന്റെ ഒടുവിലത്തെ നേട്ടമാണ് ഓണറേറിയം വർദ്ധന. ഡിമാന്റുകളിൽ പലതും ഇതിനോടകം നേടിക്കഴിഞ്ഞു. ഓരോ മാസത്തെയും വേതനം കുടിശ്ശികയാകാതെ ആശമാർക്കു ലഭിക്കുന്നുണ്ട്. 62 വയസ്സിൽ പിരിഞ്ഞു പോകണമെന്ന നിബന്ധന റദ്ദാക്കി. ഓണറേറിയം മുഴുവനായും ലഭിക്കുന്നതിനു തടസ്സമായിരുന്ന നിബന്ധനകൾ എടുത്തുകളഞ്ഞു. അധികാരികൾ ആജ്ഞാപിക്കുന്ന കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതരായിരുന്ന ആശമാരുടെ ജോലികൾ വ്യക്തമായി നിർവ്വചിക്കപ്പെട്ടു. ഇന്ത്യയിലെ പത്തുലക്ഷം ആശമാരുടെ ഇൻസെന്റീവ് 3500 രൂപയായും വിരമിക്കൽ ആനുകൂല്യം 50,000 രൂപയായും വർദ്ധിപ്പിച്ചു. ആശമാരുടെ ആത്മാഭിമാനവും സാമൂഹികാംഗീകാരവും ഉയർന്നു. തളം കെട്ടിക്കിടക്കുന്ന സമൂഹത്തിൽ, പണിയെടുക്കുന്നവരുടെ മോചനമാർഗ്ഗം ജനാധിപത്യ സമരങ്ങളാണ് എന്ന ബോധം പടർന്നു. ആശാസമരം ഒരു സാമൂഹിക മുന്നേറ്റമായി മാറി.

ആശമാരുടെ സമരശക്തിയെ കേരളത്തിനു കാട്ടിക്കൊടുത്ത കേരള ആശാഹെൽത്ത് വർക്കേഴ്സ് അസോസിയേഷനാണ് സമരത്തിന്റെ അടുത്തഉയർന്നഘട്ടംപ്രഖ്യാപിച്ചിട്ടുള്ളത്. പണിയെടുത്ത് ജീവിക്കുന്ന മുഴുവൻ തൊഴിലാളികൾക്കും പോരാട്ടത്തിന്റെ മാർഗ്ഗം കാട്ടുന്ന ഒന്നായി ആശാസമരം ചരിത്രത്തിൽ രേഖപ്പെടുത്തുക തന്നെ ചെയ്യും.

ക്ലിഫ് ഹൗസ് മാർച്ച്

ഫെബ്രുവരി 10ന് ആരംഭിച്ച ആശാ സമരത്തിന്റെ ആറാം ഘട്ടമായി ഒക്ടോബർ 22ന് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിലേക്ക് നൂറുകണക്കിന് ആശമാർ പങ്കെടുത്ത വമ്പൻ മാർച്ച് നടന്നു. സെക്രട്ടേറിയറ്റിനുമുന്നിൽ ആശമാരുടെ സമരം എട്ടുമാസം പിന്നിട്ടിട്ടും സമരക്കാരെ കാണാനോ ഡിമാന്റുകൾ അംഗീകരിച്ച് സമരം ഒത്തുതീർപ്പാക്കാനോ മുഖ്യമന്ത്രി തയ്യാറാകത്തതിൽ പ്രതിഷേധിച്ചാണ് ക്ലിഫ് ഹൗസ് മാർച്ച് പ്രഖ്യാപിച്ചത്. സമരമെന്നാൽ അക്രമികളുടെ അഴിഞ്ഞാട്ടമല്ല, മറിച്ച് അച്ചടക്കമുള്ളതും ഉയർന്നുചിന്തിക്കുന്നതുമായ ധിഷണകൾ നടത്തുന്ന ഉന്നതമായ സാംസ്കാരിക പ്രവർത്തനമാണെന്ന് കേരള സമൂഹത്തെ പഠിപ്പിച്ചുകൊണ്ട് ഏറ്റവും സമാധാനപരമായ ജനാധിപത്യമാർഗ്ഗങ്ങൾ മാത്രം അവലംബിച്ച് സഹനസമരം നടത്തിവന്ന ആശമാർക്കുനേരെ പോലീസിന്റെ അഴിഞ്ഞാട്ടമാണ് ദേവസ്വംബോർഡ് ജംഗ്ഷനിൽ നടന്നത്. രാവിലെ പി എം ജി ജംഗ്ഷനിൽ നിന്നും ആരംഭിച്ച ആശമാരുടെ മാർച്ച് ദേവസ്വം ബോർഡ് ജംഗ്ഷനിൽ തടഞ്ഞ പോലീസ്, മൂന്നുതവണ ജലപീരങ്കി ചീറ്റിച്ചിട്ടും സമരക്കാർ പിരിഞ്ഞു പോകാൻ തയ്യാറായില്ല. ബാരിക്കേഡ് മറികടന്ന ആശമാരെ പോലീസ് കസ്റ്റഡിയിലെടുത്തു. ആശമാരും നേതാക്കളും ബാരിക്കേഡിന് മുകളിലും മുന്നിലുമായി നിലയുറപ്പിച്ചു.

ബലംപ്രയോഗിച്ച് പിരിച്ചുവിടാൻ ശ്രമിക്കുകയും സമരക്കാർക്കുനേരെ പോലീസ് ജീപ്പ് ഓടിച്ചുകയറ്റി അപായപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ട്രഷറർ സബൂറയുടെ നേരെയാണ് അപകടകരമായ നിലയിൽ പോലീസ് ജീപ്പ് ഓടിച്ചു കയറ്റിയത്. ഇതോടെ ബാരിക്കേഡ് മറികടന്ന് കൂടുതൽ ആശമാർ മുന്നോട്ടു നീങ്ങിയതോടെ കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം.എ. ബിന്ദു, വൈസ് പ്രസിഡന്റ് എസ്. മിനി എന്നിവരുൾപ്പെടെ ഇരുപതോളം പേരെ പോലീസ് ബലംപ്രയോഗിച്ചു കസ്റ്റഡിയിലെടുത്തു. എസ്.മിനിയുടെ വസ്ത്രം വലിച്ചുകീറുകയും വലിച്ചിഴക്കുകയും ചെയ്തു. എം.എ. ബിന്ദുവിനെ ബാരിക്കേഡിനിടയിൽ വച്ചമർത്തിയതിനെത്തുടർന്ന് പരിക്കേറ്റു. സമരക്കാരെ ബലം പ്രയോഗിച്ച കസ്റ്റഡിയിലെടുക്കാൻ നടത്തിയ ശ്രമത്തിനിടയിൽ നിരവധി പേരെ റോഡിലൂടെ വലിച്ചിഴച്ചു. സമര പ്രവർത്തകർ ഉപയോഗിച്ചിരുന്ന ഉച്ചഭാഷിണി സംവിധാനങ്ങൾ ഉൾപ്പെടെ പോലീസ് പിടിച്ചെടുത്തു. തുച്ഛവേതനക്കാരായ സ്ത്രീ തൊഴിലാളികൾ നടത്തുന്ന ഏറ്റവും ന്യായമായ സമരത്തോട് ഏറ്റവും ക്രൂരമായി പോലീസ് ഇടപെട്ടു.

പോലീസിന്റെ അവധാനതയില്ലാത്ത നിലപാട് പ്രദേശത്ത് സംഘർഷാവസ്ഥയ്ക്ക് കാരണമായി. ആത്മസംയമനം കൈവെടിയാതെ സമരരംഗത്ത് അടിയുറച്ചു നിന്ന ആശമാർ മുഖ്യമന്ത്രിയെ നേരിൽ കാണാൻ അവസരം ഒരുക്കുമെന്നും അറസ്റ്റ് ചെയ്ത നേതാക്കൻമാരെ വിട്ടയയ്ക്കുമെന്നുമുള്ള എസിപിയുടെ ഉറപ്പിനെത്തുടർന്ന് വൈകിട്ട് ഏഴുമണിയോടെയാണ് പിരിഞ്ഞുപോയത്.

സമാധാനപരമായിരുന്ന മാർച്ചിനു നേരെ നടന്ന പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് ഒക്ടോബർ 23 കരിദിനം പ്രഖ്യാപിച്ച് നഗരത്തിൽ പ്രകടനം നടത്തി. കരിദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന മെമ്പാടും വിപുലമായ പരിപാടികൾ നടന്നു. കറുത്ത ബാഡ്ജ് ധരിച്ചും പ്രതിഷേധ സദസ്സുകൾ നടത്തിയും സർക്കാർ പരിപാടികൾ ബഹിഷ്കരിച്ചും ആശമാർ പ്രതിഷേധിച്ചു. ■

ആശാസമരത്തിന് അഭിവാദ്യങ്ങൾ

(1–ാം പേജിൽ നിന്ന്)

ണ്. ഇന്ത്യയിലാകെയുള്ള പത്തുലക്ഷത്തോളംവരുന്ന ആശമാർക്കാണ് അതിന്റെ നേട്ടമുണ്ടായത്. കേരളത്തിലെ ആശമാരുടെ മേൽ അനാവശ്യ ജോലിഭാരം അടിച്ചേൽപ്പിക്കുന്നത് തടയാൻ കഴിഞ്ഞു. അന്തസ്സായി തൊഴിൽ ചെയ്യുവാനുള്ള സാഹചര്യം ഇതോടെ സ്ഥാപിച്ചെടുക്കാനായി. 26,125 ആശമാർക്കാണ് വരുമാന വർദ്ധന ഉണ്ടായിരിക്കുന്നത്. ആശമാർക്കു മാത്രമല്ല മറ്റു പല രംഗങ്ങളിലും ആനുകൂല്യം വർധിപ്പിക്കാൻ സംസ്ഥാന സർക്കാർ നിർബന്ധിതമായതും ഈ സ്ത്രീ തൊഴിലാളികളുടെ സുദീർഘവും വിട്ടുവീഴ്ചയില്ലാത്തതുമായ പോരാട്ടത്തിന്റെ ഫലമായാണ്.

പണിയെടുത്ത് ജീവിക്കുന്നവരുടെ അവകാശങ്ങളെല്ലാം അധികാരിവർഗ്ഗം കവർന്നെടുക്കുന്ന, അടിമപ്പണിയിലേക്ക് സംഘടിത തൊഴിൽ മേഖലകൾ പോലും വലിച്ചിഴയ്ക്കപ്പെടുന്ന ഈ ഇരുണ്ടകാലത്ത് അവകാശങ്ങൾ പൊരുതി നേടിയ ആശമാർ തൊഴിലാളിവർഗ്ഗത്തിന് വമ്പിച്ച ആത്മവിശ്വാസവും പ്രത്യാശയുമാണ് പകർന്നു നൽകിയത്.

21,000 രൂപ ഓണറേറിയവും 5 ലക്ഷം രൂപ വിരമിക്കൽ ആനുകൂല്യവും എന്ന ഡിമാന്റ് തികച്ചും ന്യായമാണെന്ന് തിരിച്ചറിഞ്ഞ കേരളത്തിലും പുറത്തുമുള്ള മാധ്യമങ്ങളും തൊഴിലാളി വിഭാഗങ്ങളും ആശാസമരത്തെ ഹൃദയപൂർവ്വം പിന്തുണച്ചു. സർക്കാരിന്റെ മർക്കടമുഷ്ടിക്കും അവഗണനയ്ക്കും അപവാദ പ്രചാരണത്തിനും അടിച്ചമർത്തലിനുമെതിരെ നേരായി ചിന്തിക്കുന്ന മുഴുവൻ സാംസ്കാരിക പ്രവർത്തകരും ജനകീയ നേതാക്കളും സംഘടനകളും അണിനിരന്നു. രാജ്യത്തെ അനേകം പ്രമുഖ വ്യക്തികൾ സമരം ഡിമാന്റുകൾ അംഗീകരിച്ച് ഒത്തുതീർപ്പാക്കണമെന്ന് കേരള സർക്കാരിനോട് ആവശ്യപ്പെട്ടു. സിപിഐ(എം)ന്റെ ഇടതുപക്ഷ പൊയ്മുഖം ലോകം തിരിച്ചറിയുന്ന സാഹചര്യമുണ്ടായി.

അവശേഷിക്കുന്ന ഡിമാന്റുകൾ ഉയർത്തി ശക്തമായ പ്രചാരണവും സമരവുമായി മുന്നേറാൻ തന്നെയാണ് ആശമാരുടെ തീരുമാനം. പണിയെടുക്കുന്നവരോടൊപ്പമോ അധികാരത്തിന്റെയും പണത്തിന്റെയും ഒപ്പമോ എന്ന് ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ട സന്ദർഭമാണിത്. ഈ സമരം പൂർണവിജയം നേടേണ്ടത് അധ്വാനിച്ചു ജീവിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളുടെയും ആവശ്യകതയായി മാറിയിരിക്കുന്നു. തുടർന്നുള്ള പോരാട്ടങ്ങൾക്ക് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ശക്തമായ പിന്തുണങ്ങൾ പ്രഖ്യാപിക്കുന്നു. ■

നുഴഞ്ഞുകയറ്റത്തെയും അത് ജനസംഖ്യാനുപാതത്തിൽ ഉണ്ടാക്കുന്ന മാറ്റത്തെയും കുറിച്ചുള്ള കെട്ടിച്ചമച്ച പ്രചാരണം

ഇന്ത്യയിലേക്കുള്ള നുഴഞ്ഞുകയറ്റത്തെയും അതിലൂടെ ജനസംഖ്യാനുപാതത്തിൽ വരുന്ന മാറ്റത്തെയുംപറ്റി പ്രധാനമന്ത്രി നരേന്ദ്ര മോദി മുതൽ ബിജെപിയുടെ താഴെത്തട്ടിലുള്ള നേതാക്കൾവരെ വീണ്ടും മുറവിളികൂട്ടുകയാണ്. ജാർഖണ്ഡ്, ബിഹാർ, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ, അവർ ഒരു ഭൂതക്കണ്ണാടിയുമായി ഇറങ്ങി 'നുഴഞ്ഞുകയറ്റക്കാരെ' തിരയാൻ തുടങ്ങും. ലക്ഷക്കണക്കിന് 'ഘുസ്പൈത്തിയക്കാരെ' (അനധികൃതമായി കടന്നുവന്നവർ) കണ്ടെത്തുകയും, 'രാജ്യത്ത് അസ്ഥിരത സൃഷ്ടിക്കാനുള്ള വലിയ ഗൂഢാലോചന' പുറത്തു കൊണ്ടുവരികയുംചെയ്യും. ബിഹാർ, പശ്ചിമ ബംഗാൾ, അസം, കേരളം എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പുകൾ ആസന്നമായതോടെ, തങ്ങളുടെ ഇഷ്ടവിഷയത്തിലേക്ക് തിരികെയെത്തിയതിന്റെ ആഹ്ളാദത്തിലാണ് ബിജെപി നേതൃത്വം; അൽപകാലത്തേക്ക് പാക് വിരുദ്ധ മുദ്രാവാക്യങ്ങൾ അവർ മാറ്റിവെച്ചിരിക്കുന്നു.

സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി മോദി പറഞ്ഞത്, "ഒരു ആശങ്കയെക്കുറിച്ചും വെല്ലുവിളിയെക്കുറിച്ചും ഞാൻ രാജ്യത്തിന് മുന്നറിയിപ്പ് നൽകാൻ ആഗ്രഹിക്കുന്നു. കൃത്യമായി ആസൂത്രണം ചെയ്ത ഗൂഢാലോചനയുടെ ഭാഗമായി രാജ്യത്തിന്റെജനസംഖ്യാപരമായഘടന(Demography) മാറ്റപ്പെടുകയാണ്, പുതിയൊരു പ്രതിസന്ധിയുടെ വിത്തുകൾ പാകുന്നു. എന്റെ രാജ്യത്തെ യുവജനങ്ങളുടെ ഉപജീവനമാർഗ്ഗം ഈ നുഴഞ്ഞുകയറ്റക്കാർ കവർന്നെടുക്കുന്നു. എന്റെ രാജ്യത്തെ സഹോദരിമാരെയും പെൺമക്കളെയും നുഴഞ്ഞുകയറ്റക്കാർ ലക്ഷ്യമിടുന്നു. ഇത് സഹിക്കില്ല. ഈ നുഴഞ്ഞുകയറ്റക്കാർ നിരപരാധികളായ ആദിവാസികളെ തെറ്റിദ്ധരിപ്പിച്ച് അവരുടെ ഭൂമി കൈയടക്കുന്നു. രാജ്യം ഇത് അനുവദിക്കില്ല. അതിർത്തി പ്രദേശങ്ങളിൽ ജനസംഖ്യാപരമായ മാറ്റമുണ്ടാകുമ്പോൾ അത് ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാകും... ഒരു രാജ്യവും നുഴഞ്ഞുകയറ്റക്കാർക്ക് കൈമാറാൻ കഴിയില്ല... അതിനാൽ, ഒരു 'ഉന്നതാധികാര ജനസംഖ്യാ മിഷൻ' (High-Power Demography Mission) ആരംഭിക്കാൻ ഞങ്ങൾ തീരുമാനിച്ചു."

'നുഴഞ്ഞുകയറ്റം', 'ജനസംഖ്യാപരമായ മാറ്റം' തുടങ്ങിയ ഗൗരവമേറിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഏതൊരു വ്യക്തിയും, ഉത്തരവാദിത്തമുള്ള ഏതൊരു രാഷ്ട്രീയ പാർട്ടിയും തങ്ങളുടെ അവകാശവാദങ്ങളെ സാധൂകരിക്കുന്ന മതിയായ വിവരങ്ങൾ പുറത്തുവിടുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ, ആർഎസ്എസ്-ബിജെപി നേതാക്കൾ ഉയർത്തിക്കാട്ടുന്ന കണക്കുകൾ അസംഗതവും 'കൃത്രിമമായി നിർമ്മിച്ചവ'യുമാണ്. 2002ൽ മുൻ ഉപപ്രധാനമന്ത്രിയും ബിജെപിയുടെ മുൻനിര നേതാവുമായ എൽ.കെ. അദ്വാനി, പശ്ചിമ ബംഗാളിൽ മാത്രം 2 കോടി നുഴഞ്ഞുകയറ്റക്കാർ ഉണ്ടെന്ന് പ്രഖ്യാപിച്ചിരുന്നു. അതായത്, 2001ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ മൊത്തം ജനസംഖ്യയായ 8.01 കോടിയുടെ 25% വരുമിത്. ഈ കണക്ക് ഒരു കെട്ടുകഥയല്ലാതെ മറ്റെന്തെങ്കിലുമായി ആർക്കെങ്കിലും കാണാൻ കഴിയുമോ? വാസ്തവത്തിൽ, രാജ്യത്തെ 'അനധികൃത കുടിയേറ്റക്കാരുടെ' എണ്ണത്തെക്കുറിച്ച് ബിജെപി നേതാക്കൾ ഏറെക്കാലമായി പരസ്പര വിരുദ്ധമായ കണക്കുകളാണ് നൽകുന്നത്. ചിലർ 2 കോടിയെന്നും, മറ്റുചിലർ 5 കോടിയെന്നും, വേറെ ചിലർ 10 കോടിവരെ 'നുഴഞ്ഞുകയറ്റക്കാർ' ഉണ്ടെന്നും അവകാശപ്പെടുന്നു. ആഗസ്റ്റ് 15ന് ചെങ്കോട്ടയിലും ആഗസ്റ്റ് 22ന് കൊൽക്കത്തയിലും നടത്തിയ പ്രസംഗങ്ങളിൽ പ്രധാനമന്ത്രി മോദി 'നുഴഞ്ഞുകയറ്റക്കാർ' ഇന്ത്യക്ക് വലിയ ഭീഷണിയാണെന്ന് ആവർത്തിച്ചു. എങ്കിലും അദ്ദേഹം ഒരു പ്രത്യേക എണ്ണം പരാമർശിച്ചില്ല. എന്നാൽ, പശ്ചിമ ബംഗാൾ നിയമസഭയിലെ പ്രതിപക്ഷ നേതാവും ബിജെപി എംഎൽഎയുമായ ശുഭേന്ദു അധികാരി, സംസ്ഥാനത്ത് 70 ലക്ഷം റോഹിംഗ്യൻ അഭയാർത്ഥികൾ ഉണ്ടെന്ന് അവകാശപ്പെട്ടു. യാഥാർത്ഥ്യം എന്തെന്നാൽ, മ്യാൻമറിലെ ഭരണകൂടത്തിന്റെ പീഡനങ്ങളാൽ നിർബന്ധിതരായി സ്വന്തം നാടുവിടേണ്ടി വന്ന ലോകമെമ്പാടുമുള്ള റോഹിംഗ്യൻ ജനതയുടെ ആകെ എണ്ണം ഏകദേശം 10 ലക്ഷം മാത്രമാണ്. അവർ അക്ഷരാർത്ഥത്തിൽ അതിജീവനത്തിനായി പൊരുതുകയാണ്. ഏറ്റവും കുറഞ്ഞ മനുഷ്യത്വമുള്ള ഒരാൾക്കുപോലും കഷ്ടപ്പെടുന്ന ഈ റോഹിംഗ്യൻ ജനതയോട് സഹാനുഭൂതി തോന്നണം; അവർ മ്യാൻമറിൽനിന്ന് പ്രധാനമായും ബംഗ്ലാദേശിലേക്കും, കൂടാതെ മലേഷ്യ, തായ്‌ലൻഡ്, ഇന്തോനേഷ്യ, ഇന്ത്യ എന്നിവിടങ്ങളിലേക്കും പലായനം ചെയ്തു. ഔദ്യോഗിക കണക്കുകൾ പ്രകാരം, ഇന്ത്യയിലുള്ള റോഹിംഗ്യൻ അഭയാർത്ഥികളുടെ എണ്ണം ഏകദേശം 40,000 മാത്രമാണ്. അതിൽ ഏകദേശം 1,000 മുതൽ 1,200 പേർ മാത്രമാണ് പശ്ചിമ ബംഗാളിൽ കഴിയുന്നത്. അപ്പോൾ 70 ലക്ഷം എന്ന ഈ കണക്ക് എവിടെ നിന്നാണ് സമാഹരിച്ചത്!

വിവരങ്ങൾ കെട്ടിച്ചമക്കുന്നത് എന്തിനാണ്?

നുഴഞ്ഞുകയറ്റത്തെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ തുടങ്ങിയ മുതിർന്ന ബിജെപി നേതാക്കൾ പലപ്പോഴും ഒരു ദേശീയഭീഷണിയായിചൂണ്ടിക്കാണിക്കാറുണ്ട്. ജനസംഖ്യാപരമായ മാറ്റങ്ങൾ എടുത്തുപറയുകയും, പശ്ചിമ ബംഗാളിലെ ബിജെപി ഇതര സർക്കാർ ഈ കണക്കുകൾ കുറച്ചുകാണിക്കുന്നതിൽ ഒത്താശ ചെയ്യുന്നുവെന്ന് ആരോപിക്കുകയും ചെയ്യുന്നു. എന്നാൽ ഔദ്യോഗിക കണക്കുകളിലേക്ക് തിരിയുമ്പോൾ കഥ മറ്റൊന്നാണ്. ഉദാഹരണത്തിന്, 2024ൽ, ജാർഖണ്ഡ് ഹൈക്കോടതിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നൽകിയ ഒരു സത്യവാങ്മൂലം, സംസ്ഥാന ബിജെപി അംഗങ്ങളുടെ അവകാശവാദങ്ങളെ-വൻതോതിലുള്ള ബംഗ്ലാദേശ് നുഴഞ്ഞുകയറ്റം ജനസംഖ്യാപരമായ അസന്തുലിതാവസ്ഥയ്ക്ക് കാരണമാകുന്നു എന്നതിനെ-നിഷേധിച്ചു. ജനസംഖ്യയിലെ കുറവ് കുടിയേറ്റം മൂലമാണോ എന്ന് ഇപ്പോഴും വിലയിരുത്തിക്കൊണ്ടിരിക്കുകയാണെന്ന് അതിൽ പറയുന്നു. 2016ൽ, ലോക്സഭയിലെ ഒരു ചോദ്യത്തിന് മറുപടിയായി ആഭ്യന്തര മന്ത്രാലയം ഇന്ത്യയിൽ 2 കോടി (20 ദശലക്ഷം) അനധികൃത ബംഗ്ലാദേശ് കുടിയേറ്റക്കാർ ഉണ്ടെന്ന് പറഞ്ഞെങ്കിലും, പിന്നീട് ആ കണക്ക് വേഗം പിൻവലിച്ചു, ഇത് പഴയ എസ്റ്റിമേറ്റുകളെ അടിസ്ഥാനമാക്കിയുള്ളതാണെന്നും ഔദ്യോഗിക ഡാറ്റ ലഭ്യമല്ലെന്നു പ്രസ്താവിക്കുകയും ചെയ്തു.

ഈ വിവരങ്ങൾ 2025 സെപ്റ്റംബർ അവസാനത്തോടെ പുറത്തിറങ്ങിയ നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ (NCRB) 2023ലെ റിപ്പോർട്ടിന് വിരുദ്ധമാണ്. വിദേശ-പാസ്പോർട്ട് നിയമങ്ങൾ പ്രകാരം 2,290 കേസുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് ഈ റിപ്പോർട്ട് പറയുന്നു. ഏറ്റവും കൂടുതൽ കേസുകൾ പശ്ചിമ ബംഗാളിലായിരുന്നുവെങ്കിലും, രാഷ്ട്രീയ വാദകോലാഹലങ്ങളെ അപേക്ഷിച്ച് ഈ സംഖ്യകൾ നന്നേ ചെറുതാണ്.

2025 ജൂലൈയിൽ, ശുഭേന്ദു അധികാരി സംസ്ഥാനത്തെ വോട്ടർ പട്ടികയിൽ 1.25 കോടി അനധികൃത കുടിയേറ്റക്കാരും റോഹിംഗ്യകളും ഉണ്ടെന്ന് അവകാശപ്പെട്ടു. ഈ വിഷയം പരിഹരിക്കാനായി അദ്ദേഹം വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണം (Special Intensive Revision-SIR) വേണമെന്ന് വാദിച്ചു. എന്നാൽ, 2024 ഡിസംബറിൽ, ഇതേ ശുഭേന്ദു അധികാരി തന്നെ, 2023ൽ 1,454 ബംഗ്ലാദേശ് പൗരന്മാരെയും 2024ൽ (ഡിസംബർ 15 വരെ) 1,728 പേരെയും ബിഎസ്എഫ് (BSF) പിടികൂടിയിരുന്നു എന്ന് പറഞ്ഞിരുന്നു.

എന്തുകൊണ്ടാണ് കണക്കുകളിൽ ഇത്രയും വലിയ പൊരുത്തക്കേടുകൾ? ഈ കണക്കുകൾക്ക് പിന്നിൽ ഒരു ദുരുദ്ദേശമുണ്ട്. റോഹിംഗ്യകളിൽ ഭൂരിഭാഗവും ഇസ്‌ലാം മതക്കാരാണെങ്കിലും കുറച്ചുപേർ ഹിന്ദുക്കളുമാണ്. അതിനാൽ, ആർഎസ്എസ്-ബിജെപി സഖ്യം അവരുടെ തീവ്ര വർഗ്ഗീയ ഹിന്ദുത്വ സിദ്ധാന്തത്തിന് അനുസൃതമായി പ്രചരിപ്പിക്കുന്ന മുസ്ലിം വിദ്വേഷവുമായി ഈ റോഹിംഗ്യൻ വിരുദ്ധ പ്രചരണം ഒത്തുപോകുന്നു. മറ്റൊന്ന്, ഇന്ത്യൻ ജനത അതിരൂക്ഷമായ ദാരിദ്ര്യം, കുതിച്ചുയരുന്ന വിലക്കയറ്റം, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, വരുമാന മാർഗ്ഗങ്ങളുടെ അഭാവം, പ്രാഥമിക ആരോഗ്യ സംരക്ഷണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ലഭ്യതക്കുറവ്, ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള സുരക്ഷാ-ഭദ്രതാരാഹിത്യം എന്നിവകൊണ്ട് ബുദ്ധിമുട്ടുമ്പോൾ, അനധികൃതമായി നുഴഞ്ഞുകയറിയവർ (അതും മുസ്ലിങ്ങൾ) യഥാർത്ഥ ഇന്ത്യക്കാർക്ക് ജോലിയും മറ്റ് ജീവിത സൗകര്യങ്ങളും നിഷേധിക്കുന്നു എന്ന വൻതോതിലുള്ള പ്രചാരണം, യാഥാർത്ഥ്യം മറച്ചുവെക്കാനും ജനങ്ങളുടെ ശ്രദ്ധ അവരുടെ ദുരിതങ്ങളുടെ യഥാർത്ഥ കാരണങ്ങളിൽനിന്ന് വ്യതിചലിപ്പിക്കാനുമുള്ള ഭരണകക്ഷിയുടെ ശ്രമങ്ങളെയാണ് സഹായിക്കുന്നത്. ഈ ഉദ്ദേശത്തോടെയാണ് ഭരണകക്ഷിയായ ബിജെപിയും കൂട്ടാളികളും ദേശീയ പൗരത്വ രജിസ്റ്റർ (NRC) വിഷയത്തിൽ വലിയ പ്രക്ഷോഭം ഉണ്ടാക്കുകയും, രാജ്യത്തെ ബംഗാളി സംസാരിക്കുന്ന എല്ലാ മുസ്ലിം പൗരന്മാരെയും 'വിദേശികൾ' എന്ന് മുദ്രകുത്തുകയും, അസാമീസ് സംസാരിക്കുന്ന ജനങ്ങളും ബംഗാളി സംസാരിക്കുന്ന വിഭാഗങ്ങളും തമ്മിൽ ഭിന്നത ഉണ്ടാക്കുകയും ചെയ്തത്.

പ്രത്യേക തീവ്രപരിഷ്കരണത്തിന് ശേഷം ഇലക്ഷൻ കമ്മീഷൻ ബിഹാറിൽ എത്ര വിദേശികളെയാണ് കണ്ടെത്തിയത്?

ബിഹാറിലെ നിയമസഭാ തിരഞ്ഞെടുപ്പുകളും അതിനു പിന്നാലെ പശ്ചിമബംഗാൾ ഉൾപ്പെടെയുള്ള മറ്റ് ചില സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പുകളും അടുത്തുവരുന്ന സാഹചര്യത്തിൽ, നുഴഞ്ഞുകയറ്റ വിഷയം വലിയ ബഹളത്തോടെ വീണ്ടും ഉയർത്തിക്കൊണ്ടുവന്നിരിക്കുകയാണ്. വലിയ തോതിലുള്ള നുഴഞ്ഞുകയറ്റത്തെയും, നുഴഞ്ഞുകയറ്റക്കാർ വോട്ടർ പട്ടികയിൽ തങ്ങളുടെ പേരുകൾ ഉൾപ്പെടുത്തി എന്ന അസാധാരണമായ വാദത്തെയും ന്യായീകരിക്കുന്നതിനായി, ബിഹാറിൽ ഇലക്ഷൻ കമ്മീഷൻ ഒരു 'പ്രത്യേക തീവ്ര പരിഷ്കരണം' (Special Intensive Revision - SIR) എന്ന പ്രക്രിയ ആരംഭിച്ചു. ഇത് ബിജെപി സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വഴങ്ങുന്നതാണെന്ന് വ്യക്തം. സമാനമായ നടപടി മറ്റ് സംസ്ഥാനങ്ങളിലും ആവർത്തിക്കപ്പെടും. ഇനി അതിന്റെ കണ്ടെത്തലുകൾ നോക്കാം.

അന്തിമ എസ്ഐആർ പട്ടികയിൽ, ഒരു നുഴഞ്ഞുകയറ്റക്കാരനെപ്പോലും കണ്ടെത്തിയില്ല എന്ന് പറയാം. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ (NCRB) പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, 2023ൽ സംസ്ഥാനത്ത് 'വിദേശ-പാസ്പോർട്ട് നിയമങ്ങൾ' പ്രകാരം അഞ്ച് കേസുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തത്. 2022ലും 2021ലും ഇത്തരം കേസുകളുടെ എണ്ണം യഥാക്രമം മൂന്നും ഒന്നും ആയിരുന്നു. അതിനാൽ, വോട്ടർ പട്ടികയിൽ ലക്ഷക്കണക്കിന് 'ബംഗ്ലാദേശി', റോഹിംഗ്യൻ വോട്ടർമാരുണ്ട് എന്ന വാദം ഒരു തട്ടിപ്പാണെന്ന് തെളിഞ്ഞു. വോട്ടർ പട്ടികയിൽനിന്ന് 68.5 ലക്ഷം പേരുകൾ ഇലക്ഷൻ കമ്മീഷൻ നീക്കം ചെയ്തതിൽ പോലും, വിദേശികളായഅനധികൃതകുടിയേറ്റക്കാരുടെ എണ്ണം എത്രയാണെന്ന് കമ്മീഷൻ വ്യക്തമാക്കിയില്ല. ഒരിക്കൽ കൂടി, വലിയ പ്രചാരം നേടിയ നുഴഞ്ഞുകയറ്റ കഥയുടെ കോട്ട തകർന്നു വീണിരിക്കുന്നു.

ഓരോ തിരഞ്ഞെടുപ്പിന് മുൻപും ബിജെപി 'വിദേശ ഭീഷണി' കണ്ടെത്തുന്നു

നുഴഞ്ഞുകയറ്റത്തിന്റെയും 'ജനസംഖ്യാപരമായ മാറ്റത്തിന്റെയും' ഒരു ഭൂതം ഉയർത്തിക്കാട്ടുന്നത് തിരഞ്ഞെടുപ്പിൽ സ്വാധീനം ചെലുത്താൻ ബിജെപിക്ക് സൗകര്യപ്രദമായ ഒരു തന്ത്രമായി മാറിയിരിക്കുന്നു. 2024 നവംബറിലെ ജാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന് മുൻപ്, അനധികൃത നുഴഞ്ഞുകയറ്റത്തെക്കുറിച്ചുള്ള വാദങ്ങൾ

(ശേഷം 9-ാം പേജിൽ)

ദാരിദ്ര്യം തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപാധിയാക്കുന്ന ക്രൂരത

(1–ാം പേജിൽ നിന്ന്)

ങ്ങൾ ഉയർന്നുവരുന്നു.

1. സംസ്ഥാനത്തെ അതിദരിദ്രരെ നിർണ്ണയിക്കാൻ ഏതൊക്കെ മാനദണ്ഡങ്ങളാണ് ഉപയോഗിച്ചത്? ഏത് ആധികാരിക സമിതിയാണ് അതിനായി സർവ്വേ നടത്തിയത്? ആധാരമായി ഉപയോഗിച്ച ഡേറ്റയുടെ ആധികാരികതയും അതിനായി ആധാരമാക്കുന്ന പഠന റിപ്പോർട്ടും ഏതെന്ന് വ്യക്തമാക്കേണ്ടതുണ്ട്.

2. 2013ലെ ദേശീയ ഭക്ഷ്യസുരക്ഷാനിയമം അനുസരിച്ച് കേരളത്തിൽ നടപ്പാക്കുന്ന പൊതുവിതരണ സമ്പ്രദായത്തിൽ നാല് വിഭാഗങ്ങൾ ഉണ്ടല്ലോ? അതിൽ ഏറ്റവും ദരിദ്രർ എന്ന വിഭാഗത്തിൽ മഞ്ഞക്കാർഡ് ഉള്ള അന്ത്യോദയ അന്ന യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ 5.92 ലക്ഷം കുടുംബങ്ങളാണ് (സാമ്പത്തിക റിവ്യൂ 2024). അവർക്ക് സംസ്ഥാന സർക്കാർ 2023 മുതൽ സൗജന്യമായി അരിയും ഗോതമ്പും കൊടുക്കുന്നുണ്ടല്ലോ? കേന്ദ്രം അരിക്ക് കിലോയ്ക്ക് 3 രൂപയും ഗോതമ്പിന് 2 രൂപയും വിലക്ക് ഇത് ലഭ്യമാക്കുന്നു. പിന്നെ എന്തുകൊണ്ടാണ് ഇപ്പോൾ കേരളത്തിൽ 64,006 അതിദരിദ്രരെ ഉള്ളൂ എന്ന് പറയുന്നത്? ഈ പറഞ്ഞവരും അതിദരിദ്ര വിഭാഗത്തിൽനിന്ന് കരകയറിയത് കൊണ്ടാണോ ഇപ്പോൾ കേരളം അതിദാരിദ്ര്യ മുക്തമായി എന്ന് പ്രഖ്യാപിക്കുന്നത്? അങ്ങനെ വരുമ്പോൾ മഞ്ഞ കാർഡിലുള്ള അന്ത്യോദയ അന്നയോജന(എഎവൈ) വിഭാഗം ഇനി ഉണ്ടാവില്ല; അതിന്റെ കേന്ദ്രസഹായം അവസാനിക്കുകയും ചെയ്യില്ലേ ?

3. കേരള തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ കുറിപ്പ് പ്രകാരം ഒരു വരുമാനവും ഇല്ലാത്തവർ, രണ്ടു നേരം ഭക്ഷണം കഴിക്കാൻ ഇല്ലാത്തവർ, റേഷൻ കിട്ടിയാലും പാകം ചെയ്യാൻകഴിയാത്തവർ, ആരോഗ്യ സ്ഥിതി മോശമായവർ തുടങ്ങിയവരാണ് അതിദരിദ്രർ. അവർ അഗതികൾ എന്ന ഗണത്തിൽ വരുന്നവരല്ലേ ? അവരെയാണോ സർക്കാർ അതിദരിദ്രർ എന്ന് വിളിക്കുന്നത് ?

4. 2002ൽ അന്നത്തെ കേരള സർക്കാർ തുടങ്ങിയ ആശ്രയ പദ്ധതിയല്ലേ അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്ക് സഹായം നൽകി വന്നത്? അതിന് 2007ൽ പ്രധാനമന്ത്രിയുടെ അവാർഡും കിട്ടിയിരുന്നല്ലോ? അത് തുടങ്ങുമ്പോൾ എത്ര കുടുംബങ്ങൾ ഉണ്ടായിരുന്നു? ഇപ്പോൾ എത്രയുണ്ട്? അത് പിന്നീട് അതിദാരിദ്ര്യ നിർമാർജന പരിപാടിയായി മാറ്റിയല്ലോ? അതിന്റെ പരിഷ്കരിച്ച പതിപ്പാണോ ഇത്? ഇന്ദിര ആവാസ് യോജന പോലുള്ള പദ്ധതികളെ കൂട്ടിച്ചേർത്താണല്ലോ ആശ്രയയും ഇതും നടപ്പാക്കിയിരുന്നത്? ഇപ്പോഴത്തെ അതിദാരിദ്ര്യ മുക്തം ഇതിന്റെ തുടർച്ചയാണോ? ആദ്യ ലിസ്റ്റിലെ 1,18,309 കുടുംബങ്ങൾ എങ്ങിനെ 64,006 ആയി ചുരുങ്ങിയത് ഒരു പ്രഹേളികയല്ലേ?

5. അതിദാരിദ്ര്യാവസ്ഥ മറികടന്നു എന്ന അവകാശവാദത്തിന് വസ്തുതാപരമായ പിൻബലം എന്താണ്? ആ വിഭാഗങ്ങൾക്ക് ഏതെങ്കിലും കേന്ദ്ര പദ്ധതി ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ.

6. 2011ലെ സെൻസസ് പ്രകാരം സംസ്ഥാനത്തു ആകെ 1.16 ലക്ഷം ആദിവാസി കുടുംബങ്ങളിലായി 4.85 ലക്ഷം ആദിവാസികൾ ഉണ്ട്. എന്നാൽ, പുതിയ കണക്കിൽ 6400 കുടുംബങ്ങളെ മാത്രമാണ് അതിദരിദ്ര വിഭാഗമായി കണ്ടെത്തിയിട്ടുള്ളത്. അതായത് വെറും 5.5 ശതമാനം മാത്രം. അവർ അഗതികളാണോ അതോ അതിദരിദ്രരായ എഎവൈ വിഭാഗത്തിൽപ്പെടുന്നവരോ? അവരുടെ അതിദാരിദ്ര്യം മറികടക്കാൻ എന്ത് ഇന്ദ്രജാലമാണ് നടന്നത്?

7. അതിദാരിദ്ര്യം അനുഭവിക്കുന്ന മറ്റ് ജനവിഭാഗങ്ങളുടെ യഥാർത്ഥ ജീവിത സ്ഥിതിയടങ്ങിയ സർവ്വേ റിപ്പോർട്ട് ലഭ്യമാണോ?

8. ദാരിദ്ര്യ സർവ്വേയുടെ രീതി ശാസ്ത്രം എന്തായിരുന്നു? തദ്ദേശ വകുപ്പ് പഞ്ചായത്തുകളിൽ/മുൻസിപ്പാലിറ്റികളിൽനിന്ന് ലിസ്റ്റ് ഓഫ് റെക്കമ്മെണ്ടേഷൻ സ്വീകരിക്കുക മാത്രമാണോ ചെയ്തത്?

9. 233 രൂപ മാത്രം ദിവസക്കൂലി കിട്ടുന്ന ആശ വർക്കേഴ്സ് ഉൾപ്പടെയുള്ള സ്കീം വർക്കേഴ്സും അസംഘടിത മേഖലകളിലെ തൊഴിലാളികളും അതിദരിദ്ര ജനവിഭാഗങ്ങൾതന്നെയല്ലേ?

10. ഇപ്പോൾ അതിദാരിദ്ര്യ പ്രഖ്യാപനത്തിന് ഉപയോഗിക്കുന്ന സാമ്പത്തിക മാനദണ്ഡങ്ങളെ സംബന്ധിച്ച് സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പുമായോ പ്ലാനിംഗ് ബോർഡുമായോ കൂടിയാലോചന നടത്തിയിട്ടുണ്ടോ?

നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ സാമൂഹിക സാമ്പത്തിക പ്രശ്നമാണ് ദാരിദ്ര്യം. അതിദാരിദ്ര്യ നിർമാർജ്ജനം ലാഘവത്തോടെ കൈകാര്യം ചെയ്യേണ്ട പ്രശ്നമല്ല. അതിനെ ഒരു പ്രചാരവേലയാക്കുന്നത് അസ്വീകാര്യമാണ്.

അതുകൊണ്ട്, ഈ വരുന്ന കേരളപ്പിറവി ദിനത്തിൽ സംസ്ഥാന സർക്കാർ നടത്താൻപോകുന്ന "അതിദരിദ്രമുക്ത കേരളം" പ്രഖ്യാപനത്തിനുമുമ്പ് ശരിയായ വിവരങ്ങളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിലുള്ള ഉത്തരങ്ങൾ മേൽ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും നൽകണമെന്ന് ഞങ്ങൾ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഒപ്പ്

ആർ.വി.ജി.മേനോൻ, ഡോ.എം.എ.ഉമ്മൻ (സാമ്പത്തിക വിദഗ്ദ്ധൻ), **ഡോ.കെ.പി.കണ്ണൻ** (ഓണററി ഫെല്ലോ, സിഡിഎസ്, തിരുവനന്തപുരം), **എം.കെ.ദാസ്** (മുൻ എഡിറ്റർ, ന്യൂ ഇന്ത്യൻ എക്സ്പ്രസ്), **ഡോ.ജി.രവീന്ദ്രൻ** (മുൻ അഡീഷണൽ ഡയറക്ടർ ജനറൽ, സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ), **ഡോ.എം.പി.മത്തായി** (റിട്ട. പ്രൊഫസർ, എം.ജി.യൂണിവേഴ്സിറ്റി), **ഡോ.സി.പി.രാജേന്ദ്രൻ** (ശാസ്ത്രജ്ഞൻ), **പ്രൊഫ.കെ.അരവിന്ദാക്ഷൻ** (മുൻ കൊളീജിയേറ്റ് ഡയറക്ടർ, എറണാകുളം സോൺ), **ഡോ.മേരി ജോർജ്** (സാമ്പത്തിക വിദഗ്ദ്ധ), **ഡോ.സുനിൽ മാണി** (മുൻ ഡയറക്ടർ, സിഡിഎസ്), **ഡോ.വി.രാമൻകുട്ടി** (പൊതുജനാരോഗ്യ വിദഗ്ദ്ധൻ), **ഡോ.ജോൺ കുര്യൻ** (മുൻ പ്രൊഫസർ, സിഡിഎസ്), **ഡോ.എം.കബീർ** (സാമ്പത്തിക വിദഗ്ദ്ധൻ), **ഡോ.ജെ.ദേവിക** (ഗവേഷക), **ഡോ.എം.വിജയകുമാർ** (ഡയറക്ടർ, ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ), **ഡോ. എൻ.കെ.ശശിധരൻ പിള്ള** (മുൻ പ്രസിഡന്റ് ശാസ്ത്രസാഹിത്യ പരിഷത്ത്), **ജോസഫ് സി.മാത്യു** (സാമൂഹ്യ പ്രവർത്തകൻ), **ഡോ.കെ.ജി.താര** (മുൻ ഡയറക്ടർ, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ്), **ഡോ.കെ.ടി.റാംമോഹൻ** (മുൻ ഡീൻ എം.ജി.യൂണിവേഴ്സിറ്റി), **ഡോ.ശ്രീധർ രാധാകൃഷ്ണൻ** (പരിസ്ഥിതി പ്രവർത്തകൻ), **എം.ഗീതാനന്ദൻ** (സാമൂഹ്യ പ്രവർത്തകൻ), **പ്രൊഫ.പി.വിജയകുമാർ** (റിട്ട. പ്രൊഫസർ യൂണിവേഴ്സിറ്റി കോളേജ്), **സരിത മോഹനൻ ഭാമ** (കവയത്രി)

(8–ാം പേജിൽ നിന്ന്)

ബിജെപിയുടെ പ്രചാരണത്തിലെ ഒരു പ്രധാന ഭാഗമായിരുന്നു. 2000ൽ ജാർഖണ്ഡ് സംസ്ഥാനം രൂപീകരിച്ചതു മുതൽ 17 വർഷക്കാലം ബിജെപി ആയിരുന്നു അധികാരത്തിൽ. എന്നാൽ, ആ സമയത്തൊന്നും അവർ ഈ വിഷയം ഉയർത്തിക്കൊണ്ടു വന്നില്ല. എന്നാൽ, സംസ്ഥാനത്ത് ജെഎംഎം(JMM) അധികാരത്തിൽ വന്നപ്പോൾ, പശ്ചിമ ബംഗാളിലെ അതിർത്തി ജില്ലയായ മാൽദ വഴി പ്രവേശിച്ച് സന്താൾ സ്ത്രീകളെ വിവാഹം കഴിക്കുന്ന ബംഗ്ലാദേശികൾ ജാർഖണ്ഡിൽ നിറഞ്ഞിരിക്കുകയാണെന്നും, ഇത് സംസ്ഥാനത്ത് ജനസംഖ്യാപരമായ മാറ്റം വരുത്തുന്നുവെന്നും അവർ കണ്ടെത്തി.

അസം ബിജെപി മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മയും ഇതോടൊപ്പം ചേർന്നു 'ബംഗ്ലാദേശ് നുഴഞ്ഞുകയറ്റക്കാർ' ജാർഖണ്ഡിന് വർദ്ധിച്ചുവരുന്ന ഭീഷണിയാണെന്ന് മാത്രമല്ല, ദേശീയ സുരക്ഷയ്ക്കുതന്നെ ഭീഷണിയാണെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ,ജനങ്ങൾചോദിക്കുന്നത്ഇതാണ്: "ഇതൊരു വലിയ വിഷയമായിരുന്നെങ്കിൽ, എന്തുകൊണ്ടാണ് അവർ ഇത്രയും കാലം ഉയർത്തിക്കാട്ടാതിരുന്നത്? ആരോഗ്യവും വിദ്യാഭ്യാസവുമാണ് സംസാരിക്കേണ്ട വലിയ വിഷയങ്ങൾ. നുഴഞ്ഞുകയറ്റ വിഷയത്തിൽ അവർക്ക് ഇത്രയധികം താൽപ്പര്യമുണ്ടെങ്കിൽ, ഇത്രയും കാലം അവർ എന്ത് ചെയ്തു?" *(ദി വയർ, 2024 നവംബർ 17)*

അതിർത്തിയിൽ കാവലുണ്ടായിട്ടും എങ്ങനെയാണ് നുഴഞ്ഞുകയറ്റം നടക്കുന്നത്?

ചോദ്യം ഇതാണ്: അതിർത്തികളിൽ അർദ്ധസൈനിക വിഭാഗത്തെ (para-military forces) വിന്യസിച്ച് സുരക്ഷിതമാക്കിയിട്ടും, എങ്ങനെയാണ് ഇത്രയും വൻതോതിലുള്ള നുഴഞ്ഞുകയറ്റം സംഭവിക്കുന്നത്? ബിജെപിയുടെ വാദം ശരിയാണെങ്കിൽ, അതിർത്തി പ്രദേശങ്ങളിൽ നിലയുറപ്പിച്ചിട്ടുള്ള 'ബോർഡർ സെക്യൂരിറ്റി ഫോഴ്സ്' ഒന്നുകിൽ നിഷ്ക്രിയരാണ്, അല്ലെങ്കിൽ അനധികൃതമായി അതിക്രമിച്ച കടക്കുന്നവരുമായി ഒത്തുകളിക്കുന്നു എന്ന് അനുമാനിക്കേണ്ടിവരും. ഈ ചോദ്യം ബിജെപി നേതാക്കളോട് ചോദിച്ചാൽ, അവർക്ക് തയ്യാറാക്കിവച്ച രണ്ട് മറുപടികളുണ്ട്: ഒന്ന്, തങ്ങളുടെ വോട്ട് ബാങ്ക് ശക്തിപ്പെടുത്താൻ തൃണമൂൽ കോണഗ്രസിന്റെ നേതൃത്വത്തിലുള്ള പശ്ചിമ ബംഗാൾ സർക്കാർ അനധികൃത കുടിയേറ്റക്കാരെ അനുവദിക്കുന്നു; രണ്ട്, അനധികൃതമായി നുഴഞ്ഞുകയറുന്നവർ ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള വേലികെട്ടാത്ത അതിർത്തി ഉപയോഗപ്പെടുത്തുന്നു.

2025 ഫെബ്രുവരി വരെ, ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിൽ ഏകദേശം 864 കിലോമീറ്റർ ദൂരം വേലികെട്ടാതെ കിടക്കുന്നുണ്ട്. ബംഗ്ലാദേശ് രൂപീകൃതമായത് 1971ലാണ്. അതിനുശേഷം 55 വർഷം കഴിഞ്ഞുപോയി. എന്തുകൊണ്ടാണ് ഈ അതിർത്തികൾ ഇതുവരെ മുള്ളുവേലി കെട്ടി സംരക്ഷിക്കാത്തത്?

രണ്ടാമതായി, വേലിയില്ലാത്ത അതിർത്തികളിൽ ഇന്ത്യൻ അർദ്ധസൈനിക വിഭാഗത്തിന്റെ നിരീക്ഷണം ഇല്ലെന്നാണോ? കൂടാതെ, ഏറ്റവും പുതിയ അത്യാധുനിക സൈനിക ഹാർഡ്‌വെയറുകൾ തങ്ങളുടെ കൈവശമുണ്ടെന്ന് ഇന്ത്യൻ സൈന്യം അഭിമാനിക്കുന്നു. വിദേശികളുടെ അനധികൃത പ്രവേശനം തടയാൻ അവയ്ക്ക് തീരെ കഴിവില്ലാത്തതാണോ?

അതിർത്തി കടന്ന് രാജ്യത്തേക്ക് വൻതോതിൽ പ്രവേശിക്കുക അത്ര എളുപ്പമാണോ?

നുഴഞ്ഞുകയറ്റം എന്നത് അവതരിപ്പിക്കപ്പെടുന്ന ഒരു ആശങ്കയല്ല, മറിച്ച് ജനങ്ങളെ മതപരമായി ധ്രുവീകരിക്കാനും, ഇന്ത്യൻ ജനതയിലെ വിവിധ സമുദായങ്ങൾക്കിടയിൽ അസ്വസ്ഥതയും സംശയവും ഉണ്ടാക്കാനും, അതുവഴി തിരഞ്ഞെടുപ്പ് കടമ്പ കടക്കുന്നതിനായി ഹിന്ദു വോട്ടുബാങ്ക് ഏകീകരിക്കാനുമുള്ള ഒരു ഉപാധിയാണ് എന്ന് ഇത് കാണിക്കുന്നു. ജനങ്ങളുടെ ജീവിതത്തിൽ നാശം വിതയ്ക്കുന്ന യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് മനഃപൂർവ്വം ഒഴിഞ്ഞുമാറിക്കൊണ്ട്, ഭരണ കുത്തക മുതലാളിമാരായ തങ്ങളുടെ യജമാനന്മാരെ സന്തോഷിപ്പിക്കാനായി ബിജെപി നേതാക്കൾ, നുഴഞ്ഞുകയറ്റം, വിദേശ ആക്രമണം, ഹിന്ദുത്വത്തെ മഹത്വപ്പെടുത്തൽ, സമീപ ഭാവിയിൽ 80% ഹിന്ദുക്കളെ 17% മുസ്ലിങ്ങൾ മറികടക്കുമെന്ന വാദങ്ങൾ തുടങ്ങി ഇല്ലാത്ത വിഷയങ്ങളിൽ വലിയ പ്രചാരണ കോലാഹലങ്ങൾ സൃഷ്ടിക്കുന്നു.

അതുകൊണ്ടുതന്നെ അവർ വിവിധ കാരണങ്ങൾ പറഞ്ഞ് മുസ്ലിം ജനതയെ ഉപദ്രവിക്കാനുള്ള അവകാശം സ്വയം ഏറ്റെടുത്തിരിക്കുകയാണ്. അവരുടെ ആരാധനാലയങ്ങൾ ആക്രമിച്ചുകൊണ്ട് പ്രകോപിപ്പിക്കുക, അനധികൃത കുടിയേറ്റക്കാരായി ചിത്രീകരിക്കുക, ഗോസംരക്ഷണംപോലുള്ള ദുർബലമായ കാരണങ്ങൾ പറഞ്ഞ് തല്ലിക്കൊല്ലുക, ചില മതപരമായ ഉത്സവങ്ങളിൽ ഹിന്ദു തീർത്ഥാടകർ കടന്നുപോകുന്ന തെരുവുകളിൽ കടകൾ നടത്തുന്നത് വിലക്കുക, അവരുടെ താമസസ്ഥലങ്ങൾ ബുൾഡോസർ ഉപയോഗിച്ച് ഇടിച്ചുനിരത്തുക, തടങ്കൽപ്പാളയങ്ങളിൽ അടയ്ക്കുക, നിർബന്ധിച്ച് അയൽരാജ്യമായ ബംഗ്ലാദേശിലേക്ക് തള്ളിവിടുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ഈ പ്രവൃത്തികളെല്ലാം മനുഷ്യത്വത്തിന്റെ നിയമസംഹിത അംഗീകരിക്കുമോ? അതോ, ഇപ്പോഴത്തെ കാലത്തെ ഏതൊരു ഫാസിസ്റ്റ് സ്വേച്ഛാധിപത്യ ഭരണകൂടത്തെയുംപോലെ അധികാരക്കസേര നേടുന്നതിനായി മൃഗീയമായ മാനസികാവസ്ഥയുടെയും, മനുഷ്യത്വരഹിതമായ സമീപനത്തിന്റെയും, ഭീഷണിപ്പെടുത്തുന്ന കാഴ്ചപ്പാടിന്റെയും, നഗ്നമായ അസത്യം പ്രചരിപ്പിക്കുന്നതിന്റെയും അടയാളങ്ങളോ? ■

സൈദ്ധാന്തിക പാഠം:

പദാർത്ഥത്തെക്കുറിച്ച് ദ്വന്ദ്വാത്മകഭൗതികവാദം മുന്നോട്ടുവയ്ക്കുന്ന ആധുനിക സങ്കല്പം

ഭൗതികവാദം ഉറച്ച സൈദ്ധാന്തിക അടിത്തറയിൽ കെട്ടിപ്പൊക്കുന്നതിന് ദാർശനിക സംവർഗ്ഗം എന്ന നിലയിൽ പദാർത്ഥത്തെ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ആധുനിക ശാസ്ത്രം പ്രദാനം ചെയ്ത അറിവുകളുടെ വെളിച്ചത്തിൽ പദാർത്ഥത്തെക്കുറിച്ചുള്ള ധാരണകൾ സഖാവ് ശിബ്ദാസ് ഘോഷ് ലളിതമായി വിശദീകരിക്കുന്നു. പദാർത്ഥത്തെ സംബന്ധിച്ച ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ വിശകലനം മാർക്സിസ്റ്റ് പ്രാമാണികരുടെ രചനകളിൽനിന്ന് കഴിഞ്ഞ ലക്കത്തിൽ അവതരിപ്പിച്ചിരുന്നു. പ്രസ്തുത പാഠങ്ങളുടെ തുടർച്ചയാണ് ഇത്.

പദാർത്ഥ സങ്കൽപ്പം – ആധുനിക ശാസ്ത്രത്തിൽ

ദ്വന്ദ്വാത്മക ഭൗതികവാദപ്രകാരം, പദാർത്ഥനിഷ്ഠമായ ഈ ലോകം മാത്രമേ സത്യമായിട്ടുള്ളൂ. സകലതും പദാർത്ഥത്തിന്റെ സൃഷ്ടിയാണ്. ഈ പദാർത്ഥം സാർവത്രിക പദാർത്ഥമാണ്, അതിന് ആരംഭമോ അവസാനമോ ഇല്ല. സാർവത്രിക പദാർത്ഥം എന്നതുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത് വിവിധ പ്രത്യേക പദാർത്ഥരൂപങ്ങളൊക്കെയും ഉൾക്കൊള്ളുന്ന പദാർത്ഥസാകല്യ ത്തെയാണ്. അത് സർവ്വവ്യാപിയാണ്. ആ പദാർത്ഥമാണ് നമ്മുടെ പദാർത്ഥ സങ്കൽപ്പത്തിന്റെ അടിസ്ഥാനം. ഈ പദാർത്ഥം ദാർശ നിക പദാർത്ഥമാണ്; അത് ഒരു ദാർശനികസംവർഗ്ഗത്തെ കുറിക്കുന്നു. അത് ആരും സൃഷ്ടിച്ചതല്ല – പദാർത്ഥം നിലനിൽക്കുന്നു. അത് സ്വന്തം നിലയിൽ നിലനിൽക്കുന്നു. അതുപോലെതന്നെ ഭൗതികലോകവും നിലനിൽക്കുന്നു. പദാർത്ഥം അഥവാ ഭൗതികലോകം നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. അനുനിമിഷം അത് മാറ്റത്തിനും വികാസത്തിനും വിധേയമായിക്കൊണ്ടിരിക്കുന്നു. പദാർത്ഥം ദ്വന്ദ്വാത്മകമാണ്. ഈ ഭൗതിക ലോകത്ത് ഏതൊന്നിനും ഒരു ആന്തരിക വൈരുദ്ധ്യം ഉണ്ട്; ഏതൊന്നിനും അതിന്റെ ചുറ്റുപാടുമായി ബാഹ്യവൈരുദ്ധ്യവും ഉണ്ട്. ഭൗതികലോകത്തിന്റെ സ്വഭാവവിശേഷമാണത്. സകലതും വൈരുദ്ധ്യത്തിന്റെ നീർച്ചുഴിയിലാണ് – ആന്തരികവും ബാഹ്യവുമായ വൈരുദ്ധ്യത്തിന്റെ. ഇങ്ങനെയാണ് പദാർത്ഥം നിലനിൽക്കുന്നത്. ഇതാണ് അതിന്റെ സ്വഭാവം. പദാർത്ഥം ജഡമോ, നിശ്ചലമോ, മാറ്റമില്ലാത്തതോ, യാന്ത്രികമോ അല്ല.

പദാർത്ഥം ചലനാത്മകവും നിരന്തരം മാറുന്നതും ദ്വന്ദ്വാത്മകവുമാണ്. അതായത് അത് ആന്തരികവും ബാഹ്യവുമായ വൈരുദ്ധ്യത്തിൽ വർത്തിക്കുന്നു; ഈ വൈരുദ്ധ്യം അതിനെ ചലനാത്മകവും നിരന്തരം മാറുന്നതും ആക്കിത്തീർക്കുന്നു. പദാർത്ഥം എപ്പോഴും മാറ്റത്തിന്റെയും വികാസത്തിന്റെയും പ്രക്രിയയിലാണ് – അത് ചടുലമാണ്, നിശ്ചലമല്ല. അനുഭവവേദ്യമായാലും അല്ലെങ്കിലും, ഈ ഭൗതികലോകത്ത് എവിടെയും ഏത് നിമിഷവും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ചിലപ്പോൾ അതിന്റെ വേഗത കൂടുതലായിരിക്കും, മറ്റു ചിലപ്പോൾ അത് മന്ദഗതിയിലായിരിക്കും. ഓരോ നിമിഷവും സംഭവിക്കുന്ന മാറ്റം വളരെ മന്ദഗതിയിലായതിനാൽ സാധാരണയായി അത് അനുഭവവേദ്യമാകുന്നില്ല. മാറ്റം സംഭവിക്കുന്നില്ലെന്നും, സ്ഥിതിവ്യത്യാസമില്ലാതെ തുടരുകയാണെന്നും നമുക്കുതോന്നാം. പക്ഷെ അത് അങ്ങനെയല്ലെന്നതാണ് വസ്തുത. അതൊരിക്കലും നിശ്ചലമല്ല. സദാ പരിവർത്തന വിധേയവും സദാ ചലനത്തിലുമാണ് – ഓരോനിമിഷവും ഓരോ മണ്ഡലത്തിലും.

(മാർക്സിസവും മനുഷ്യസമൂഹത്തിന്റെ വികാസവും എന്ന കൃതിയിൽനിന്ന്)

ചലനത്തിന്റെ ഹേതു പദാർത്ഥത്തിൽത്തന്നെ കുടികൊള്ളുന്നതാണ്

ന്യൂട്ടന്റെ കാലത്ത് (പദാർത്ഥത്തിന്റെ ചലനകാരണം അറിയാമായിരുന്നില്ല എന്നതിനാലും, ശാസ്ത്രത്തിന്റെ താരതമ്യേനയുള്ള പിന്നാക്കാവസ്ഥമൂലം പദാർത്ഥത്തെപ്പറ്റിയുള്ള ധാരണ ഒരളവുവരെ അപര്യാപ്തമായിരുന്നു എന്നതിനാലും, പദാർത്ഥം സ്വയംനിഷ്ക്രിയമാണെന്നാണ് കണക്കാക്കപ്പെട്ടിരുന്നത് എന്ന് നമുക്കിന്നറിയാം. എന്നാൽ പദാർത്ഥം നിശ്ചേഷ്ടമോ നിശ്ചലമോ അല്ലെന്ന് ഇന്ന് ഏതൊരു ശാസ്ത്രവിദ്യാർത്ഥിക്കുമറിയാം. ദ്രവ്യം എന്നറിയപ്പെടുന്നത് പദാർത്ഥത്തിന്റെ ഒരവസ്ഥയും ഊർജ്ജം മറ്റൊരവസ്ഥയുമാണ്. അതിനാൽ പദാർത്ഥം ഊർജ്ജവും ദ്രവ്യവുമാണ്.

ഊർജ്ജത്തെ പദാർത്ഥേതരമായ ഒന്നായിട്ടല്ല ഇന്ന് കണക്കാക്കുന്നത്. ആറ്റത്തിന്റെ വിഭജനം, റേഡിയോ ആക്ടിവിറ്റി, ആപേക്ഷികതാസിദ്ധാന്തം എന്നിവയിൽ നിന്നും ആർജ്ജിച്ച വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ വികസിച്ചുവന്ന പദാർത്ഥസങ്കൽപ്പപ്രകാരം ചലനം പദാർത്ഥത്തിനു ബാഹ്യമല്ല. മാത്രമല്ല, ഖരം, ദ്രാവകം, വാതകം എന്നീ മൂന്നവസ്ഥകളിൽ, ദ്രാവകാവസ്ഥയിലും വാതകാവസ്ഥയിലും മാത്രമല്ല ഖരാവസ്ഥയിലും പദാർത്ഥം ചലനത്തിലാണ് എന്ന് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഖരാവസ്ഥയിലുള്ള പദാർത്ഥത്തിന്റെ ഗതികസിദ്ധാന്തം (Kinetics) ഇന്ന് ശാസ്ത്ര വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒന്നാണ്. അങ്ങനെ, പദാർത്ഥത്തിന്റെ ചലനഹേതു പദാർത്ഥത്തിനുള്ളിൽത്തന്നെയാണുള്ളതെന്ന്, അതായത്, പദാർത്ഥത്തിന്റെ ചലനഹേതു ആന്തരികമാണെന്നും ബാഹ്യമല്ലെന്നും, ആധുനികശാസ്ത്രം സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ, ശാസ്ത്രീയവീക്ഷണപ്രകാരം, ലോകത്തിലുള്ള എല്ലാംതന്നെ നിരന്തരം മാറിക്കൊണ്ടിരിക്കുകയാണ്. സമൂഹമോ, മനുഷ്യസൃഷ്ടമായ നിയമങ്ങളോ, മര്യാദകളോ, ധാർമ്മിക-നൈതിക മൂല്യബോധമോ, പ്രത്യയശാസ്ത്രമോ, എന്നല്ല പദാർത്ഥത്തിന്റെ അതിസൂക്ഷ്മകണങ്ങളോ, ഒന്നും തന്നെ നിശ്ചലമല്ല. അങ്ങനെ ശാസ്ത്രത്തിൽ, ചലനം, പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രീതിയായി കണക്കാക്കപ്പെടുന്നു. അതായത്, പദാർത്ഥം നിലനിൽക്കുന്നു എന്നുപറഞ്ഞാൽ അതിനർത്ഥം പദാർത്ഥം ചലനത്തിൽ നിലനിൽക്കുന്നു എന്നാണ്. ചലനത്തിലല്ലാതെ പദാർത്ഥം നിലനിൽക്കുക അസാദ്ധ്യമാണ്; പദാർത്ഥം സദാ ചലനത്തിലാണ്. ശാസ്ത്രത്തിന്റെ നിഗമനം അതാണ്.

കേവലമായ ശൂന്യത എന്നൊന്നില്ല

പദാർത്ഥ ചലനത്തെപ്പറ്റിയുള്ള ഈ ധാരണയുമായി ബന്ധപ്പെട്ട മറ്റു രണ്ടു വശങ്ങൾ കൂടിയുണ്ട്: സ്ഥലവും കാലവും (Space and Time). ഒരുകാലത്ത് 'ഒഴിഞ്ഞ സ്ഥലം' ശൂന്യസ്ഥലമായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ കേവലമായ ശൂന്യാവസ്ഥ പ്രപഞ്ചത്തിലില്ല എന്നതാണ് വസ്തുത. നാം ഒഴിഞ്ഞ സ്ഥലമായി കണക്കാക്കുന്ന സ്ഥലം ഒഴിഞ്ഞതായിരിക്കുന്നത് ആപേക്ഷികമായ അർത്ഥത്തിലാണ്. കേവലമായ അർത്ഥത്തിലല്ല. നക്ഷത്രാന്തരാകാശം, സൗരയൂഥത്തിനുമപ്പുറമുള്ള സ്ഥലം, ബാഹ്യാകാശം, ഒരു കാലത്ത് ശൂന്യസ്ഥലമായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ നാം സ്ഥലം എന്നുവിളിക്കുന്നത് പദാർത്ഥത്തിന്റെ സ്ഥലമാണെന്ന് ഇന്ന് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നക്ഷത്രാന്തരാകാശം പോലും പദാർത്ഥനിർഭരമാണ്. പ്രധാനമായും വികിരണങ്ങളുടെ അഥവാ ഊർജ്ജത്തിന്റെ രൂപത്തിലാണ് പദാർത്ഥം അവിടെ നിലനിൽക്കുന്നത്. പ്രകാശത്തിന്റെ തരംഗസിദ്ധാന്ത പ്രകാരം പ്രകാശതരംഗങ്ങൾക്ക് ശൂന്യതയിലൂടെ പ്രസരിക്കുവാൻ കഴിയില്ല. അതിനാൽ, പ്രകാശത്തിന്റെ പ്രസരണം വിശദീകരിക്കുവാൻവേണ്ടി ഒരിക്കൽ ശാസ്ത്രജ്ഞർ ഈഥർ എന്നൊരു സാങ്കൽപ്പിക മാദ്ധ്യമം ബഹിരാകാശത്താകെ നിറഞ്ഞിരിക്കുന്നുവെന്ന് സങ്കൽപ്പിച്ചു. ദ്രവ്യം (mass) ഇല്ലാത്തതും ഇലാസ്തികത(elasticity) ഉള്ളതുമായ ഒരു മാദ്ധ്യമമാണ് ഈഥർ എന്നായിരുന്നു സങ്കൽപ്പം. എന്നാൽ ഈ സങ്കൽപ്പനത്തിന്റെ അയുക്തികത വൈകാതെതന്നെ ശാസ്ത്രജ്ഞർക്ക് ബോദ്ധ്യപ്പെട്ടു. സ്വാഭാവികമായും ഈയൊരു ചോദ്യം അവരുടെ ഉള്ളിലുയർന്നു – ഇലാസ്തികത ഉണ്ടെങ്കിൽ, എന്തിന്റെ ഇലാസ്തികതയാണത്? കാരണം, ദ്രവ്യമില്ലെങ്കിൽ പിന്നെ എങ്ങനെ ഇലാസ്തികത ഉണ്ടാകും? ഇലാസ്തികത പദാർത്ഥത്തിന്റെ ഒരു സ്വഭാവമായതിനാൽ ദ്രവ്യത്തിന്റെ അഭാവത്തിൽ അതിനു നിലനിൽപ്പില്ല. അങ്ങനെ ഈഥർ സങ്കൽപ്പനം ഉപേക്ഷിക്കേണ്ടിവന്നു. പ്രപഞ്ചത്തിൽ ഒരിടത്തും ഒഴിഞ്ഞ സ്ഥലമില്ലെന്ന് ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. പദാർത്ഥം നിലനിൽക്കുന്നുവെന്ന് പറഞ്ഞാൽ അതിനർത്ഥം അത് സ്ഥലത്തിൽ നിലനിൽക്കുന്നുവെന്നാണ് സ്ഥലം പദാർത്ഥത്തിന്റെ സ്ഥലമാണ്.

പദാർത്ഥനിരപേക്ഷമായ കാലം സങ്കൽപ്പിക്കാനാവില്ല

ഇനി കാലത്തെപ്പറ്റി ഒരൽപ്പം. കാലം എന്നുപറയുമ്പോൾ നാം എന്താണ് മനസ്സിലാക്കുന്നത്? എന്തെങ്കിലും ഒരു മാറ്റം സംഭവിക്കാൻ വേണ്ടിവരുന്ന കാലയളവാണ് കാലം. അതായത്, പദാർത്ഥത്തിനുണ്ടാകുന്ന ഏതൊരു മാറ്റത്തിനും വേണ്ടിവരുന്ന സമയമാണ് കാലം. അതിനാൽ, പദാർത്ഥത്തിനുണ്ടാകുന്ന ചലനത്തിൽനിന്ന് അഥവാ മാറ്റത്തിൽനിന്ന് വേറിട്ട് – പദാർത്ഥനിരപേക്ഷമായി – കാലത്തിന് നിലനിൽക്കാനാവില്ല. അതായത്, പദാർത്ഥത്തിന്റെ നിലനിൽപ്പ് സ്ഥലകാലങ്ങളുമായി അവിഭാജ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പദാർത്ഥത്തെ സ്ഥലകാലങ്ങളിൽനിന്ന് വേർപെടുത്തിക്കാണാനാവില്ല എന്നതുപോലെതന്നെ പദാർത്ഥനിരപേക്ഷമായി സ്ഥലകാലങ്ങളെയും കാണാനാകില്ല. അതിനാൽ, പദാർത്ഥം നിലനിൽക്കുന്നു എന്നു പറഞ്ഞാൽ അതിനർത്ഥം, അത് സ്ഥലകാലങ്ങളിൽ നിലനിൽക്കുന്നു എന്നും സമയേന മാറിക്കൊണ്ടിരിക്കുന്നുവെന്നും ആണ്. അതുകൊണ്ടാണ് സ്ഥലകാലങ്ങൾ പദാർത്ഥത്തിന്റെ നിലനിൽപ്പിനുള്ള വ്യവസ്ഥകളാണ് എന്നുപറയുന്നത്. ഇനി എന്താണ് ചലനം? ചലനം പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രീതിയാണ്. അങ്ങനെ, കാലത്തെ പദാർത്ഥത്തിൽനിന്ന് വേറിട്ട് കാണാനാവില്ല എന്നതിനാൽ, പദാർത്ഥത്തിന്റെ നിലനിൽപ്പിനുപരിയായി നിലനിൽക്കുന്ന കേവലമായ കാലം എന്ന സങ്കൽപ്പം വെറും ഭാവനയ ല്ലാതെ മറ്റൊന്നുമല്ല; സർവ്വശക്തനായ ദൈവം ഏതോ ഒരു കാലത്ത് ഭൗതികലോകത്തെ സൃഷ്ടിച്ചു എന്ന ആശയത്തിന് യുക്തിപരമായ യാതൊരു അടിത്തറയുമില്ല. കാരണം, പദാർത്ഥനിഷ്ഠമായ ലോകം ഒരു പ്രത്യേക കാലത്ത് സൃഷ്ടിക്കപ്പെട്ടുവെന്ന് സങ്കൽപ്പിക്കുകയാണെങ്കിൽ ഇങ്ങനെയൊരു പ്രശ്നമുദിക്കുന്നു: ഭൗതികലോകം ഒരു പ്രത്യേക നിമിഷത്തിൽ സൃഷ്ടിക്കപ്പെട്ടുവെങ്കിൽ, അതിനു തൊട്ടുമുമ്പുള്ള നിമിഷം എങ്ങനെയായിരുന്നു? പദാർത്ഥം, ദ്രവ്യം, ഊർജ്ജം, സ്ഥലം – യാതൊന്നും തന്നെ ആ ഒരു പ്രത്യേക നിമിഷത്തിനുമുമ്പ് നിലനിന്നിരുന്നില്ല എന്നു നമുക്ക് അനുമാനിക്കേണ്ടിവരും. അങ്ങനെയായാൽ പദാർത്ഥത്തിൽനിന്ന് സ്വതന്ത്രമായി, പദാർത്ഥത്തിന്റെ ചലനത്തിൽനിന്നും മാറ്റത്തിൽനിന്നും സ്വതന്ത്രമായി, കാലം നിലനിൽക്കുന്നതായി സങ്കൽപ്പിക്കേണ്ടിവരും.

എന്നാൽ അത് അസാദ്ധ്യമാണ്. അതിനാൽ പദാർത്ഥനിരപേക്ഷമായ കേവലമായ കാലം എന്ന സങ്കൽപ്പം അബദ്ധമാണ്. ഏതൊരു പ്രത്യേക വസ്തുവിനും ഒരു തുടക്കവും പരിവർത്തനവും ഉണ്ട് എന്നതു ശരിയാണ്. എന്നാൽ, പദാർത്ഥം അഥവാ പദാർത്ഥനിഷ്ഠമായ ലോകം ഒന്നടങ്കം ഒരു പ്രത്യേക നിമിഷത്തിൽ സൃഷ്ടിക്കപ്പെട്ടു എന്ന സങ്കൽപ്പം അശാസ്ത്രീയമാണ്. ഒന്നുമില്ലായ്മയിൽ നിന്ന് പദാർത്ഥം സൃഷ്ടിക്കാൻ സാദ്ധ്യമല്ലെന്ന്, എന്തെങ്കിലും ഒന്നിൽനിന്നല്ലാതെ യാതൊന്നും സൃഷ്ടിക്കാൻ സാദ്ധ്യമല്ലെന്ന്, ശാസ്ത്രത്തിൽ പ്രാഥമിക ജ്ഞാനമെങ്കിലുമുള്ള ഏതൊരാൾക്കുമറിയാം. അതുപോലെ തന്നെ പദാർത്ഥത്തിന്റെ രൂപത്തിൽ മാറ്റം വരുത്താനോ ദ്രവ്യത്തെ ഊർജ്ജമാക്കി മാറ്റാനോ സാധിക്കുമെങ്കിൽപ്പോലും പദാർത്ഥത്തെ നശിപ്പിക്കാൻ സാദ്ധ്യമല്ല. പദാർത്ഥത്തിന്റെ സൃഷ്ടിയെയോ സംഹാരത്തെയോ പറ്റിയുള്ള ആശയം അതിനാൽ തികച്ചും അശാസ്ത്രീയമാണ്. എന്നാൽ ശാസ്ത്രത്തിന്റെ ഈ കണ്ടുപിടുത്തങ്ങൾക്കും നേട്ടങ്ങൾക്കുമെല്ലാംശേഷവും, പലരും, പദാർത്ഥനിഷ്ഠ ലോകത്തിന് ഒരു സ്രഷ്ടാവുണ്ടെന്ന് വിശ്വസിക്കുകയും, കേവലമായ കാലം നിലനിൽക്കുന്നുവെന്ന് സങ്കൽപ്പിക്കുകയും ചെയ്യുന്നു – വെറും ഭാവനാവിലാസമല്ലാതെ മറ്റൊന്നുമല്ല ഈ സങ്കൽപ്പം.

(മാർക്സിസത്തിന്റെയും ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെയും സാരാംശങ്ങളിൽ ചിലത് എന്ന കൃതിയിൽനിന്ന്)

തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെ കൊടിക്കൂറ ഉയർത്തിയ 1951ലെ സമ്മേളനം

സ്മരണ പുതുക്കി സിമ്മർവാൾഡ്

1914ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ, രണ്ടാം ഇന്റർനാഷണലിലെ നേതാക്കൾ "തൊഴിലാളിവർഗ്ഗത്തെ ഒറ്റിക്കൊടുക്കുന്നവരും ബൂർഷ്വാസിയുടെ ദാസന്മാരും" ആണെന്ന് തെളിയിക്കപ്പെട്ടു. അവർ തൊഴിലാളിവർഗ്ഗ ഇന്റർനാഷണലിസം ഉപേക്ഷിക്കുകയും യുദ്ധത്തിനുള്ള ധനസഹായത്തിന് അനുകൂലമായി വോട്ടുചെയ്തുകൊണ്ട് തങ്ങളുടെ രാജ്യങ്ങളിലെ സാമ്രാജ്യത്വ-മുതലാളിത്ത ഭരണകൂടങ്ങളെ പിന്തുണക്കുകയും ചെയ്തു.

1915ൽ, യുദ്ധവിരുദ്ധരും ഇന്റർനാഷണലിസ്റ്റുകളുമായ സോഷ്യലിസ്റ്റുകൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് തീരുമാനമെടുക്കുന്നതിനായി സ്വിറ്റ്സർലൻഡിലെ സിമ്മർവാൾഡിൽ ഒരു സമ്മേളനം സംഘടിപ്പിച്ചു. ലെനിൻ സോഷ്യലിസ്റ്റ് പാർട്ടികളുടെ അവസരവാദത്തെ ശക്തമായി വിമർശിക്കുകയും, സോഷ്യലിസ്റ്റുകൾ യുദ്ധത്തിനുള്ള ധനസഹായത്തിന് എതിരായി വോട്ടുചെയ്യണമെന്ന് ആവശ്യപ്പെടുകയും, സാമ്രാജ്യത്വ യുദ്ധത്തെ സോഷ്യലിസത്തിനായുള്ള ആഭ്യന്തരയുദ്ധമാക്കി മാറ്റാനായി പ്രവർത്തിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. നിലവിലുള്ള സംഘടനകൾ പിരിച്ചുവിടാനും ഒരു മൂന്നാം ഇന്റർനാഷണൽ രൂപീകരിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

ലെനിൻ ഉയർത്തിപ്പിടിച്ച വിപ്ലവകരമായ നിലപാടിന്റെ സ്മരണയ്ക്കായി, ജർമ്മനി ആസ്ഥാനമായി പ്രവർത്തിക്കുന്ന *ഫാസിസത്തിനും യുദ്ധത്തിനും പരിസ്ഥിതി നാശത്തിനും എതിരായ അന്താരാഷ്ട്ര സാമ്രാജ്യത്വ വിരുദ്ധ ഐക്യമുന്നണി* (International Anti-imperialist United Front against Fascism, War and Environmental Destruction) 2025 സെപ്റ്റംബർ 6, 7 തീയതികളിൽ സ്വിറ്റ്സർലൻഡിലെ സൂറിച്ചിൽ വെച്ച് 'സിമ്മർവാൾഡ് കോൺഫറൻസ് 2.0' സംഘടിപ്പിച്ചു. 32 രാജ്യങ്ങളിൽ നിന്നുള്ള 403 പ്രതിനിധികൾ കോൺഫറൻസിൽ പങ്കെടുത്തു. ക്ഷണിക്കപ്പെട്ടതനുസരിച്ച്, സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്), പ്രൊഫ. ധ്രുബ മുഖർജിയെ പ്രതിനിധിയായി അയച്ചു.

തന്റെസ്വാഗതപ്രസംഗത്തിൽ, പീറ്റർ നോവക് ലെനിന്റെയും ബോൾഷെവിക്കുകളുടെയും നേതൃത്വത്തിലുള്ള സിമ്മർവാൾഡ് ലെഫ്റ്റ് ഗ്രൂപ്പിന്റെ പങ്ക് ശ്രദ്ധയിൽപ്പെടുത്തി. ഒരു സാമ്രാജ്യത്വ യുദ്ധത്തിൽ, തൊഴിലാളിവർഗ്ഗം സ്വന്തം സാമ്രാജ്യത്വ രാജ്യത്തിന്റെ പരാജയത്തിനായി പ്രവർത്തിക്കണമെന്നും, യുദ്ധത്തെ വിപ്ലവകരമായ ആഭ്യന്തരയുദ്ധമാക്കി മാറ്റി മുതലാളിത്ത സർക്കാരിനെ അട്ടിമറിക്കണം എന്നുമുള്ള ലെനിന്റെ വാദത്തിന് അദ്ദേഹം പ്രാധാന്യം നൽകി. ഈ തത്വം ഒക്ടോബർ വിപ്ലവത്തിൽ യാഥാർത്ഥ്യമാവുകയും ഹംഗറി, ജർമ്മനി, തുടങ്ങി മറ്റു പല രാജ്യങ്ങളിലും വിപ്ലവകരമായ തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങൾക്ക് ജന്മം നൽകുകയും ചെയ്തു. സിമ്മർവാൾഡിൽ നിന്നുള്ള പാഠമിതാണ്: ഇന്ന് "മുതലാളിത്ത പക്ഷങ്ങൾ മാത്രമുള്ള ലോകത്ത് തൊഴിലാളികൾക്ക് ചേരാൻ ഒരു പക്ഷമില്ല; പകരം, മുതലാളിത്ത യുദ്ധങ്ങൾക്കെതിരെ അന്താരാഷ്ട്ര തലത്തിൽ വർഗ്ഗസമരം സംഘടിപ്പിക്കുകയാണ് ചെയ്യേണ്ടത്."

ജർമ്മനിയിലെ എംഎൽപിഡി പാർട്ടി ചെയർപേഴ്സൺ ഗാബി ഹെക്ക്നർ, തന്റെ ആമുഖ പ്രസംഗത്തിൽ, ഇത് മൂന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനെതിരെ നിശ്ചയദാർഢ്യത്തോടെ പോരാടുന്ന ശക്തികളുടെ സമ്മേളനമാണെന്നും, സിമ്മർവാൾഡിന്റെ ആത്മാവിനെ ഉയർത്തിപ്പിടിക്കുന്നുവെന്നും പറഞ്ഞു. അതുകൊണ്ടാണ് ലെനിന് അനുകൂല നിലപാടുള്ള വിവിധ ശക്തികളുടെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും കൈമാറ്റം ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതെന്നും കൂട്ടിച്ചേർത്തു.

"സാമ്രാജ്യത്വം, ഫാസിസം, ജനകീയ പ്രതിരോധം" എന്ന വിഷയത്തിലെ പ്രധാന പ്രഭാഷകരിൽ ഒരാളായിരുന്ന പ്രൊഫ. മുഖർജി തന്റെ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു: എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപകനും ആ കാലഘട്ടത്തിലെ ശ്രദ്ധേയനായ മാർക്സിസ്റ്റ് ചിന്തകനുമായിരുന്ന സഖാവ് ശിബ്ദാസ് ഘോഷ് അറുപത് വർഷങ്ങൾക്ക് മുൻപേ ഒരു മുന്നറിയിപ്പ് നൽകിയിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ഫാസിസ്റ്റ് അച്ചുതണ്ട് ശക്തികൾ പരാജയപ്പെട്ടെങ്കിലും (അതിന്റെ പ്രധാന ബഹുമതി മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് സോവിയറ്റ് രാജ്യത്തിന് ലഭിക്കേണ്ടതാണ്), ഫാസിസം എല്ലാ സാമ്രാജ്യത്വ മുതലാളിത്ത രാജ്യങ്ങളിലും—അത് വികസിതമോ വികസ്വരമോ ആകട്ടെ—ഒരു പൊതു സവിശേഷതയായി രാഷ്ട്രീയ ഭരണ സംവിധാനത്തിൽ നിലനിർത്തപ്പെട്ടിട്ടുണ്ട്.

ഫാസിസം എന്നത് ചരിത്രപരമായി നിശ്ചയിക്കപ്പെട്ട പ്രതിവിപ്ലവത്തിന്റെ ഒരു രൂപമാണെന്നും, അതിലൂടെ വിപ്ലവം ഒഴിവാക്കാൻ മുതലാളിത്തം മുൻകൂട്ടിയുള്ള നീക്കങ്ങൾ നടത്താൻ ശ്രമിക്കുന്നു എന്നും അദ്ദേഹം വ്യക്തമായി കാണിച്ചുതന്നു. ഫാസിസത്തിന്റെ പ്രധാന വ്യതിരിക്ത സവിശേഷതകൾ പ്രധാനമായും, സാമ്പത്തിക കേന്ദ്രീകരണം, ഭരണകൂടത്തിൽ രാഷ്ട്രീയ അധികാരത്തിന്റെ പരമാവധി ഏകീകരണം, കൂടാതെ ആത്മീയതയുടെയും ശാസ്ത്രത്തിന്റെ സാങ്കേതിക വശങ്ങളുടെയും ഒരു പ്രത്യേക സമന്വയത്തിലൂടെയുള്ള സാംസ്കാരിക അച്ചടക്ക വ്യവസ്ഥ എന്നിവയാണ്.

പാർലമെന്ററി ജനാധിപത്യത്തിന്റെ ഒരു മുഖംമൂടി നിലനിർത്തിക്കൊണ്ട് 'ജനാധിപത്യ രൂപത്തിൽ' ഫാസിസം പ്രത്യക്ഷപ്പെടുന്നത് ഏറ്റവും വഞ്ചനാപരമാണ് എന്നും സഖാവ് ഘോഷ് പറഞ്ഞിരുന്നു. ഇന്നത്തെ ലോകത്ത്, അമേരിക്ക, യൂറോപ്പ്, സയണിസ്റ്റ് ഇസ്രായേൽ, ഇന്ത്യ, ബംഗ്ലാദേശ് തുടങ്ങി നിരവധി രാജ്യങ്ങളിൽ തീവ്ര വലതുപക്ഷ ഫാസിസ്റ്റ് ശക്തികൾ അധികാരത്തിൽ വന്നുകൊണ്ടിരിക്കുകയാണെന്ന് പ്രൊഫസർ മുഖർജി ഊന്നിപ്പറഞ്ഞു. ഒരു പ്രകാശരേഖ എന്നത്, ജനകീയ പ്രതിരോധം ശക്തിപ്പെടുന്നു എന്നുള്ളതാണ്. ഉദാഹരണത്തിന്, ഇന്ത്യയിൽ ഒരു വർഷത്തിലേറെയായി നീണ്ടുനിന്ന പോരാട്ടവീര്യമുള്ള സംയുക്ത കർഷക പ്രസ്ഥാനം കർഷക വിരുദ്ധ നിയമങ്ങൾ പിൻവലിക്കാൻ സർക്കാരിനെ നിർബന്ധിതരാക്കുന്നതിൽ വിജയിച്ചു. മുതലാളിത്ത ചൂഷണങ്ങൾ, സാമ്രാജ്യത്വ യുദ്ധതന്ത്രങ്ങൾ, ഫാസിസ്റ്റ് സംസ്കാരം, ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള ഫാസിസ്റ്റ് കടന്നാക്രമണങ്ങൾ എന്നിവയ്ക്കെതിരെ എല്ലാ രാജ്യങ്ങളിലും പോരാട്ടവീര്യമുള്ള ബഹുജന പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതിനായി, കമ്മ്യൂണിസ്റ്റുകൾ കേന്ദ്രസ്ഥാനത്ത്നിന്നുകൊണ്ട്,എല്ലാ സാമ്രാജ്യത്വ വിരുദ്ധ, ഫാസിസ്റ്റ് വിരുദ്ധ ശക്തികളുടെയും വിശാലമായ വേദികൾ കെട്ടിപ്പടുക്കുക എന്നതാണ് കാലഘട്ടത്തിന്റെ ആവശ്യം.

ഓരോ സെഷന് ശേഷവും പ്രതിനിധികളുടെ ഇടയിൽ ഉജ്ജ്വലമായ ചർച്ചകൾ നടന്നു. സമാപനത്തിൽ 20-ഇന പ്രമേയം സമ്മേളനം അംഗീകരിച്ചു. സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളെ അടിസ്ഥാനമാക്കി പ്രൊഫ. മുഖർജിയുടെ പ്രസംഗത്തിൽ ഉന്നയിച്ച മൂന്ന് പ്രധാന വിഷയങ്ങളും പ്രമേയത്തിൽ ഉൾപ്പെടുത്തി എന്നത് സന്തോഷകരമാണ്.

മഹാനായ സ്റ്റാലിന്റെ പങ്കിനെക്കുറിച്ചുള്ള നമ്മുടെ വിശകലനത്തിൽ വലിയ താൽപ്പര്യം പ്രകടിപ്പിക്കപ്പെട്ടു. സഖാവ് ശിബ്ദാസ് ഘോഷിന്റെ 'ക്രൂഷ്ചേവിനുള്ള തുറന്ന കത്ത്' എന്ന ലഘുലേഖയുടെയും സഖാവ് പ്രൊവാഷ് ഘോഷിന്റെ സ്റ്റാലിനെക്കുറിച്ചുള്ള പുസ്തകത്തിന്റെയും ലഭ്യമായ എല്ലാ കോപ്പികളും വിറ്റുതീർന്നു. ■

ഒക്ടോബർ 23 കരിദിനം

ആശാ വർക്കർമാരുടെ ക്ലിഫ് ഹൗസ് മാച്ചിന് നേരെയുണ്ടായ പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് ഒക്ടോബർ 23ന് ആഹ്വാനം ചെയ്ത കരിദിനത്തിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടന്ന പരിപാടികൾ.

ആശമാരുടെ ക്ലിഫ്ഹൗസ് മാർച്ചിനുനേരെ നടന്ന പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് ആലപ്പുഴ ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനുസമീപം നടന്ന പ്രതിഷേധ പരിപാടി മുൻ എം.പി ഡോ.കെ.എസ്.മനോജ് ഉദ്ഘാടനം ചെയ്യുന്നു.

ആലുവ ഗവൺമെന്റ് ആശുപത്രിയുടെ മുമ്പിൽ നടന്ന പ്രതിഷേധ പരിപാടി അൻവർ സാദത്ത് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

ഒക്ടോബർ 23 കരിദിനത്തോടനുബന്ധിച്ച് ചാലക്കുടിയിൽ ആശമാർ നടത്തിയ പ്രതിഷേധ പ്രകടനം

ചങ്ങനാശ്ശേരിയിൽ നടന്ന പ്രതിഷേധ സംഗമത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു.

കോഴിക്കോട് നഗരത്തിൽ നടന്ന പ്രതിഷേധ പരിപാടി ഡോ. ആസാദ് ഉദ്ഘാടനം ചെയ്യുന്നു.

പത്തനംതിട്ടയിൽ നടന്ന പ്രതിഷേധ സംഗമം ജോസഫ് എം. പുതുശ്ശേരി മുൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിനെതിരെ

വൈദ്യുതി ഉപഭോക്താക്കളുടെ ദക്ഷിണേന്ത്യൻ കൺവൻഷൻ

വൈദ്യുതി ഉപഭോക്താക്കളുടെ ദക്ഷിണേന്ത്യൻ കൺവൻഷൻ ബാംഗ്ലൂരിൽ, ഗാന്ധിഭവനിൽ നടന്നു. വൈദ്യുതി ഉപഭോക്താക്കളെ കൊള്ളയടിക്കുന്ന സ്മാർട്ട് മീറ്റർ ഉപേക്ഷിക്കുക, വൈദ്യുതി മേഖലയുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിലേക്ക് നയിക്കുന്ന വൈദ്യുതി ബിൽ 2025 പിൻവലിക്കുക, ടിഒഡി താരിഫ് പിൻവലിക്കുക, കുറഞ്ഞ ചെലവിൽ വൈദ്യുതി ഏവർക്കും ലഭ്യമാക്കുക, വൈദ്യുതി മേഖലയെ പൊതു ഉടമസ്ഥതയിൽ നിലനിർത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ കൺവൻഷൻ പാസ്സാക്കി. അഖിലേന്ത്യാ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷ (എഐഇസിഎ) ന്റെ ആഭിമുഖ്യത്തിൽ നടന്ന കൺവൻഷനിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കേരളം, കർണ്ണാടക, പോണ്ടിച്ചേരി, ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി ഉപഭോക്താക്കൾ പങ്കെടുത്തു. കൺവൻഷൻ എഐഇസിഎ അഖിലേന്ത്യാ പ്രസിഡന്റ് സ്വപൻ ഘോഷ് ഉദ്ഘാടനം ചെയ്തു.

വൈദ്യുതി ഉപഭോക്താക്കളുടെ ദക്ഷിണേന്ത്യൻ കൺവൻഷനിൽ ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ബി.ദിലീപൻ പ്രസംഗിക്കുന്നു.

അഖിലേന്ത്യ ജനറൽ സെക്രട്ടറി കെ.വേണുഗോപാൽ ഭട്ട് അദ്ധ്യക്ഷത വഹിച്ച കൺവൻഷനിൽ എം.ജി.ദേവസഹായം(ഹരിയാന വൈദ്യുതി ബോർഡ് മുൻ ചെയർമാൻ), എസ്.ഗാന്ധി(പ്രസിഡന്റ് തമിഴ്നാട് പവർ എഞ്ചിനിയേഴ്സ് സൊസൈറ്റി), ബി.ദിലീപൻ (വൈസ് പ്രസിഡന്റ്, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി), സമർ സിൻഹ(എഐഇസിഎ അഖിലേന്ത്യാവർക്കിംഗ് പ്രസിഡന്റ്), ശ്രീമതി ദീപ(എഐകെകെ എംഎസ്), അഡ്വ.ഇ.എൻ. ശാന്തിരാജ്, വിവിധ സംസ്ഥാനങ്ങളിലെ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷനെ പ്രതിനിധികരിച്ച് വി.ജ്ഞാനമൂർത്തി (കർണ്ണാടക), കെ.കെ.സുരേന്ദ്രൻ(കേരള), എച്ച്.പി.ശിവകുമാർ(പുതുച്ചേരി), സുബ്ബ റെഡ്ഡി(ആന്ധ്രപ്രദേശ്), എ.അനവരൻ (തമിഴ്നാട്), എന്നിവർ സംസാരിച്ചു.

വൈദ്യുതി ഉപഭോക്താക്കളുടെ ദക്ഷിണേന്ത്യൻ കൺവൻഷൻ സദസ്സ്

വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിനും സ്മാർട്ട് മീറ്റർ പദ്ധതിക്കുമെതിരെ ശക്തമായ ജനകീയ പ്രക്ഷോഭം സംഘടിപ്പിക്കുവാൻ കൺവൻഷൻ തീരുമാനിച്ചു. ■

നെൽകർഷക സംരക്ഷണ സമിതി കളക്ട്രേറ്റ് മാർച്ച് നടത്തി

ഒന്നാംവിളയുടെ നെല്ല് സംഭരണം നയം പ്രഖ്യാപിക്കുക, കൊയ്തനെല്ല് അടിയന്തരമായി സംഭരിക്കുക, കിഴിവ് കൊള്ള അവസാനിപ്പിക്കുക, കൈകാര്യച്ചെലവ് സർക്കാർ ഏറ്റെടുക്കുക, രണ്ടാംവിളക്കുള്ള വിത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക, 2024-25 വർഷത്തെ പുഞ്ചകൃഷിക്ക് ഓരുവെള്ളം/ഉഷ്ണതരംഗംമൂലമുള്ള കൃഷി നാശ നഷ്ട പരിഹാരം ലഭ്യമാക്കുക, NCCF നെല്ല് സംഭരണത്തിൽ സംസ്ഥാന സർക്കാർ പ്രൊഡക്ഷൻ ഇൻസെന്റീവ് നിർബന്ധമായും ലഭ്യമാക്കുക, ഓരുമുട്ടുകൾ ശാസ്ത്രീയമായി സ്ഥാപിക്കുക, തണ്ണീർമുക്കം-തോട്ടപ്പള്ളി ഷട്ടറുകൾ വേലിയേറ്റത്തെ ചെറുക്കത്തക്ക രീതിയിൽ റെഗുലേറ്റ് ചെയ്യുക, തണ്ണീർമുക്കം ഷട്ടർ ഡിസംബർ 15നുതന്നെ അടയ്ക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നെൽകർഷക സംരക്ഷണ സമിതി ആലപ്പുഴ കളക്ടറേറ്റിലേയ്ക്ക് നെൽകർഷകരുടെ മാർച്ച് നടത്തി.

നെൽകർഷക സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ കളക്ട്രേറ്റിലേയ്ക്ക് നടന്ന മാർച്ച്

നെൽകർഷക സംരക്ഷണ സമിതി രക്ഷാധികാരി കൃഷ്ണപ്രസാദ് ഉദ്ഘാടനം ചെയ്തു. വെള്ളക്കിണർ ജംഗ്ഷനിൽ നിന്നും ആരംഭിച്ച റാലി രക്ഷാധികാരി വി.ജെ.ലാലി ഫ്ലാഗ് ഓഫ് ചെയ്തു.

സംസ്ഥാന പ്രസിഡന്റ് റജീന അഷ്റഫ്, സോണിച്ചൻ പുളിങ്കുന്ന്, പി.ആർ.സതീശൻ, ലാലിച്ചൻ പള്ളിവാതുക്കൽ, പി.വേലായുധൻ നായർ, ജോസ് കാവനാട്, റോയി ഊരാംവേലി, ഷാജി മുട്ടാഞ്ഞിലി, സുഭാഷ് പറമ്പശ്ശേരി, കാർത്തികേയൻ കൈനകരി, സുനു പി.ജോർജ്, പി.ശിവൻകുട്ടി, മാത്യു തോമസ്, പി.കെ.വാസുദേവൻ, ജോഷി വർഗീസ്, പി.എസ്.വേണു, സി.തോമസുകുട്ടി, പ്രണീഷ് വള്ളക്കാലി, മാത്യു തോമസ് നെല്ലുവേലി, എബി അലക്സാണ്ടർ, അഷ്റഫ് കാഞ്ഞിരം, പി.ഡി. അജയകുമാർ തകഴി, മുഹമ്മദ് സാലി, മോഹൻ ദാസ്, പി.എസ്. തോമസ്, അനീഷ് തകഴി തുടങ്ങിയവർ പ്രസംഗിച്ചു. നെല്ല് സംഭരണം ആരംഭിച്ചില്ല എങ്കിൽ അതിശക്തമായ സമരപരിപാടികളിലേക്ക് നീങ്ങാൻ സമിതി തീരുമാനമെടുത്തു. ■

ഒക്ടോബർ 23 കരിദിനം

ആശാ വർക്കർമാർ മുഖ്യമന്ത്രിയുടെ വസതിയിലേക്ക് നടത്തിയ മാച്ചിന് നേരെയുണ്ടായ പോലീസ് അതിക്രമത്തിനെതിരെ ആഹ്വാനം ചെയ്ത കരിദിനത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷനും ആശാ സമര സഹായ സമിതിയും സംയുക്തമായി നടത്തിയ പ്രതിഷേധ സമ്മേളനങ്ങൾ.

ആശമാരുടെ ക്ലിഫ്ഹൗസ് മാർച്ചിനുനേരെ നടന്ന പോലീസ് അതിക്രമത്തിനെതിരെ എറണാകുളത്ത് നടന്ന പ്രതിഷേധ സംഗമം പ്രൊഫ. കെ.വി.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.

ഒക്ടോബർ 23 കരിദിനാചരണത്തോടനുബന്ധിച്ച് കായംകുളത്ത് ആശമാർ നടത്തിയ പ്രതിഷേധ പ്രകടനം

പ്രതിഷേധ ദിനാചരണത്തിന്റെ ഭാഗമായി കണ്ണൂർ ടൗണിൽ നടന്ന പ്രതിഷേധയോഗം എഴുത്തുകാരിയും സാമൂഹ്യ പ്രവർത്തകയുമായ എം. സുൽഫത്ത് ഉദ്ഘാടനം ചെയ്യുന്നു.

കരിദിനാചരണത്തോടനുബന്ധിച്ച് വൈക്കത്ത് ആശമാർ നടത്തിയ പ്രതിഷേധ പ്രകടനം.

തൊടുപുഴയിൽ നടന്ന പ്രതിഷേധ സംഗമം യുഡിഎഫ് ജില്ലാ കൺവീനർ എം.ജെ.ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു.

കരിദിനാചരണത്തോടനുബന്ധിച്ച് പാലക്കാട് ആശമാർ നടത്തിയ പ്രതിഷേധ പ്രകടനം.

Volume: 52 No:8 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.